# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/22-24

Vol. 15 / Issue 11
November 2024

"For their sake I consecrate myself , that they also may be consecrated in truth" (John 17:19)

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് 4:8)**

**Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady
Printed at St. Joseph's Offset Press, Mananthavady 670645**

വാല്യം 15 നവംബർ 2024 ലക്കം 11

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


പൗരോഹിത്യ ആദ്ധ്യാത്മികത ..... 05
രൂപതാ കച്ചേരി വാർത്തകൾ ..... 13
ചൂരൽമല മുണ്ടക്കൈ ദുരിതാശ്വാസ പ്രവർത്തന റിപ്പോർട്ട്..... 16
പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് ..... 25
മതബോധനരംഗം ..... 31
ചെറുപുഷ്പ മിഷൻലീഗ് ..... 34
തിരുബാലസഖ്യം ..... 41
Department of Youth Ministry ..... 42
കെ.സി.വൈ.എം ..... 44
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ..... 48
കുടുംബപ്രേഷിതത്വം ..... 51
ബൈബിൾ അപ്പോസ്റ്റലേറ്റ് ..... 60
സീയോൻ വാർത്തകൾ ..... 62
വിൻസെന്റ് ഡി പോൾ സൊസൈറ്റി ..... 63
സാമൂഹ്യ സേവനരംഗം (WSSS) ..... 66
ജീവസ് & കെ.എൽ.എം ..... 75
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി ..... 77
ബയോവിൻ അഗ്രോ റിസർച്ച് ..... 82
റേഡിയോ മാറ്റൊലി ..... 84
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ..... 86
ഫെഡാർ ഫൗണ്ടേഷൻ ..... 94
അറിയിപ്പ് ..... 95
ബിഷപ്സ് പ്രോഗ്രാം ..... 96

# സഹനത്തിലൂടെ സമാശ്വാസം

## (തിരുവചനഭാഗം: 2 കോറിന്തോസ് 1,1-24)

**മല്പാൻ മാത്യു വെള്ളാനിക്കൽ**

ക്രിസ്തീയശുശ്രൂഷ സഹനത്തിന്റെയും സമാശ്വാസത്തിന്റെയും ശുശ്രൂഷയാണെന്ന് വ്യക്തമാക്കിക്കൊണ്ടാണ് കോറിന്തോസുകാർക്കെഴുതിയ രണ്ടാം ലേഖനം പൗലോസ്ശ്ലീഹാ ആരംഭിക്കുന്നത്. ഈ തിരുവചനഭാഗം താഴെക്കാണുംവിധം വിഭജിക്കാം.

1. സമാധാനാശംസ (1,1-2)
2. സഹനവും സമാശ്വാസവും (1,3-7)
3. രക്ഷയിലുള്ള പ്രത്യാശ (1,8-11)
4. ശ്ലൈഹിക ശുശ്രൂഷകരുടെ ആധികാരികത (1,12-22)
5. സന്ദർശനം മാറ്റിവയ്ക്കാനുള്ള കാരണം (1,23-24)

ഈ വചനഭാഗം അജപാലകർക്കു നല്കുന്ന സന്ദേശങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാം.

**1. സമാധാനാശംസ**

*''ദൈവതിരുമനസ്സാൽ ഈശോമിശിഹായുടെ ശ്ലീഹായായ പൗലോസും സഹോദരൻ തിമോത്തേയോസും കോറിന്തോസിലുള്ള ദൈവത്തിന്റെ സഭയ്ക്കും അക്കായിയായിലെങ്ങുമുള്ള വിശുദ്ധർക്കും എഴുതുന്നത്. നമ്മുടെ പിതാവായ ദൈവത്തിൽ നിന്നും കർത്താവായ ഈശോമിശിഹായിൽനിന്നും നിങ്ങൾക്കു കൃപയും സമാധാനവും'' (1,1-2).*

മറ്റു ലേഖനങ്ങളിൽ നിന്നു വ്യത്യസ്തമായി ഇവിടെ കാണുന്ന പ്രത്യേകത പൗലോസ് തനിക്കുതന്നെ കൂടുതൽ വിശേഷണങ്ങൾ നൽകുന്നില്ല എന്നതാണ്. ''ദൈവതിരുമനസ്സിനാൽ ഈശോമിശിഹായുടെ ശ്ലീഹാ'' എന്നത് അദ്ദേഹത്തിന്റെ ആധികാരികതയും ശ്ലൈഹികസ്ഥാനവും എടുത്തു പറയുന്നു. തിമോത്തേയോസിനെയും ലേഖനകർത്താവിനൊപ്പം ചേർക്കുന്നത്, അദ്ദേഹത്തിന് പൗലോസിനോടുള്ള ബന്ധവും അതുവഴി കൈവരുന്ന ആധികാരികതയും കോറിന്തോസുകാരുടെ മേലുള്ള

ന്യായമായ അവകാശങ്ങളും സ്ഥാപിക്കുന്നതാണ്. 'കോറിന്തോസിലെ ദൈവത്തിന്റെ സഭയ്ക്ക്' എന്നത് സഭ ദൈവത്തിന്റെ സ്വന്തമായ, ദൈവത്തോടു പ്രത്യേകമായി ബന്ധം പുലർത്തുന്ന, കൂട്ടായ്മയാണെന്നു സൂചിപ്പിക്കുന്നു.

കോറിന്തോസിലെ സഭയ്ക്ക് പൗലോസ് ആശംസിക്കുന്നത് പിതാവായ ദൈവത്തിൽ നിന്നും കർത്താവായ ഈശോമിശിഹായിൽ നിന്നുമുള്ള കൃപയും സമാധാനവുമാണ്. 'കൃപ' പൗലോസിന്റെ ജീവിതത്തിലെ ഏറ്റവും നിർണ്ണായകമായ ദൈവാനുഭവമാണ്. പുതിയനിയമത്തിൽ നൂറ്റിയൻപത്തിയഞ്ചു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്ന ഈ വാക്കിൽ നൂറും പൗലോസിന്റെ കൃതികളിലാണ്. ദൈവത്തിന്റെ കരുതലും സഹായവുമാണ് കൃപയിൽ ഉൾച്ചേർന്നിരിക്കുന്നത്. മനുഷ്യരക്ഷയ്ക്കായി സ്വന്തം പുത്രനെ ലോകത്തിലേക്കയച്ച ദൈവത്തിന്റെ പദ്ധതിയാണ് ഈ കൃപയുടെ അത്യുദാത്തമായ പ്രകാശനം (റോമ 5,8; 2 കോറി 8,9). ഈ കൃപയുടെ പൂർണ്ണതയാണ് ഇന്നും ദൈവം നമ്മിൽ ചൊരിയുന്ന സ്നേഹവും സംരക്ഷണവും. കൃപയോടൊപ്പം പൗലോസ് ശ്ലീഹാ സമാധാനവും ആശംസിക്കുന്നു. ഹീബ്രുഭാഷയിലെ 'ഷാലോം' എന്ന വാക്കിന്റെ പരിഭാഷയായിട്ടാണ് ഗ്രീക്കു ബൈബിളിൽ ഈ വാക്ക് ഉപയോഗിച്ചിട്ടുള്ളത്. അപരന്റെ നന്മയും സമൃദ്ധിയും സന്തോഷവുമെല്ലാം ഉൾക്കൊള്ളുന്ന ആശംസയാണിത്. മിശിഹായുടെ മരണത്തിലൂടെ മനുഷ്യകുലത്തിനു മുഴുവനും കൈവരുന്ന യഥാർത്ഥമായ ശാന്തിയാണിവിടെ അർത്ഥമാക്കുന്നത്. ഈ കൃപയും സമാധാനവും ഓരോരുത്തരെയും നന്മയിലേക്കും വിശുദ്ധിയിലേക്കും നയിക്കുന്നു എന്നത് വിശ്വാസികളെ അജപാലകർ പഠിപ്പിക്കണം.

**2. സഹനവും സമാശ്വാസവും**

*''നമ്മുടെ കർത്താവായ ഈശോമിശിഹായുടെ ദൈവവും പിതാവും, കരുണയുടെ പിതാവും സകല സമാശ്വാസത്തിന്റെയും ദൈവവുമായവൻ വാഴ്ത്തപ്പെട്ടവനാകട്ടെ! ദൈവം ഞങ്ങൾക്കു നൽകുന്ന സാന്ത്വനത്താൽ ഓരോ തരത്തിലുള്ള വ്യഥകളനുഭവിക്കുന്നവരെ ആശ്വസിപ്പിക്കാൻ ഞങ്ങൾ ശക്തരാകേണ്ടതിനും, ഞങ്ങൾ ദൈവത്തിൽനിന്ന് അനുഭവിക്കുന്ന അതേ ആശ്വാസംതന്നെ അവരും അനുഭവിക്കേണ്ടതിനും അവിടുന്നു*

*ഞങ്ങളെ എല്ലാ ക്ലേശങ്ങളിലും സമാശ്വസിപ്പിക്കുന്നു. മിശിഹായുടെ സഹനങ്ങളിൽ ഞങ്ങൾ സമൃദ്ധമായി പങ്കുചേരുന്നതുപോലെ മിശിഹായിലൂടെ സമാശ്വാസത്തിലും ഞങ്ങൾ സമൃദ്ധമായി പങ്കുചേരുന്നു. ഞങ്ങൾ ക്ലേശങ്ങളനുഭവിക്കുന്നെങ്കിൽ അതു നിങ്ങളുടെ സമാശ്വാസത്തിനും രക്ഷയ്ക്കും വേണ്ടിയാണ്; ഞങ്ങൾക്ക് ആശ്വാസം ലഭിക്കുന്നെങ്കിൽ അതു നിങ്ങളുടെ ആശ്വാസത്തിനുവേിയാണ്, ഞങ്ങൾ സഹിക്കുന്ന പീഡകൾതന്നെ നിങ്ങളും ക്ഷമയോടെ സഹിക്കുന്നതിന് നിങ്ങൾക്കു ശക്തി ലഭിക്കുന്നതിനുവേണ്ടിയാണ്. ഞങ്ങൾക്കു നിങ്ങളിൽ ഉറച്ച പ്രത്യാശയുണ്ട്. ഞങ്ങളുടെ ക്ലേശങ്ങളിൽ നിങ്ങൾ പങ്കുചേരുന്നതുപോലെ ഞങ്ങളുടെ സമാശ്വാസത്തിലും നിങ്ങൾ പങ്കുചേരും എന്നു ഞങ്ങൾക്കറിയാം'' (1,3-7).*

പൗലോസിന്റെ ലേഖനങ്ങളിലെല്ലാം ആമുഖവാക്യങ്ങൾക്കുശേഷം നന്ദിയുടെയും പ്രാർത്ഥനയുടെയും വാക്കുകളാണ്. രണ്ടാം കോറിന്തോസ് ലേഖനവും ഈ ശൈലിയിൽ നിന്നും വിഭിന്നമല്ല. എന്നാൽ ഈ ലേഖനത്തിലെ കൃതജ്ഞതാപ്രകാശനഭാഗം വായനക്കാർക്കു ലഭിച്ച ദൈവകൃപയെ അനുസ്മരിച്ചുകൊണ്ടല്ല എന്നതു ശ്രദ്ധേയമാണ്. കഠിനമായ പീഢകളുടെയും സഹനങ്ങളുടെയും നടുവിൽ താനും സഹപ്രവർത്തകരും അനുഭവിച്ച സമാശ്വാസത്തെക്കുറിച്ചാണ് പൗലോസ് ദൈവത്തിനു നന്ദി പറയുന്നത്. വായനക്കാർ പൗലോസിന്റെ പരാമർശത്തിൽ ഉൾപ്പെടുന്നത് അവർക്കുവേണ്ടിയാണ് ശ്ലീഹാ ഈ പീഢകൾ സഹിക്കുന്നത് എന്നതിൽ മാത്രമാണ്. തന്റെ സഹനങ്ങളിൽ അവർ പങ്കുചേരുന്നതുപോലെ തന്റെ സമാശ്വാസത്തിലും അവർ പങ്കുചേരുവാൻ ഇടയാകട്ടെയെന്ന് ശ്ലീഹാ ആശിക്കുകയും ചെയ്യുന്നു.

രണ്ടുകാര്യങ്ങൾ ഈ ഭാഗത്ത് പ്രത്യേകം ശ്രദ്ധിക്കേതുണ്ട്. ഒന്ന്, ഈ വാക്യങ്ങൾ പഴയനിയമത്തിലെ അനുഗ്രഹപ്രാർത്ഥനയോട് ഏറെ സാമ്യം പുലർത്തുന്നു (സങ്കീ. 105,106). യഹൂദരുടെ പ്രാർത്ഥനയായ സ്തുതിപ്പുകൾക്ക് സമാന്തരമാണിത്. അതേസമയം ഇവിടെ ദൈവത്തെ വിശേഷിപ്പിച്ചിരിക്കുന്നത് കർത്താവായ ഈശോമിശിഹായുടെ പിതാവ് എന്നാണ്. ഇത് ദൈവത്തെ ക്രിസ്തീയ വീക്ഷണങ്ങളിലാണ് കാണുന്നത്

എന്നു സൂചിപ്പിക്കുന്നു. മിശിഹായെ ലോകത്തിലേക്കയച്ച്, അവൻ വഴി സ്വയം വെളിപ്പെടുത്തുന്ന ദൈവത്തെയാണ് പൗലോസ്ശ്ലീഹാ ഇവിടെ അവതരിപ്പിക്കുന്നത്. 'സമാശ്വാസം' എന്ന വാക്ക് പത്തുപ്രാവശ്യം ഈ വാക്യങ്ങളിൽ പ്രത്യക്ഷപ്പെടുന്നു എന്നതു ശ്രദ്ധേയമാണ്. മിശിഹായിലൂടെ സാദ്ധ്യമായിത്തീർന്ന രക്ഷയുടെ അനുഭവമാണ് ദൈവത്തിന്റെ കരുണയിലൂടെ ലോകത്തിനു നല്കപ്പെട്ടിരിക്കുന്നത്. ദൈവത്തിന്റെ കരുണയും അവിടുന്നു നൽകുന്ന സമാശ്വാസവും ശ്ലീഹായുടെ ജീവിതത്തിലെ ഏറ്റവും നിർണ്ണായക ശക്തികളാണ്. ക്രിസ്തീയ ജീവിതത്തിലെ സഹനങ്ങളും പീഢകളും വലിയ സമാശ്വാസത്തിനുള്ള കാത്തിരിപ്പിനാണ് എല്ലാവരെയും ക്ഷണിക്കുന്നതെന്ന് അജപാലകർ അജഗണങ്ങളെ ഉദ്ബോധിപ്പിക്കണം.

**3. രക്ഷയിലുള്ള പ്രത്യാശ (1,8-11)**

*''സഹോദരരേ, ഏഷ്യയിൽ ഞങ്ങൾ അനുഭവിച്ച ക്ലേശങ്ങളെപ്പറ്റി നിങ്ങൾ അറിഞ്ഞിരിക്കണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. മരണഭയം ഉണ്ടാകത്തക്കവിധം അത്രമാത്രം കഠിനമായും ദുസ്സഹമായും ഞങ്ങൾ പീഡിപ്പിക്കപ്പെട്ടു. മാത്രമല്ല, ഞങ്ങൾ മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടിരിക്കുന്നെന്നു ഞങ്ങൾക്കു തോന്നി. എന്നാൽ, ഇത് ഞങ്ങൾ ഞങ്ങളിൽതന്നെ ആശ്രയിക്കാതെ, മരിച്ചവരെ ഉയിർപ്പിക്കുന്ന ദൈവത്തിൽ ആശ്രയിക്കുന്നതിനുവേണ്ടിയായിരുന്നു. അത്ര ഗൗരവമേറിയ ഒരു വിപത്തിൽനിന്നു ദൈവം ഞങ്ങളെ രക്ഷിച്ചു; തുടർന്നും രക്ഷിക്കും; രക്ഷിക്കുമെന്ന് ഞങ്ങൾ അവനിൽ പ്രത്യാശിക്കുകയും ചെയ്യുന്നു. ഞങ്ങൾക്കുവേണ്ടിയുള്ള പ്രാർത്ഥനകൾവഴി നിങ്ങൾ ഞങ്ങളെ സഹായിക്കണം. അങ്ങനെ, അനേകരുടെ പ്രാർത്ഥനയുടെ ഫലമായി ഞങ്ങൾക്കു ലഭിച്ച അനുഗ്രഹത്തിന് അനേകമാളുകൾ ഞങ്ങളെപ്രതി സ്തോത്രമർപ്പിക്കാൻ ഇടയാകട്ടെ'' (1,8-11).*

സഹനങ്ങളെയും സമാശ്വാസത്തെയുംക്കുറിച്ച് പൊതുവായി പരാമർശിച്ചശേഷം വ്യക്തിപരമായ ചില കാര്യങ്ങൾക്കൂടി ശ്ലീഹാ ഇവിടെ പരാമർശിക്കുന്നു. ഏഷ്യയിലെ സുവിശേഷ പ്രഘോഷണത്തിൽ തങ്ങൾ അനുഭവിച്ചതും ഇപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കുന്നതുമായ പീഢകളെക്കുറിച്ചുള്ള സൂചനകളാ

ണിവിടെ. എഫേസോസിലെ പീഢകളും ജയിൽ വാസവുമെല്ലാം പൗലോസിന്റെ പരാമർശത്തിൽ കണ്ടെത്താം. തങ്ങളുടെ പീഢകളിലല്ല പൗലോസ് ഊന്നൽ കൊടുക്കുന്നത്. എന്തുകൊണ്ട് ദൈവം ഇവയെല്ലാം അനുവദിച്ചു എന്നതിലാണ് പൗലോസ് ഇവയുടെ അർത്ഥം കണ്ടെത്തുന്നത്. ഇത്, അവർ, അവരിൽത്തന്നെ ആശ്രയിക്കാതെ, മരിച്ചവരെ ഉയിർപ്പിക്കുന്ന ദൈവത്തിൽ ആശ്രയിക്കുന്നതിനുവേണ്ടിയായിരുന്നു.

നന്ദിയുടെയും പ്രാർത്ഥനയുടെയും ഈ ഭാഗം അവസാനിക്കുന്നത് കോറിന്തോസുകാരുടെ പ്രാർത്ഥന യാചിച്ചുകൊണ്ടാണ് (1,11). മദ്ധ്യസ്ഥ പ്രാർത്ഥനയുടെ ഫലദായകത്വത്തെ സംബന്ധിച്ച് പൗലോസിനു ബോദ്ധ്യമുണ്ടായിരുന്നു. അക്കാരണത്താൽ തന്റെ മിക്ക ലേഖനങ്ങളിലും പൗലോസ്ശ്ലീഹാ പ്രാർത്ഥന യാചിക്കുന്നുണ്ട്. കോറിന്തോസുകാരോടു പ്രാർത്ഥന യാചിക്കുന്ന ശ്ലീഹാ ഇതുവഴി തനിക്ക് പീഢകളിൽ നിന്നു മുക്തി കിട്ടുവാൻ മാത്രമല്ല അപ്രകാരം ചെയ്യുന്നത്. മറ്റുള്ളവരുടെ പ്രാർത്ഥന ദൈവപരിപാലനയ്ക്ക് നന്ദിപ്രകാശനമായ സ്തുതിഗീതങ്ങളാകണം എന്നതാണ് പൗലോസിന്റെ ആഗ്രഹം. പ്രാർത്ഥനയിൽ സ്തുതിയും കൃതജ്ഞതയും യാചനയും മദ്ധ്യസ്ഥ പ്രാർത്ഥനയും സമന്വയിപ്പിക്കാൻ അജപാലകർ അജഗണങ്ങളെ പരിശീലിപ്പിക്കണം.

**4. ശ്ലൈഹിക ശുശ്രൂഷകരുടെ ആധികാരികത (1,12–18)**

*''ഞങ്ങൾ ലോകത്തിൽ, പ്രത്യേകിച്ചു നിങ്ങളുടെയിടയിൽ, വിശുദ്ധിയോടും പരമാർത്ഥതയോടുംകൂടെ വ്യാപരിച്ചു എന്ന മനസ്സാക്ഷിയാണ് ഞങ്ങളുടെ അഭിമാനം. അതു ഭൗതിക ജ്ഞാനത്താലല്ല, ദൈവകൃപയാലാണു സാധിച്ചത്. നിങ്ങൾക്കു വായിക്കാനും മനസ്സിലാക്കാനും സാധിക്കുന്നതൊഴിച്ചു മറ്റൊന്നും ഞങ്ങൾ എഴുതുന്നില്ല. ഇപ്പോൾ നിങ്ങൾ ഞങ്ങളെ ഭാഗികമായി മനസ്സിലാക്കുന്നതുപോലെ, നമ്മുടെ കർത്താവായ ഈശോയുടെ ദിനത്തിൽ നിങ്ങൾ ഞങ്ങളുടെ അഭിമാനവും ഞങ്ങൾ നിങ്ങളുടെ അഭിമാനവുമാണെന്നു നിങ്ങൾ സമ്പൂർണമായും ഗ്രഹിക്കുമെന്നു ഞാൻ പ്രത്യാശിക്കുന്നു. ഈ വിശ്വാസത്തോടെയാണ്, നിങ്ങൾക്കുവീണ്ടും കൃപ ലഭിക്കേണ്ടതിന് നിങ്ങളുടെ അടുത്തുവരാമെന്നു ഞാൻ നേരത്തെ നിശ്ചയിച്ചത്. മക്കെദോനിയായ്ക്കു പോകുന്നവഴി നിങ്ങളെ സന്ദർശിക്കണമെന്നും, അവിടെനിന്നു*

*നിങ്ങളുടെ അടുത്തു തിരിച്ചെത്തണമെന്നും അവിടെനിന്ന് നിങ്ങൾ എന്നെ യൂദയായിലേക്കു യാത്രയയയ്ക്കണമെന്നും ആയിരുന്നു എന്റെ ആഗ്രഹം. എന്റെ ഈ തീരുമാനത്തിൽ ഞാൻ ഉറപ്പില്ലാത്തവനായിരുന്നുവോ? ഒരേ സമയം അതേ എന്നും അല്ല എന്നും പറയാൻ മുതിരുന്ന ലൗകിക മനുഷ്യനെപ്പോലെയാണോ ഞാൻ പദ്ധതികൾ തയ്യാറാക്കുന്നത്? നിങ്ങളോടുള്ള ഞങ്ങളുടെ വാക്കുകൾ ഒരേ സമയം അതേ എന്നും അല്ല എന്നും ആയിരുന്നില്ല എന്നതിനു വിശ്വസ്തനായ ദൈവം സാക്ഷിയാണ്' (1,12-18).*

പൗലോസ്ശ്ലീഹാ കോറിന്തോസുകാരെ സന്ദർശിക്കുന്നതു സംബന്ധിച്ച് മുൻകൂട്ടിപ്പറഞ്ഞ വാക്കുകൾ പാലിച്ചില്ല എന്ന ആരോപണം കോറിന്തോസുകാരുടെ ഭാഗത്തുനിന്നുയർന്നു. ഇതു പൗലോസിന്റെ ആത്മാർത്ഥതയ്ക്കുനേരെയുള്ള ചോദ്യ ചിഹ്നമായി ശത്രുക്കൾ ഉയർത്തിക്കാണിച്ചു. ഈ പശ്ചാത്തലത്തിലാണ് താൻ എന്തുകൊണ്ടാണ് അവരെ സന്ദർശിക്കാതിരുന്നത് എന്ന് അദ്ദേഹം വിശദീകരിക്കുന്നത്. താൻ കോറിന്തോസുകാരെ സന്ദർശിക്കുമെന്ന് ആദ്യലേഖനത്തിൽ എഴുതിയിരുന്നു (1 കോറി 16,5). എന്നാൽ സഭയിൽ സംജാതമായ പ്രത്യേക സാഹചര്യത്തിൽ ഈ യാത്രാപദ്ധതിയിൽ മാറ്റം വരുത്തേണ്ടതായി വന്നു. ഈ മാറ്റം തന്റെ സ്വന്തം ഇഷ്ടപ്രകാരമായിരുന്നില്ലെന്നും ദൈവഹിതപ്രകാരമായിരുന്നെന്നും കോറിന്തോസുകാരുടെ നന്മയാണ് ഇതിനടിസ്ഥാനമെന്നും ശ്ലീഹാ വ്യക്തമാക്കുന്നു.

കോറിന്തോസുകാരുടെമേൽ ഏകപക്ഷീയമായി ആധിപത്യം പുലർത്തുവാനല്ല പൗലോസ് ലക്ഷ്യമിടുന്നത്. ചില കോറിന്തോസുകാർ അപ്രകാരം ചിന്തിക്കുകയും അത്തരത്തിൽ സംസാരിക്കുകയും ചെയ്തിരിക്കാം. സഭയിലെ ശുശ്രൂഷകൾ ദൈവജനത്തെ ശുശ്രൂഷിക്കുവാനാണ്; അവരുടെമേൽ ആധിപത്യം പുലർത്തി അവരെ ഭരിക്കുക എന്നതല്ല സഭാശുശ്രൂഷകരുടെ ധർമ്മം. എന്നാൽ സഭയുടെ നേതൃത്വം നല്കപ്പെട്ടിരിക്കുന്ന വ്യക്തി എന്ന നിലയിൽ ശുശ്രൂഷകൻ ജനങ്ങളുടെ ഇഷ്ടപ്രകാരം മാത്രം പ്രവർത്തിക്കുന്നവനല്ല. തന്നെ നിയോഗിച്ചവന്റെ ഹിതം അനുവർത്തിക്കുകയാണ് അയാളുടെ കടമ. ശ്ലീഹന്മാരെ അഭിഷേകം ചെയ്യുകയും തന്റെ ശുശ്രൂഷയ്ക്കായി നിശ്ചയിച്ചു

സ്ഥാപിക്കുകയും ചെയ്ത പരിശുദ്ധാത്മാവിന്റെ മുദ്ര അവരുടെ സുവിശേഷ പ്രഘോഷണത്തിന്റെ ആധികാരികതയ്ക്ക് അടിസ്ഥാനമായി നിലകൊള്ളുന്നു. അത്ര വലിയ കാര്യം ആധികാരികമാണെങ്കിൽ, തീർത്തും നിസ്സാരമായ യാത്രാപദ്ധതിയെ സംബന്ധിച്ച വാക്കുകളും ആധികാരികവും ദൈവനിശ്ചയ പ്രകാരമുള്ളതും, അതിനാൽ തന്നെ സഭാസമൂഹം വിശ്വാസത്തിലെടുക്കേണ്ടതുമാണ്. ശ്ലൈഹികശുശ്രൂഷകരുടെ ആധികാരികതയെപ്പറ്റിയുള്ള ശരിയായ അവബോധം ജനങ്ങൾക്കു നൽകുവാൻ അജപാലകർ ശ്രദ്ധിക്കണം.

**5. സന്ദർശനം മാറ്റിവയ്ക്കാനുള്ള കാരണം (1,23-24)**

*''നിങ്ങളുടെ ഗുണത്തിനുവേണ്ടിയാണ് ഞാൻ കോറിന്തോസിലേക്കു വരാതിരുന്നത്. ഇതിന് എന്റെ ജീവനെച്ചൊല്ലി ദൈവത്തെ ഞാൻ സാക്ഷിയാക്കുന്നു. നിങ്ങളുടെ വിശ്വാസത്തിന്മേൽ ഞങ്ങൾ ആധിപത്യം പുലർത്തുന്നില്ല. നിങ്ങൾ വിശ്വാസസ്ഥിരതയുള്ളവരായതുകൊണ്ടു നിങ്ങളുടെ സന്തോഷത്തിനുവേണ്ടി ഞങ്ങൾ നിങ്ങളോടൊത്തു ജോലിചെയ്യുന്നു'' (1,23-24).*

താൻ തന്റെ യാത്രാ പദ്ധതികൾ മാറ്റിവച്ചതിന്റെ കാരണം തുടർന്നു ശ്ലീഹാ വ്യക്തമാക്കുന്നു. ദൈവത്തെ സാക്ഷിയാക്കിക്കൊണ്ട് തന്റെ ഉദ്ദേശശുദ്ധിയെ പൗലോസ്ശ്ലീഹാ എടുത്തുകാണിക്കുന്നു. കോറിന്തോസുകാരുടെ നന്മയെക്കരുതിയാണ് താൻ വീണ്ടും ഒരു സന്ദർശനം വേണ്ട എന്നു വച്ചത് എന്നദ്ദേഹം പറയുന്നുണ്ട്. എന്തായിരുന്നു ആ നന്മയെന്നു വ്യക്തമല്ല. എന്നാൽ ലേഖനത്തിന്റെ അവസാനഭാഗം (13,1-14,10) നല്കുന്ന സൂചനകൾ അനുസരിച്ച് കോറിന്തോസിലെ ചിലരുടെമേൽ ചില ശിക്ഷകൾ നടപ്പിലാക്കുന്നതാണ് പൗലോസ്ശ്ലീഹാ ഉദ്ദേശിക്കുന്നത് എന്നു മനസ്സിലാക്കാം. താൻ വീണ്ടും വരുന്നപക്ഷം ആദ്യസന്ദർശനത്തോടനുബന്ധിച്ച് തെറ്റായി പെരുമാറിയ ചിലരെ ശിക്ഷിക്കാൻ നിർബന്ധിതനായിത്തീരും. അത്തരം ഒരു സാഹചര്യം ഒഴിവാക്കാനാണ് ആ യാത്ര വേണ്ടെന്നുവച്ചത്. ''നിങ്ങളുടെ വിശ്വാസത്തിന്മേൽ ഞങ്ങൾ ആധിപത്യം പുലർത്തുന്നില്ല. നിങ്ങൾ വിശ്വാസസ്ഥിരതയുള്ളവരായതുകൊണ്ട്, നിങ്ങളുടെ സന്തോഷത്തിനുവേണ്ടി ഞങ്ങൾ നിങ്ങളോടൊത്തു ജോലി ചെയ്യുന്നു''

(1,24) എന്ന പ്രസ്താവനയിൽ ഈ സൂചനയുണ്ട്. സഭാസമൂഹം അടിസ്ഥാനപരമായി വിശ്വാസികളുടെ സമൂഹമാണ്. മാമോദീസയിലൂടെ ഒരാൾ സഭയുടെ വിശ്വാസത്തിലേക്കു പ്രവേശിക്കുകയാണ്. വിശ്വാസികളുടെ സമൂഹമായി സഭയെ പടുത്തുയർത്തുക എന്നതാണ് അജപാലന ശുശ്രൂഷയുടെ പ്രഥമലക്ഷ്യം. അപ്രകാരം സഭാസമൂഹത്തെ വിശ്വാസം, സ്നേഹം, പ്രത്യാശ എന്നീ ദൈവികപുണ്യങ്ങളിൽ വളർത്തുവാൻ തക്കവിധം അജപാലന ശുശ്രൂഷ നിർവഹിക്കുവാൻ അജപാലകർ ശ്രദ്ധിക്കണം.

**ജീവിതസൂചിക**

1. തന്റെ രക്ഷാകര പ്രവർത്തനത്തിലൂടെ മിശിഹാ നൽകുന്ന കൃപയും സമാധാനവും വിശുദ്ധിയിൽ വളരുന്നതിനു വേണ്ടിയാണെന്ന് ഞാൻ ജനങ്ങളെ പഠിപ്പിക്കുന്നുണ്ടോ?

2. ക്രിസ്തീയ ജീവിതത്തിലെ സഹനങ്ങളും പീഡനങ്ങളും സമാധാനത്തിനുള്ള കാത്തിരിപ്പിനായി നമ്മെ ക്ഷണിക്കുന്നുവെന്ന് ഞാൻ ജനങ്ങളെ ഉദ്ബോധിപ്പിക്കുന്നുണ്ടോ?

3. പ്രാർത്ഥനയിൽ സ്തുതിയും കൃതജ്ഞതയും യാചനയും മാദ്ധ്യസ്ഥപ്രാർത്ഥനയും സമന്വയിപ്പിക്കുവാൻ ഞാൻ ജനങ്ങളെ പരിശീലിപ്പിക്കുന്നുണ്ടോ?

4. സഭാശുശ്രൂഷകരുടെ ആധികാരികതയെക്കുറിച്ച് ഞാൻ ജനങ്ങളെ പഠിപ്പിക്കുന്നുണ്ടോ?

5. വിശ്വാസികളെ ദൈവികപുണ്യങ്ങളിൽ വളർത്തുവാൻ തക്കവിധമാണോ ഞാൻ അജപാലന ശുശ്രൂഷ നിർവ്വഹിക്കുന്നത്?

**സ്നേഹസ്മരണ**

നവംബർ 3-ാം തീയതി ബഹു. തോമസ് മൂലക്കുന്നേൽ അച്ചന്റേയും നവംബർ 12-ാം തീയതി ബഹു. ജോസഫ് ചൂരക്കാമറ്റം അച്ചന്റേയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഇവരെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം സ്മരിക്കാം.

**വൈദിക സമ്മേളനം (Priests' Conference)**

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു സമ്മേളനം (Priests' Conference) 2024 നവംബർ 11 തിങ്കളാഴ്ച രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ ദ്വാരക കോർപ്പറേറ്റ് ഓഡിറ്റോറിയത്തിൽ ചേരുന്നതാണ്. ഏതെങ്കിലും കാരണവശാൽ ക്ഷണക്കത്ത് ലഭിക്കാതെ വന്നാൽ ഇത് അറിയിപ്പായി സ്വീകരിച്ച് വൈദികസമ്മേളനത്തിൽ സംബന്ധിക്കണമെന്ന് അറിയിക്കുന്നു.

**മാർ അലക്സ് താരാമംഗലം**
സഹായമെത്രാൻ

## അറിയിപ്പ്

മാനന്തവാടി രൂപതാംഗങ്ങളായിരുന്ന ബഹു. ഫാ. ജോസ് വാഴക്കാലായിൽ, ബഹു. ഫാ. ഫിലിപ്പ് (ജിനോ) മേക്കാട്ട് എന്നിവർ മെസഞ്ചേഴ്സ് ഓഫ് പീസ് ആൻഡ് ഹാർമണി (MPH) എന്ന സന്യാസ സഭയിൽ ചേർന്ന് പൗരോഹിത്യ ശുശ്രൂഷ നിർവ്വഹിക്കുവാൻ തീരുമാനമെടുത്തിരിക്കുന്നതായി അഭിവന്ദ്യ പിതാവിനെ അറിയിക്കുകയും തുടർന്ന് ഇവരുടെ തീരുമാനത്തെ പിതാവ് അംഗീകരിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ ബഹു. വൈദികർക്ക് മാനന്തവാടി രൂപതയുടെ അംഗങ്ങളെന്ന നിലയിലുള്ള യാതൊരുവിധ അവകാശങ്ങളും 2024 സെപ്റ്റംബർ 25 മുതൽ ഉണ്ടായിരിക്കുകയില്ല എന്നറിയിക്കുന്നു.

**ചാൻസലർ**

## Excardination from the diocese of Mananthavady

**Prot. No. 29640/2024**

### Indult of Excardination

After due consultation and mature consideration, the request of Rev Fr Jose Vazhakalayil, who had been a member of the eparchial clergy of the Syro-Malabar eparchy of Mananthavady, for excardination from the said eparchy and to get incardinated in the Latin rite diocese of Krishnagar in the state of West Bengal via his ascription in the Community of the Messengers of Peace and Harmony, is hereby accepted and is declared to be excardinated from the eparchy of Mananthavady and incardinated in the diocese of Krishnagar permanently and definitively as he has fulfilled the conditions for excardination in conformity with 359 of the Code of Canons of the Eastern Churches (CCEO), and 267 ## 1-2 of the Code of Canon Law (CIC). Fr Vazhakalayil is further reminded that with this provision he has lost permanently and definitively all his rights, privileges, and responsibilities as a clerical member of the eparchy of Mananthavady, while the general canonical norms concerning clerics in an Eastern Catholic Church as well as in the Particular Law of the Syro-Malabar Church and the Eparchial Statutes of Mananthavady and the directives of the bishop of the eparchy of Mananthavady in that regard remain intact concerning his presence and priestly ministry in the eparchy of Mananthavady. This indult becomes effective from the date of its issue.

All contrary dispositions notwithstanding.

Issued from the office of the bishop of the eparchy of Mananthavady on the twenty fifth day of the month of September of the year two thousand and twenty four.

Fr Anoop Kaliyaniyil
Chancellor

Bishop Jose Porunnedom
Bishop of the eparchy of Mananthavady

**Prot. No. 29643/2024**

## Decree of Excardination

Taking into consideration the request and canonical acts of His Excellency Rt. Rev. Bishop Nirmol Vincent Gomes SDB, the bishop of the Latin rite diocese of Krishnagar, by which he has accepted the request of Rev Fr Philip alias Jino George Mekkatt, who was a member of the eparchial clergy of the Syro-Malabar eparchy of Mananthavady, for ascription and incardination in the diocese of Krishnagar and the de facto and de iure granting of the right to exercise his priestly faculties in the diocese of Krishnagar, it is hereby decreed and declared that the said Fr Philip alias Jino George Mekatt is ipso facto excardinated from the eparchy of Mananthavady and got incardinated in the Latin rite diocese of Krishnagar, in conformity with canon 359 of the Code of Canons of the Eastern Church (CCEO) and canon 267, ## 1-2 of the Code of Canon Law (CIC) with retrospective effect, permanently and definitively with all the ensuing loss of rights and privileges mentioned in the canons of the Code of Canons of the Eastern Churches (CCEO), the Particular Law of the Syro-Malabar Church and the Eparchial Statutes of the eparchy of Mananthavady concerning clerical members of an eparchy in an Eastern Catholic Church without, however, prejudice to the special dispositions issued concerning his presence and ministry in the eparchy of Mananthavady.

All contrary dispositions notwithstanding.

Issued from the office of the bishop of the eparchy of Mananthavady on the twenty fifth day of the month of September of the year two thousand and twenty four.

Bishop Jose Porunnedom
Bishop of the eparchy of Mananthavady

Fr Anoop Kaliyaniyil
Chancellor

# ചൂരൽമല- മുണ്ടക്കൈ ദുരിതാശ്വാസ പ്രവർത്തന റിപ്പോർട്ട്

ചൂരൽമല മുണ്ടക്കൈ ദുരിതാശ്വാസ നിധിയിലേക്ക് മാനന്തവാടി രൂപതയിലെ 150 ഇടവകകളിൽ നിന്നുമായി 1,56,41,971 രൂപയും മറ്റു രൂപതയിലെ 16 ഇടവകകളിൽ നിന്നുമായി 2,75,5000 രൂപയും മറ്റ് രൂപതകളിൽ നിന്നുമായി 9,79,500 രൂപയും മറ്റ് സ്ഥാപനങ്ങളിൽ നിന്നുമായി 75,02,325.84 രൂപയും മറ്റ് വ്യക്തികളിൽ നിന്നുമായി 43,62,967.31 രൂപയും ലഭിച്ചു. അങ്ങനെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ അക്കൗണ്ടിൽ നാളിതുവരെ 3,12,41,764.15 രൂപ ലഭിച്ചു. ഇടവകകളിൽ നിന്നും ദുരിതാശ്വാസ നിധിയിലേക്ക് തുക സമാഹരിക്കാൻ സഹകരിച്ച എല്ലാ വികാരിയച്ചൻമാർക്കും സന്യാസഭവനങ്ങളിൽ നിന്നും തുകകൾ നൽകിയ ബഹുമാനപ്പെട്ട സന്യസ്ത സഹോദരങ്ങൾക്കും, വിവിധ സംഘടനകൾക്കും വ്യക്തിഗത സംഭാവനകൾ നൽകിയ എല്ലാവർക്കും വിവിധ രൂപതകളിൽ നിന്നും സംഭാവനകൾ നൽകിയ രൂപതാ നേതൃത്വത്തിനും മറ്റു രൂപതകളിലെ ഇടവകകളിൽ നിന്നും സംഭാവനകൾ നൽകിയ എല്ലാ ഇടവക ജനത്തിനും നേതൃത്വം നൽകിയ പ്രിയപ്പെട്ട അച്ചൻമാർക്കും സ്നേഹാദരങ്ങളോടെ നന്ദിയർപ്പിക്കുന്നു.

ഇംഗ്ലണ്ടിലെ ലിറ്റിൽവേ അസോസിയേഷന്റെ സഹായത്തോടെ 400 കുടുംബങ്ങൾക്ക് 5,26,000 രൂപയുടെ കിറ്റ് നൽകി. കാത്തലിക് റിലീഫ് സർവ്വീസസ് സൊസൈറ്റിയുടെ ഇന്ത്യയിലെ ഓഫീസുമായി സഹകരിച്ച് 300 കുടുംബങ്ങൾക്ക് 50 ലക്ഷം രൂപയുടെ വരുമാന വർദ്ധക പരിപാടികൾ നടത്തി വരുന്നു. വിവിധഏജൻസികളുമായി സഹകരിച്ച് 6 ലക്ഷം രൂപയോളം വിലവരുന്ന അവശ്യവസ്തുക്കൾ ഉരുൾപ്പൊട്ടൽ പ്രദേശത്ത് വിതരണം ചെയ്തു. കൂടാതെ 50 കൗൺസിലേഴ്സിനെ (ഇവരിൽ ഭൂരിഭാഗവും സിസ്റ്റേഴ്സാണ്) ഉൾപ്പെടുത്തി കൗൺസിലിംഗ് നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു വരുന്നു. ഇതിനായി 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പുനരധിവാസത്തിനായി ഇതിനോടകം മേപ്പാടിക്കടുത്ത് 2.5 ഏക്കർ സ്ഥലം രൂപത കണ്ടെത്തിയിട്ടുണ്ട്. സ്ഥലത്തിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി ഭവന നിർമ്മാണം ഉടനെ ആരംഭിക്കുന്നതാണ്.

മാനന്തവാടി രൂപതയിലെ വിവിധ ഇടവകളിൽ നിന്നും ലഭിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

**DWARAKA FORANE**

| No. | NAME OF PARISH | AMOUNT |
|---|---|---|
| 1 | Good Shepherd Church, Chulliana | 50000 |
| 2 | St. Sebastian's Church, Kommayad | 70000 |
| 3 | St. Alphonsa Forane Church, Dwaraka | 163060 |
| 4 | St. Sebastian's Church, Mangalassery | 26950 |
| 5 | St. Mary's Church, Karakkamala | 183500 |
| 6 | Holy Face Church, Mothakkara | 32475 |
| 7 | St. Sebastian's Church, Thonichal | 20000 |
| 8 | St. Thomas Church, Ozhukkanmoola | 104650 |
| 9 | St. Sebastian's Church, Vilambukandam | 149890 |
| | **TOTAL** | **800525** |

**KALLODY FORANE**

| No. | NAME OF PARISH | AMOUNT |
|---|---|---|
| 1 | St. Thomas Church, Deepthigiri | 30000 |
| 2 | St. Jude's Church, Jude's Mount | |
| 3 | St. George Forane Church, Kallody | 600000 |
| 4 | St. Sebastian's Church., Karimbil | 47000 |
| 5 | St. Antony's Church, Kunjhome | 40700 |
| 6 | St. Jude's Church, Makkiyad | |
| 7 | St. Elias Church, Niravilpuzha | 10000 |
| 8 | St. Mary's Church, Puthussery | 21616 |
| 9 | St. ChavaraKuriakose Elias Church, Puthiyidamkunnu | 100000 |
| 10 | St. Joseph's Church, Vanjode | 95000 |
| 11 | St. Alphonsa Church, Valery | 65000 |
| 12 | St. George Church Ellumannam | 35000 |
| | **TOTAL** | **1044316** |

## CHUNGAKUNNU FORANE

| No. | NAME OF PARISH | AMOUNT |
|---|---|---|
| 1 | St. Joseph's Church, Adakkathode | 279505 |
| 2 | St. George Church, Ambayathode | 100102 |
| 3 | FathimaMathaForane Church, chungakunnu | 1172790 |
| 4 | St. Joseph's Church Kelakam | 140000 |
| 5 | St. Sebastian's Church, Kottiyoor | 157080 |
| 6 | St. Jude's Church, Nelliyodi | 30000 |
| 7 | St. ChavaraKuriakose Elias Church, Palchuram | |
| 8 | St. Sebastian's Church, Santhigiri | 25000 |
| 9 | Providence's Church, Velloonny | 261650 |
| 10 | St. Alphonsa Church Ottaplave | 37500 |
| | **TOTAL** | **2203627** |

## KALPETTA FORANE

| No. | NAME OF PARISH | AMOUNT |
|---|---|---|
| 1 | St. George Church, Charity | 61000 |
| 2 | St. Sebastian's Church, Chooralmala | |
| 3 | St. Sebastian's Church, Edappetty | 81750 |
| 4 | St. Vincent De Paul Forane Church, Kalpetta | 600000 |
| 5 | St. George's Church, Kolavayal | 35000 |
| 6 | Rev. Priest in Charge, Redemptorist Fathers Kunnambetta | 15000 |
| 7 | St. Moses Church, Lakkidi | 25000 |
| 8 | St. Mary's Church, Nedumpala | 47870 |
| 9 | St. Thomas Church, Olivumala | 15000 |
| 10 | St. Mary's Church Puzhamudi | 54330 |
| 11 | St. Joseph's Church, Rippon | 27200 |

| | | |
|---|---|---|
| 12 | FathimaMatha Church, Theneri | 168500 |
| 13 | St. John Paul II Church, Thrikkaipetta | 47000 |
| 14 | St. Sebastian's Church, Vazhavatta | 211930 |
| 15 | St. Mary's Church, Vythiri | 93500 |
| 16 | St. Mary's Church, Kalathuvayal | |
| | **TOTAL** | **1483080** |

**MANANTHAVADY FORANE**

| No. | NAME OF PARISH | AMOUNT |
|---|---|---|
| 1 | St. Mary's Church, Alattil | 30100 |
| 2 | Holy Family Church Boys Town, | 13300 |
| 3 | St. Sebastian's Church, Elapeedika | 17530 |
| 4 | Infant Jesus Church, Karimani | 40450 |
| 5 | St. Xavier Church, Kuttimoola | 61800 |
| 6 | St. Joseph's Cathedral Church, Kaniyaram | 173550 |
| 7 | Sts. Peter & Paul Church, (Town Church) | 230000 |
| 8 | Little Flower Church, Muthireri | 74175 |
| 9 | St. Mary's Church, Parathottam | 20792 |
| 10 | St. Mary's Church, Peria | 31000 |
| 11 | St. Sebastian Church, Poroor | 63900 |
| 12 | St Joseph's Church, Prasanthagiri | 45000 |
| 13 | Little Flower Church, Puthiyidom | 5540 |
| 14 | Our Lady of Mt. Carmel, Thalapuzha | 15000 |
| 15 | St. Mary's Church, Thavinjal | 181870 |
| 16 | St. George's Church, Valad | 22000 |
| 17 | Infant Jesus Church, Valiakolly | 31860 |
| 18 | St. Mary's Church, Yavanarkulam | 19030 |
| | **TOTAL** | **1076897** |

**MANIMOOLY FORANE**

| No. | NAME OF PARISH | AMOUNT |
|---|---|---|
| 1 | St. Mary's Church, Bhoodanam | 4000 |
| 2 | Christ the King Forane Church, Manimooly | 413260 |
| 3 | St. George's Church, Munderi | 17000 |
| 4 | St. Joseph's Church, Narivalamunda | 63650 |
| 5 | St. Joseph's Church, Thalipadam | 5000 |
| 6 | St. Sebastian's Church, Palankara | 170000 |
| 7 | St. Thomas Church, Palemad | 35080 |
| 8 | St. Mary's Church, Pathiripadam | 204430 |
| 9 | St. Mary's Church, Thalanji | 178200 |
| 10 | St. Mary's Church, Marutha | 34700 |
| | **TOTAL** | **1125320** |

**MULLANKOLLY FORANE**

| No. | NAME OF PARISH | AMOUNT |
|---|---|---|
| 1 | St. Sebastian's Church, Adikolly | 181500 |
| 2 | St. Jude's Church, Amarakuni | 42370 |
| 3 | St. Sebastian's Church, Irulam | 32000 |
| 4 | St. Mary's Church, Kabanigiri | 325000 |
| 5 | St. Thomas Church, Marakavu | 210500 |
| 6 | St. Joseph's Church, Marakkadavu | |
| 7 | St. Mary's Forane Church, Mullenkolly | 150000 |
| 8 | St. Sebastian's Church, Padichira | 74000 |
| 9 | Infant Jesus Church, Pattanikoop | 33100 |
| 10 | Sacred Heart Church, Pulpally | 413000 |
| 11 | St. Joseph's Church, Seethamount | 55540 |
| 12 | Infant Jesus Church, Sisumala | 200000 |
| 13 | St. Mary's Church Valanchery C/o St. Sebastian's Church, Irulam | 12000 |
| | **TOTAL** | **1729010** |

**NADAVAYAL FORANE**

| No. | NAME OF PARISH | AMOUNT |
|---|---|---|
| 1 | St. Thomas Church, Arinchermala | 30000 |
| 2 | St. Sebastian's Church, Cherukattoor | 110000 |
| 3 | St. Joseph's Church, Chundakkara | 100000 |
| 4 | St. Mary's Church, Kalluvayal | |
| 5 | St. Mary's Church, Kaniambetta | 50000 |
| 6 | St. Sebastian's Church, Kenichira | 50000 |
| 7 | St. Jude's Church Kurumbalakotta | 80000 |
| 8 | Holy Cross Forane Church, Nadavayal | 329910 |
| 9 | St. Joseph's Church Neikuppa | 16100 |
| 10 | St. Jude' Church, Panamaram | 50000 |
| 11 | St. Sebastian's Church, Paralikunnu | 136100 |
| 12 | St. Sebastian's Church, Valavayal | 49200 |
| 13 | St. Mother Theresa Church, Koolivayal | 73000 |
| | **TOTAL** | **1074310** |

**NILAMBUR FORANE**

| No | NAME OF PARISH | AMOUNT |
|---|---|---|
| 1 | Holy Family Church, Chokkad | 86000 |
| 2 | St. Thomas Church, Edivanna | 50000 |
| 3 | St. Joseph's Church, Moolepadam | |
| 4 | St. Alphonsa Church, Muttiyel | 11008 |
| 5 | Little Flower Forane Church, Nilambur | 250000 |
| 6 | St. Mary's Church, Pookkottumpadam | 100450 |
| 7 | St. George Church, Poolapadam | 145000 |
| 8 | St. Jude's Church, Rubynagar | 15000 |
| 9 | St. George Church TK Colony PO, Pookottumpadam | |

| | | |
|---|---|---|
| 10 | St. Mary's Church, Thelpara | 63000 |
| 11 | St. Francis Church, Vadapuram | 53132 |
| 12 | St. Mary's Church, Vallikkettu | |
| | **TOTAL** | **773590** |

**PAYYAMPALLY FORANE**

| No. | NAME OF PARISH | AMOUNT |
|---|---|---|
| 1 | St. George Church, Appapara | 3935 |
| 2 | St. Thomas Church, Arattuthara | 40000 |
| 3 | St. Joseph's Church, Bavali | 8000 |
| 4 | St. ChavaraKuriakose Church, Edayoorkunnu | 17600 |
| 5 | Little Flower Church, Kammana | |
| 6 | St. Sebastian's Church, Kartikulam | 75000 |
| 7 | St. Martin's Church, Ondayangadi | 85100 |
| 8 | St. Alphonsa Church, Padamala | |
| 9 | St. Mary's Church, Panavally | 11500 |
| 10 | St. Catherine's Forane Church Payyampally | 400000 |
| 11 | St. George's Church, Thrissilery | 46613 |
| | **TOTAL** | **687748** |

**BATHERY FORANE**

| No | NAME OF PARISH | AMOUNT |
|---|---|---|
| 1 | St. Martin Church, Ambalavayal | 102000 |
| 2 | St. George Church, Chithragiri | 50000 |
| 3 | Francis Assisi Church Chulliode | 29000 |
| 4 | St. Mary's Church, Kadalmad | 101000 |
| 5 | St. George RC Church, Kallumukku | 15000 |
| 6 | Christ the King Church, Karani | 14000 |
| 7 | Francis Assisi Church, Meenangadi | 20000 |
| 8 | St. Jude's Church Moolankave | 270000 |
| 9 | St. Antony's Church, Pazhoor | 48329 |

| | | |
|---|---|---|
| 10 | Assumption of our Lady Forane Church<br>S. Bathery | 300000 |
| 11 | St. Thomas Church, Thomattuchal | 150000 |
| 12 | St. Joseph's Church, Vadakkanad | 20000 |
| 13 | St. Antony's Church, Vakery | 110508 |
| 14 | St. Sebastian's Church, Cheengavallam | 42600 |
| | TOTAL | 1272437 |

**THARIODE FORANE**

| No. | NAME OF PARISH | AMOUNT |
|---|---|---|
| 1 | St. Sebastian's Church, Chennalode | 470000 |
| 2 | Lourdes Matha Church, Kavummannam | 120330 |
| 3 | St. Antony's Church, Kottathara | 132755 |
| 4 | St. Joseph's Church, Kurumbala | 105000 |
| 5 | St. Sebastian's Church, Kurumani | 28136 |
| 6 | Good Shepherd Church, Mangalam | 10000 |
| 7 | St. Peter & Paul Church Manjoora | 74000 |
| 8 | Christ the King Church,Puthusserikkadavu | 138095 |
| 9 | St. Mary's Forane Church, Thariode | 100000 |
| 10 | (Panthipoyil)<br>C/o Good Shepherd Church, Mangalam | 23345 |
| | **TOTAL** | **1201661** |

**NILAGIRIS REGION**

| No. | NAME OF PARISH | AMOUNT |
|---|---|---|
| 1 | Sacred Heart Church, Arulnilayam | 76000 |
| 2 | St. Mary's Church, Bekki | 21100 |
| 3 | St. Sebastian's Church, Coonoor | 100000 |
| 4 | St. Sebastian's Church, Dharmagiri | 120500 |
| 5 | St. Mary's Church, Kalpra | 60000 |
| 6 | FathimaMatha Church, Kayyunni | 300000 |
| 7 | FathimaMatha Church, Kunnalady | 80150 |

| | | |
|---|---|---|
| 8 | St. Joseph's Church, Bospara | 17700 |
| 9 | St. Sebastian's Church. Manvayal | 100000 |
| 10 | St. Joseph's Church Loretto House,Ooty | 275000 |
| 11 | St. Sebastian's Church, Panamchira | 10000 |
| 12 | St. Mary's Church, Vimalagiri | |
| 13 | St. Mary's Church, Arattupara | 9000 |
| | **TOTAL** | **1169450** |

**ഫാ. ജിനോജ് പാലത്തടത്തിൽ**
ഡയറക്ടർ, WSSS

# പാസ്റ്ററൽ കൗൺസിൽ റിഷോർട്ട്

മാനന്തവാടി രൂപത പാസ്റ്ററൽ കൗൺസിലിന്റെ 2022-2024 വർഷത്തെ അവസാനത്തെ പാസ്റ്ററൽ കൗൺസിൽ 12-10-2024 ന് റവ. സി. ഗ്ലാഡിസ് MSMI നയിച്ച ഭക്തി നിർഭരമായ ഈശ്വര പ്രാർത്ഥനയോടെ ദ്വാരക പാസ്റ്ററൽ സെന്ററിൽ രാവിലെ 10.30ന് ആരംഭിച്ചു. പാസ്റ്ററൽ കൗൺസിൽ യോഗത്തിന് മാനന്തവാടി രൂപത സഹായമെത്രാൻ മാർ അലക്സ് താരാമംഗലം സ്വാഗതം ആശംസിച്ചു. ഈ പാസ്റ്ററൽ കൗൺസിലിന്റെ കാലാവധി കഴിയുന്ന സാഹചര്യത്തിൽ സഭയെയും മാനന്തവാടി രൂപതയെയും അടുത്തറിയുവാനും അതിനുവേണ്ടി പ്രവർത്തിക്കുവാനും മാനന്തവാടി രൂപത പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെന്ന നിലയിലുള്ള പ്രവർത്തനം സഹായകമായോയെന്ന് ഓരോരുത്തരും ആത്മശോധന നടത്തേണ്ടതാണെന്ന് അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു.

**ചൂരൽമല പുനരധിവാസ പ്രവർത്തനങ്ങൾ**

മാനന്തവാടി രൂപത ചൂരൽമല ദുരന്തബാധിതരുടെ ഇടയിൽ നടത്തിയ പ്രവർത്തനങ്ങളുടെ അവലോകനം വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടറും രൂപതാ ദുരന്ത നിവാരണ കേന്ദ്ര കമ്മിറ്റി ട്രഷററുമായ റവ. ഫാ. ജിനോജ് പാലത്തടത്തിൽ നടത്തി. ചൂരൽമല പുനഃരധിവാസത്തിനായി 12-10-2024 വരെ 2,94,41,786. രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ടെന്നും ഇത് ദുരിതബാധിതർക്ക് സ്ഥലം വാങ്ങി വീട് വച്ചു നൽകുവാൻ മാറ്റിവച്ചിരിക്കുകയാണെന്നും ജിനോജ് അച്ചൻ അറിയിച്ചു. ഇതുകൂടാതെ KCBC കാരിത്താസ് ഇന്ത്യ വഴി സമാഹരിച്ച സഹായം WSSS, ശ്രേയസ്, 1,00,60,250 സഹായം നൽകിയതിന്റെ വിശദാംശങ്ങളും അറിയിച്ചു. ഇതിൽ 1060 കുടുംബങ്ങൾക്ക് 9600 രൂപ വീതമുള്ള ധനസഹായം, 95.0 കുടുംബങ്ങൾക്ക് 9500 രൂപ വീതം വിലവരുന്ന പുനരധിവാസ കിറ്റിന്റെ വിതരണം

5 കുടുംബങ്ങൾക്ക് 50,000 രൂപ വിലവരുന്ന "Back to home' കിറ്റുകളുടെ വിതരണം, 66 കുടുംബങ്ങൾക്ക് 1,60,000 രൂപ ആകെ ചിലവായ ഭക്ഷ്യക്കിറ്റ് വിതരണം, ഓണത്തിനുള്ള ഓണക്കിറ്റ് വിതരണം, ഹൈജീൻ കിറ്റ് വിതരണം തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്നു. ഇതുകൂടാതെ ദുരന്തമുഖത്ത് രൂപതാ അധികാരികൾ സന്ദർശിക്കുകയും അവരുടെ പ്രശ്നങ്ങൾ പഠിച്ച് ദുരിതാശ്വാസ പ്രവൃത്തികൾ ഏകോപിപ്പിക്കുവാൻ ഒരു കോർ ടീം രൂപീകരിക്കുകയും ചെയ്തു.

AKCC, KCYM, യൂത്ത്, മാതൃവേദി, വിൻസെന്റ് ഡി പോൾ സൊസൈറ്റി തുടങ്ങിയ സംഘടനകളുടെ നേതൃത്വത്തിൽ ഏകദേശം ഒരു മാസത്തോളം നീണ്ടുനിന്ന ദുരിതാശ്വാസക്യാമ്പുകൾ തുടങ്ങുകയും അവർക്കാവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്തു. കൽപ്പറ്റ ഫൊറോന വികാരി വെ. റവ.ഫാ മാത്യു പെരിയപ്പുറത്തിന്റെ നേതൃത്വത്തിൽ കൽപ്പറ്റയിൽ ദുരിതാശ്വാസ സാധനങ്ങളുടെ കളക്ഷൻ സെന്റർ ആരംഭിച്ച് ദുരിതാശ്വാസ ക്യാമ്പുകളിൽ വിതരണം ചെയ്തു. ദുരിതാശ്വാസ ക്യാമ്പുകളിൽ കൗൺസലിംഗ് നടത്തുന്നതിനായി ബഹു. സിസ്റ്റേഴ്സ് അടങ്ങുന്ന അൻപത് കൗൺസിലേഴ്സ് ടീമിന്റെ സേവനം ക്യാമ്പുകളിൽ ലഭ്യമാക്കി. ഇതു കൂടാതെ വാഴവറ്റ ഇടവകയിൽ തൃക്കെപ്പറ്റ ഭാഗത്ത് ദുരന്തബാധിതർക്ക് വീടുവച്ചു നൽകുവാനായി രണ്ടര ഏക്കർ സ്ഥലം കണ്ടെത്തുകയും 19 കുടുംബങ്ങൾക്ക് വീടുവെച്ച് നൽകാനുള്ള പ്രവർത്തനങ്ങൾ ദ്രുത ഗതിയിൽ പുരോഗമിക്കുകയും ചെയ്യുന്നു. തുടർന്ന് നടന്ന ചർച്ചയിൽ ശ്രീ. ജോസ് പുന്നക്കുഴി, അഡ്വ. ജോസ് കുറുമ്പാലക്കാട്, ശ്രീ. M.C സെബാസ്റ്റ്യൻ, ശ്രീ. ജോസ് കാടായിത്തട്ടിൽ എന്നിവർ സംസാരിച്ചു. മാനന്തവാടി രൂപത ഇത്ര വേഗത്തിൽ വളരെ കാര്യക്ഷമമായും ശാസ്ത്രീയമായും ഇടപ്പെട്ട് ദുരിതബാധിതരുടെ പ്രശ്നങ്ങൾ ലഘൂകരിച്ചതിനെ യോഗം അഭിനന്ദിച്ചു.

**കുടുംബ നവീകരണ വർഷാചരണവും മഹാജൂബിലി ആഘോഷവും**

മാനന്തവാടി രൂപത പാസ്റ്ററൽ പ്ലാനിന്റെ ഭാഗമായി 2025

വർഷം കുടുംബനവീകരണ വർഷമായി ആചരിക്കുന്നതിന്റെ വിശദാംശങ്ങളും കർത്താവിന്റെ ജനനത്തിന്റെ 2025 വർഷത്തിന്റെ മഹാജൂബിലി ആഘോഷത്തിന്റെ വിശദാംശങ്ങളും വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ വിശദീകരിച്ചു. മഹാജൂബിലി ആഘോഷം 'പ്രത്യാശയുടെ തീർത്ഥാടകർ' എന്ന പ്രമേയത്തിലൂന്നി ആഘോഷിക്കുവാനും ഇതിന്റെ ഉദ്ഘാടനം 2024 ഡിസംബർ 24 ന് റോമിലും 2024 ഡിസംബർ 29ന് എല്ലാ രൂപത കത്തീഡ്രലുകളിലും നടക്കുന്ന കാര്യം വിശദീകരിച്ചു. ഈ മഹാജൂബിലി വർഷം കുടുംബ നവീകരണ വർഷമായി ആചരിക്കുവാനും രൂപത, ഫൊറോന, ഇടവക തലത്തിൽ കുടുംബ നവീകരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനും തീരുമാനിച്ചു. ഫൊറോന തലത്തിൽ കൗൺസിലിംഗിനും കുമ്പസാരത്തിനുമുള്ള സൗകര്യം ഒരുക്കുക, വിവാഹ പൂർവപരിശീലനം കാര്യക്ഷമമാക്കുക, നിശ്ചിത ഇടവേളകളിൽ തയ്യൽ പരിശീലനങ്ങൾ നൽകുക, യുവജനങ്ങളുടെയും കുട്ടികളുടെയും നവീകരണം ലക്ഷ്യം വച്ചുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക, രൂപത, ഫൊറോന, ഇടവകതല റിസോഴ്സ് ടീമുകൾ രൂപീകരിക്കുക, കുടുംബക്കൂട്ടായ്മ, കുടുംബ പ്രാർത്ഥന, ബൈബിൾ പഠനം തുടങ്ങിയ ആശയങ്ങൾ നടപ്പിലാക്കാൻ തീരുമാനിച്ചു.

**തുടർന്ന് നടന്ന ചർച്ചയിൽ ഉരുത്തിരിഞ്ഞ പ്രധാന ആശയങ്ങൾ ചുവടെ ചേർക്കുന്നു:**

1. ബഹുമാനപ്പെട്ട വികാരിയച്ചൻമാരും സിസ്റ്റേഴ്സും കുടുംബസന്ദർശനം നടത്തണം.
2. ഫൊറോന തലത്തിൽ കൗൺസിലിംഗ് സെന്ററും പൊതു കുമ്പസാരത്തിനുള്ള സൗകര്യവും ഒരുക്കണം. അത്മീയ കൗൺസിലിംഗിന് പ്രാധാന്യം നൽകണം.
3. കുടുംബങ്ങളെ ലഹരി വിമുക്തമാക്കാൻ പ്രയത്നിക്കുക അതിനായി വനിതാ സ്കോഡുകൾ രൂപികരിച്ച് പ്രവർത്തിക്കുക.
4. വിവാഹിതർക്കായി ലൈംഗിക ബോധവത്കരണ പരിപാടി നടത്തുക.

5. വിവാഹത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ കടന്നു പോകുന്നവരുടെ കൂട്ടായ്മയും വിവാഹ പരിശീലനവും നടത്തുക.
6. കുടുംബ കൂട്ടായ്മയെ ശക്തിപ്പെടുത്തുക. ഇടവകതല റിസോഴ്സ് ടീമിനെ പരിശീലിപ്പിച്ച് കുടുംബക്കൂട്ടായ്മയ്ക്ക് നേതൃത്വം നൽകാൻ പ്രാപ്തരാക്കുക. രൂപതാതലത്തിൽ ഓരോ മാസത്തേയും ചർച്ചയ്ക്ക് ആവശ്യമായ മോഡ്യൂളുകൾ തയ്യാറാക്കി നൽകുക.
7. കുടുംബ നവീകരണ വർഷാചരണത്തിനായി ഇടവകതലത്തിൽ ഒരു കമ്മിറ്റിയുണ്ടാക്കി ക്രിയാത്മകമായ പ്രവർത്തനങ്ങൾ ചെയ്ത് നടപ്പിലാക്കുക.
8. വചന വായനയ്ക്കും, ബൈബിൾ പഠനത്തിനും പ്രാധാന്യം നൽകുക.
9. സമൂഹമാധ്യമങ്ങളെ കുടുംബ നവീകരണ പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുണം. ഇതിനായി ചെറു ഫിലിമുകൾ റീലുകൾ, കാർട്ടൂണുകൾ എന്നിവ നിർമ്മിച്ച് പ്രചരിപ്പിക്കുക.
10. ലിവിങ് ടുഗതർ എന്നതിനുപരിയായി വിവാഹ ജീവിതത്തോട് താത്പര്യം വളർത്താനുള്ള പരിപാടികളും വിവാഹം പ്രോത്സാഹിപ്പിക്കാനുള്ള മാട്രിമോണികളും ശക്തിപ്പെടുത്തുക.
11. ചെറുപ്പത്തിലെ തന്നെ വിശ്വാസ ജീവിതത്തിലേയ്ക്കും, പ്രാർത്ഥനാ ജീവിതത്തിലേയ്ക്കും കുട്ടികളെ പരിശീലിപ്പിക്കുക.
12. പാരിഷ് കൗൺസിൽ അംഗങ്ങൾക്ക് പരിശീലനം നൽകണം.
13. ഗ്രാന്റ് പേരന്റ്സിനു പരിശീലനം നൽകി അവരെ മെന്റെഴ്സാക്കി മാറ്റിയെടുക്കുക.
14. MPC കോഴ്സിനോടനുബന്ധിച്ച് ഒരു ദിവസത്തെ ധ്യാനം നടത്തുക.

ചർച്ചയിൽ റവ. ഫാ. ജസ്റ്റിൻ മൂന്നനാൽ, റവ. ഫാ കുര്യാക്കോസ് കുന്നത്ത്. റവ. ഫാ തോമസ് മണക്കുന്നേൽ, റവ. ഫാ. ജെയ്സൺ കുഴികണ്ടത്തിൽ, ഡോ. വി.ജെ സെബാസ്റ്റ്യൻ, സിജി വർഗീസ്, ഫിലോമിന ചക്കാലയ്ക്കൽ, ജെയിംസ് മാത്യു, ലൈല ജോൺസൺ, പി. എ മത്തായി, പോൾ കളരിക്കൽ, ബെന്നി അന്റണി, മോളി ബേബി, ജോയി ചാച്ചിറ, ഗ്രേസി ടീച്ചർ, ക്രിസ്റ്റി

കരുവള്ളിത്തറ, ജോസ് പള്ളത്ത്, സെബാസ്റ്റ്യൻ പി.സി എന്നിവർ സംസാരിച്ചു.

ഇതേ തുടർന്ന് കുടുംബനവീകരണ വർഷാചരണം ഫല പ്രദമായി നടപ്പിലാക്കുന്നതിന് മാർ അലക്സ് താരാമംഗലം പിതാവ് ചെയർമാനും ഫാമിലി അപ്പോസ്റ്റലേറ്റിലെ ബഹു. ഫാ. ജോസഫ് പരുവുമ്മേൽ എന്നിവരെ ഉൾക്കൊള്ളിച്ച് ഒരു കമ്മിറ്റി രൂപികരിച്ചു. വോളന്റിയർമാരായി ബിജു കോട്ടേപ്പറമ്പിൽ, ബ്രില്ലി കേളങ്ങാട്ടിൽ, ജോസ് കാടായിത്തട്ടിൽ, ഗ്രേസി ചിറ്റില പ്പള്ളി, ഡോ. വി.ജെ. സെബാസ്റ്റ്യൻ, അഡ്വ. ജോസഫ് കുറുമ്പാ ലക്കാട്ട് എന്നിവരെ തെരഞ്ഞെടുത്തു.

**പൊതുചർച്ച**

പൊതുചർച്ചയിൽ ഫാ. സാന്റോ അമ്പലത്തറ, ഫാ. സോണി വാഴക്കാട്ട്, ഫാ. ജിന്റോ, ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ, ബിജു കോട്ടേപ്പറമ്പിൽ എന്നിവർ സംസാരിച്ചു.

**ചർച്ചയിൽ ഉയർന്നുവന്ന പ്രധാന നിർദ്ദേശങ്ങൾ**

* KCYM, CML തുടങ്ങിയ ഭക്തസംഘടനകൾക്ക് ഇടവകകൾ പിന്തുണയും പ്രോത്സാഹനവും നൽകണം.
* സീയോൺ ധ്യാനകേന്ദ്രത്തിലെ സ്പിരിച്ചൽ കൗൺസി ലിംഗ് ഫലപ്രദമാണെന്നും വചനാധിഷ്ഠിത ധ്യാനം പ്രയോ ജനപ്പെടുത്തണമെന്നും അഭിപ്രായപ്പെട്ടു.
* ജീവന്റെ സമൃദ്ധി ആഘോഷിക്കപ്പെടുകയും പ്രോൽസാഹി പ്പിക്കപ്പെടുകയും ചെയ്യണം.
* ദൈവവിളി പ്രോത്സാഹിപ്പിക്കണം

**മാനന്തവാടി രൂപത അജപാലന പദ്ധതി രേഖ പ്രകാശനം**

മാനന്തവാടി രൂപത 2022 ഏപ്രിൽ മാസത്തിൽ നടത്തിയ രൂപത അസംബ്ലിയുടെ ഫൈനൽ റിപ്പോർട്ടിന്റെ അവതരണം വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ നടത്തുകയും റിപ്പോർട്ടിന്റെ കോപ്പി എല്ലാ പാസ്റ്ററൽ കൗൺസിംൽ അംഗ ങ്ങൾക്കും നൽകുകയും ചെയ്തു.

**പ്രമേയങ്ങൾ**

മുനമ്പം നിവാസികളുടെ അവകാശങ്ങൾ സംരക്ഷിക്കു

വാനും നിലനിൽപ്പിനുമായുള്ള സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് ശ്രീ. ബിനു തോമസ് അവതരിപ്പിച്ച പ്രമേയവും ജസ്റ്റീസ് ജെ. ബി കോശി കമ്മീഷൻ റിപ്പോർട്ട് ഉടൻ നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. ജിൽസ് മേക്കൽ അവതരിപ്പിച്ച പ്രമേയവും പാസ്റ്ററൽ കൗൺസിൽ പാസാക്കി.

**സമാപന സന്ദേശം**

മാനന്തവാടി രൂപത പാസ്റ്ററൻ കൗൺസിലിന്റെ സമാപന സന്ദേശം രൂപതാധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവ് നൽകുകയുണ്ടായി. രണ്ടു വർഷക്കാലം പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ പങ്കെടുക്കുകയും വിവിധ കമ്മിറ്റികളിലായി പ്രവർത്തിക്കുകയും ചെയ്തവരെ അഭിവന്ദ്യ പിതാവ് അഭിനന്ദിച്ചു. കുടുംബ നവീകരണ വർഷത്തിന്റെ നടത്തിപ്പും മഹാജൂബിലി വർഷാഘോഷവും ആയി ബന്ധപ്പെട്ട ചർച്ചകൾ ക്രോഡീകരിച്ചു കൊണ്ട് അഭിവന്ദ്യ പിതാവ് സംസാരിക്കുകയും സന്ദേശം സമാപിപ്പിക്കുകയും ചെയ്തു.

**നന്ദി**

പാസ്റ്ററൽ കൺസിലിൽ പങ്കെടുത്ത എല്ലാവർക്കും സെക്രട്ടറി ശ്രീ. ജോസ് മാത്യു പുഞ്ചയിൽ നന്ദി അറിയിച്ചു. രണ്ടു വർഷത്തെ പാസ്റ്ററൽ കൗൺസിലിന്റെ പ്രവർത്തനങ്ങളെ കൃതജ്ഞതയോടെ അനുസ്മരിച്ചു.

തുടർന്ന് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് 2022-24 വർഷത്തെ പാസ്റ്ററൽ കൗൺസിൽ പിരിച്ചു വിട്ടതായി അറിയിച്ചു കൊണ്ടും സമാപന പ്രാർത്ഥനയോടുകൂടി യോഗം സമാപിച്ചു.

**ജോസ് മാത്യു പുഞ്ചയിൽ**
പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി

**മതാധ്യാപകദിനം, നവംബർ 24**

സഭയുടെ വിശ്വാസ പരിശീലനം സഭയോളം തന്നെ പഴക്കമുള്ള ശുശ്രൂഷ എന്നാണ് വിശേഷിപ്പിക്കപ്പെടുന്നത് (CT1). വിശ്വാസ പരിശീലകർ വിശ്വാസ സാക്ഷികളും ദൈവ ഓർമ്മയുടെ സൂക്ഷിപ്പുകാരുമാണ്. വിശ്വാസ രൂപവത്ക്കരണം വിശ്വാസ പരിശീലകരെ അവരുടെ വിശ്വാസപരിശീലന പ്രവർത്തികളുടെ ഒരു പുനർവിചിന്തനത്തിനും അവരുടെ മാനുഷിക, ക്രൈസ്തവ വളർച്ചക്കും സഹായിക്കുന്നു. സഭ എക്കാലവും വിശ്വാസ പരിശീലകരുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. വിശ്വാസത്തിൽ സഞ്ചരിക്കുന്ന പരിശീലകർ ദൈവവുമായുള്ള വ്യക്തിപരമായ ഐക്യം അന്വേഷിക്കുന്നതോടൊപ്പം എല്ലാ കാര്യങ്ങളിലും ദൈവത്തിൽ വിശ്വസിക്കുവാൻ അവർക്ക് സന്നദ്ധതയുണ്ടാകുകയും ചെയ്യുന്നു. ദൈവത്തിൽ വിശ്വസിക്കുക എന്നതിന്റെ അർത്ഥം ജീവിതത്തിന് ഒരു അർത്ഥം ഉണ്ടെന്ന് തിരിച്ചറിയുക കൂടിയാണെന്ന് വി.ജോൺ ഹെൻട്രി ന്യൂമാൻ പറയുന്നു. വിശ്വാസ പരിശീലകർ വിശ്വാസം അറിഞ്ഞ് അതിൽ ആഴപ്പെട്ട് രൂപാന്തരപ്പെടുമ്പോൾ യഥാർത്ഥ ക്രൈസ്തവ സാക്ഷികളാകുന്നു. അങ്ങനെ അവർ ഈശോയുടെ പ്രവാചക ധർമ്മത്തിൽ പങ്കുകാരാകുന്നു (CCC785). സഭയുടെ വളർച്ചയുടെ പാതയിൽ കുടുംബങ്ങളുടെയും വ്യക്തികളുടെയും രൂപികരണത്തിൽ പ്രവാചകശബ്ദങ്ങളായി ലോകത്തിന്റെ പ്രകാശമായ യേശുവിനെ അനുകരിച്ച് പ്രശോഭിക്കുന്ന വിശ്വാസപരിശീലകരായ വൈദികർ, സമർപ്പിതർ, അൽമായ സഹോദരങ്ങൾ ഏവരെയും രൂപത മതബോധനകേന്ദ്രം അഭിനന്ദിക്കുന്നു, ആശംസകളർപ്പിക്കുന്നു. ദൈവം നിങ്ങളുടെ എല്ലാവരുടെയും മഹനീയ ശുശ്രൂഷകൾക്ക് തക്കപ്രതിഫലം നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**ഒന്നാം സെമസ്റ്റർ പരീക്ഷ നവംബർ 3**

ഈ വർഷത്തെ ആദ്യസെമസ്റ്റർ പരീക്ഷ നവംബർ 3 ഞായറാഴ്ചയാണ്. എല്ലാ ഇടവകകളിലും നിശ്ചയിച്ചിരിക്കുന്ന സമയത്തുതന്നെ (11-1 മണി) പരീക്ഷ നടത്തുന്നതിനായി

ബഹു. വികാരിയച്ചൻമാരും, ഹെഡ്മാസ്റ്റേഴ്സും ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. ഒക്ടോബർ 31, നവംബർ 1 തീയതികളിൽ രാവിലെ 10 മണി മുതൽ 4 – 30 വരെ രൂപത മതബോധന കേന്ദ്രം മാനന്തവാടി സെന്റ് ജോസഫ് ബുക്ക് സ്റ്റാൾ, മണിമൂളി പാസ്റ്ററൽ സെന്റർ എന്നിവിടങ്ങളിൽ നിന്നും ചോദ്യപേപ്പർ ലഭിക്കും.

**രൂപതാ +2 പ്രതിഭാ സംഗമം 2024**

17–11–2024 ഞായറാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചാണ് നമ്മുടെ രൂപതാ +2 പ്രതിഭാസംഗമം നടക്കുന്നത്. രാവിലെ 9.30 ന് വി. ബലിയോടുകൂടി ആരംഭിച്ച് വൈകുന്നേരം 4 മണിയോടുകൂടി അസാനിക്കും. XII - ാം ക്ലാസിന്റെ പ്രതിഭാസംഗമം മേഖലയിൽ നടത്തി അവിടെ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന 4 കുട്ടികളുടെ (2 ആൺ, 2 പെൺ) പേര്, വീട്ടുപേര്, ഇടവക, ഫോൺനമ്പർ തുടങ്ങിയ വിവരങ്ങൾ നവംബർ 10 നുള്ളിൽ രൂപതാ മതബോധന ഓഫീസിൽ അറിയിക്കേണ്ടതാണ്.

## Mission Quest

സീറോമലബാർ മിഷൻ ഓഫീസും, മതബോധന കമ്മീഷനും സംയുക്തമായി കുട്ടികൾക്കും മുതിർന്നവർക്കും വേണ്ടി നടത്തുന്ന ഈ വർഷത്തെ മിഷൻ ക്വിസ്സ് 2024 ഡിസംബർ 14 ലേയ്ക്ക് മാറ്റി. Mission Quest നുള്ള പാഠഭാഗങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## H. M. Conference

നമ്മുടെ അടുത്ത H. M. കോൺഫറൻസ് ഡിസംബർ 14 ന് രാവിലെ 10 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. പ്രധാനാദ്ധ്യാപകർ അന്നേ ദിവസം വരുമ്പോൾ കുട്ടികളുടെ ഈ വർഷത്തെ ചോദ്യപേപ്പറിന്റെ തുക കൊണ്ടു വരേണ്ടതാണ്.

**ബാങ്ക് അക്കൗണ്ട്**

മതബോധനത്തിന്റെ ബാങ്ക് അക്കൗണ്ട് Change ചെയ്തിട്ടുണ്ട്. മതബോധനവുമായി ബന്ധപ്പെട്ട പണമിടപാടുകൾക്ക് താഴെ കാണുന്ന അക്കൗണ്ടാണ് ഇനിമുതൽ ഉപയോഗിക്കേണ്ടത്. ദയവായി പഴയ അക്കൗണ്ടിലേയ്ക്ക് ആരും പണം അയയ്ക്കരുത്.

A/c Name : Catechetical Centre - Catechism – A unit of Pastoral Centre

A/c No. : 0063-03680975-190002

IFSC : CSBK0000063

MICR : 670047202

Branch : CSB Bank Mananthavady

**ഡിപ്ലോമ രജിസ്ട്രേഷൻ**

ഈ വർഷത്തെ ഡിപ്ലോമ രജിസ്ട്രേഷൻ നവംബർ 15 ന് ആരംഭിക്കുന്നതാണ്. ഡിസംബർ 1 ന് രജിസ്ട്രേഷൻ പൂർത്തിയാക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം.

**മാനന്തവാടി മേഖല:** ഒക്ടോബർ 6 ന് മാനന്തവാടി മേഖലയുടെ മതാധ്യാപക സംഗമം പോരൂർ ഇടവകയിൽ വച്ചു നടത്തപ്പെട്ടു. മേഖലയിലെ വിവിധ ഇടവകളിൽ നിന്നായി 250 അധ്യാപകർ ഇതിൽ സംബന്ധിച്ചു. മേഖലാ മതബോധന ഡയറക്ടർ റവ. ഫാ. ബിജു ഏവർക്കും സ്വാഗതം ആശംസിച്ചു. തേവര കോളേജ് ഇംഗ്ലീഷ് വിഭാഗത്തിന്റെ ഹെഡ് റവ.ഫാ.സാബു കുമ്പുക്കൽ ക്ലാസുകൾക്ക് നേതൃത്വം നൽകി. വിശ്വാസ പരിശീലന രംഗത്ത് 25 വർഷങ്ങൾ പൂർത്തിയാക്കിയ ശ്രീ. സജി നന്ദളത്ത് സാറിനെ തദവസരത്തിൽ ആദരിച്ചു. സംഗമത്തിന്റെ വിജയത്തിനായി എല്ലാ പ്രവർത്തനങ്ങളെയും ഏകോപിപ്പിച്ച ബഹുമാനപ്പെട്ട ഫൊറോനാ വികാരിയച്ചനെയും, മേഖല ഡയറക്ടർ അച്ചനെയും, പോരൂർ ഇടവക വികാരിയച്ചനെയും മേഖലാ സെക്രട്ടറിയെയും, ഫൊറോനയിലെ എല്ലാ വൈദീകരെയും പ്രധാനാധ്യാപകരെയും, പങ്കെടുത്ത എല്ലാ അധ്യാപകരെയും രൂപത മതബോധന കേന്ദ്രത്തിന്റെ നന്ദി അറിയിക്കുന്നു. 2024 ഓഗസ്റ്റ് 11 ന് കണിയാരം കത്തീഡ്രലിൽ വച്ച് +1,+2 സംഗമവും ഒക്ടോബർ 13 ന് തവിഞ്ഞാലിൽ വച്ച് 10-ാം ക്ലാസിലെ കുട്ടികളുടെ സംഗവും നടത്തി. കുന്നോത്ത് സെമിനാരി പ്രൊഫസർ ആന്റണി തറേക്കടവിൽ അച്ചൻ രണ്ടു സംഗമങ്ങളിലും ക്ലാസുകൾ നയിച്ചു. ഈ സംഗമങ്ങൾ സംഘടിപ്പിച്ച ഫൊറോന നേതൃത്വത്തിന് അഭിനന്ദനങ്ങൾ.

**കൊട്ടിയൂർ:** കൊട്ടിയൂർ ഇടവകയിൽ 29-09-24 ന് വിശ്വാസ പരിശീലനം നടത്തുന്ന കുട്ടികളുടെ മാതാപിതാക്കൾക്ക് പെനുവേൽ എന്ന പേരിൽ രൂപതാ ടീം അംഗം ശ്രീ. ജോസ് മാത്യു പുഞ്ചയിൽ ക്ലാസുകൾ നയിച്ചു.

**ഫാ. തോമസ് കച്ചിറയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

കുർബ്ബാനയുടെ പ്രേഷിതരാകാൻ എന്ന ആപ്തവാക്യ വുമായി ആവേശോജ്ജ്വമായ ഒരു മിഷൻ മാസത്തിന് നാന്ദി കുറി ച്ചിരിക്കുകയാണ്. ആദ്ധ്യാത്മിക, സംഘടന, സാമൂഹികതല പ്രവർത്തനങ്ങളിലൂടെ സംഘടനയുടെ ശാക്തീകരണവും അംഗ ങ്ങളുടെ സമഗ്രമായ വളർച്ചയും ദർശിച്ച മാസമായിരുന്നു ഒക്ടോബർ. ജപമാല മണികളാലും ജയ് വിളികളാലും ദേവാ ലയ അന്തരീക്ഷം മുഖരിതമായപ്പോൾ, മിഷൻലീഗിൽ അംഗമാ യതിൽ നാം അഭിമാനം കൊള്ളുകയായിരുന്നു. ക്രൈസ്തവൻ എന്ന നിലയിൽ നാം എല്ലാവരും പ്രേഷിതരാണെന്ന അവ ബോധം സൃഷ്ടിച്ചെടുക്കാൻ ഈ മിഷൻ മാസത്തിന് സാധി ച്ചിട്ടുണ്ട് എന്നത് നന്ദിയോടെ ഓർമിക്കുന്നു. ഈ അവബോധം കെടാതെ കാത്തുസൂക്ഷിക്കാൻ മുന്നോട്ടുള്ള പ്രവർത്തനങ്ങൾ നമ്മെ സജ്ജരാക്കട്ടെ. വചനാധിഷ്ഠിത കുർബ്ബാന കേന്ദ്രീകൃത ആദ്ധ്യാത്മികത വളർത്തിയെടുക്കാൻ മിഷൻലീഗ് സംഘടന നമ്മെ സഹായിക്കട്ടെ. മിഷൻമാസം അനുഗ്രഹമാക്കിയ എല്ലാ വർക്കും അഭിനന്ദനങ്ങൾ നന്ദി. നവംബർ മാസത്തിലേക്ക് പ്രവേശിക്കുമ്പോൾ സകല മരിച്ചവരെയും ഓർമ്മിക്കാനും അവർ ക്കുവേണ്ടി പ്രാർത്ഥിക്കാനും നമ്മുക്ക് സാധിക്കട്ടെ. പൂർവ്വി കരുടെ നന്മകൾ ഓർമ്മിച്ചെടുത്ത് ആദരപൂർവ്വം നമ്മുക്ക് മുമ്പേ കടന്നുപോയവരെ നമ്മുക്ക് അനുസ്മരിക്കാം. നവംബർ 24 ന് ക്രിസ്തുരാജന്റെ തിരുനാളോടുകൂടി ആരാധനാ ക്രമവർഷം സമാപിക്കുമ്പോൾ ശാഖാതലങ്ങളിൽ ക്രിസ്തുരാജന്റെ തിരു നാൾ ആഘോഷമായി കൊണ്ടാടുവാൻ മിഷൻലീഗ് അംഗ ങ്ങൾ പരിശ്രമിക്കുമല്ലോ. എല്ലാവർക്കും ദൈവാനുഗ്രഹങ്ങൾ നേരുന്നു.

**ഫാ. മനോജ് അമ്പലത്തിങ്കൽ**

**സംസ്ഥാന സാഹിത്യമൽസരം**

സംസ്ഥാന സാഹിത്യ മൽസരം സെപ്തംബർ 21 – ന് ദ്വാരക എ.യു.പി. സ്ക്കൂളിൽ വച്ച് നടത്തപ്പെട്ടു.

**മിഷൻമാസത്തിന് നിറപ്പകിട്ടാർന്ന തുടക്കം**

ലോകത്തിന്റെ അതിർത്തികൾവരെ നിങ്ങൾ എനിക്ക് സാക്ഷ്യം നൽകുവിൻ എന്ന ക്രിസ്തു സാക്ഷ്യം നെഞ്ചിലേറ്റി കുർബ്ബാനയുടെ പ്രേഷിതരാകാൻ എന്ന ആപ്തവാക്യവുമായി ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ മിഷൻ മാസ പ്രവർത്തനങ്ങൾ സെപ്തംബർ 29 – ന് രൂപതയിലെ ഏറ്റവും ചെറിയ ശാഖകളിലൊന്നായ ബാവലി സെന്റ് ജോസഫ്സ് ഇടവകയിൽ വച്ച് ഉദ്ഘാടനം ചെയ്യപ്പെട്ടു. രാവിലെ 10 മണിക്ക് നടന്ന ആഘോഷമായ വി. കുർബ്ബാനക്ക് രൂപതാ ഡയറക്ടർ ഫാ. മനോജ് അമ്പലത്തിങ്കൽ മുഖ്യ കാർമ്മികത്വം വഹിച്ചു. തുടർന്ന് തിരി തെളിച്ച് മിഷൻമാസ രൂപതാതല ഉദ്ഘാടനം നിർവ്വഹിച്ചു. സംസ്ഥാന-ജില്ലാ അതിർത്തിയായ ബാവലിയുടെ ആകാശത്ത് മിഷൻ മുദ്രാവാക്യങ്ങൾ ഉയർന്നു. ഇടവകജനം ഒന്നായി അണിനിരന്ന പ്രേഷിത റാലി വനങ്ങളാലും പുഴയാലും ചുറ്റപ്പെട്ട ബാവലി ദേശത്തെ പുളകിതമാക്കി. തുടർന്ന് സംസ്ഥാന പ്രസിഡണ്ട് രഞ്ജിത്ത് മുതുപ്ലാക്കൽ ചെമ്മഞ്ഞ പതാക ഉയർത്തി. രൂപതാ സെക്രട്ടറി തങ്കച്ചൻ മാപ്പിളക്കുന്നേൽ, സി. അനി ലിറ്റ് എസ്.എ.ബി.എസ്, സി. ലിന്റ സി.എം.സി, സി. ആൻഫിലിപ്പ് എസ്.സി.വി, ആര്യ കൊച്ചുപുരക്കൽ എന്നിവർ നേതൃത്വം നൽകി.

**ബിബ്ലിയ**

എല്ലാ മാസവും അവസാന ദിവസം നടത്താറുള്ള ബിബ്ലിയ ഓൺലൈൻ ക്വിസ് മൽസരത്തിൽ നൂറ് കണക്കിന് വിദ്യാർത്ഥികൾ പങ്കെടുത്തു.

**വി. കൊച്ചുത്രേസ്യായുടെ തിരുനാൾ**

ഒക്ടോബർ 1 വി. കൊച്ചുത്രേസ്യയുടെ തിരുനാൾ ആഘോഷിച്ചു.

**സി.എം.എൽ. സ്ഥാപകദിനം ആചരിച്ചു**

ചെറുപുഷ്പ മിഷൻലീഗ് സംഘടനയുടെ 78-ാം സ്ഥാപക ദിനം ഒക്ടോബർ മൂന്നിന് രൂപതയിൽ ആചരിച്ചു.

**വി. കൊച്ചുത്രേസ്യ ഓൺലൈൻ ക്വിസ്**

ഒക്ടോബർ മൂന്നിന് രൂപതയിൽ നടത്തിയ വി. കൊച്ചു ത്രേസ്യ ഓൺലൈൻ ക്വിസ് മൽസരത്തിൽ 1-ാം സ്ഥാനം വിജിത കോട്ടാട്ടിപറമ്പിൽ ബത്തേരി, 2-ാം സ്ഥാനം ഐവിൻ കുണ്ടുകുളം ബത്തേരി 3-ാം സ്ഥാനം ജോഫിയ സാറാ സ്രാമ്പിക്കൽ കരണി എന്നിവർ കരസ്ഥമാക്കി.

**രൂപതാ സാഹിത്യമൽസര പോയിന്റ്നില മേഖല അടിസ്ഥാനത്തിൽ**

1-ാം സ്ഥാനം - 169 - ചുങ്കക്കുന്ന്

2-ാം സ്ഥാനം - 165 - നടവയൽ

3-ാം സ്ഥാനം - 155 - മണിമൂളി

ബത്തേരി - 144, പയ്യംമ്പള്ളി - 138, മുള്ളൻകൊല്ലി -132, മാനന്തവാടി - 121, കല്ലോടി - 117, തരിയോട് - 111, ദ്വാരക -101, നിലമ്പൂർ - 94, കൽപ്പറ്റ - 80, നീലഗിരി - 73

**മിഷൻവാരാചരണം**

സംസ്ഥാന സമിതിയോടൊപ്പം മാനന്തവാടി രൂപതയും മിഷൻ വാരാചരണം വ്യത്യസ്തമായ പരിപാടികളോടെ നടത്തി.

**ക്രിസ്തുമസ് സ്റ്റാർ മിഷൻലീഗിലൂടെ**

ക്രിസ്തുമസിന് മാസങ്ങൾ മാത്രം ബാക്കി നിൽക്കെ, നമ്മുടെ എല്ലാ കുടുംബങ്ങളിലും എൽ ഇ ഡി ക്രിസ്തുമസ് സ്റ്റാർ എത്തിക്കുക എന്ന ലക്ഷ്യത്തോടെ സി.എം.എൽ മാനന്തവാടി രൂപതാ സമിതി ഈടുറ്റതും, വിലക്കുറവിലും സ്റ്റാർ നിങ്ങളിലെത്തിക്കുന്നു. ഇക്കാര്യം ശാഖകളിൽ അറിയിക്കുകയും ഓർഡറുകൾ സ്വീകരിക്കുകയും ചെയ്യുന്നതോടൊപ്പം, ശാഖകൾക്ക് ആകർഷകമായ പ്രവർത്തനഫണ്ട് ലഭിക്കുകയും ചെയ്യുന്നു. എല്ലാവരും സഹകരിക്കുമല്ലോ.

**ബൈബിൾ കലോത്സവം 2024**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ബൈബിൾ കലോത്സവം ഒക്ടോബർ 12 ന് ശനിയാഴ്ച ദ്വാരക കാർലോ നഗറിൽ (സെക്രഡ് ഹാർട്ട് ഹയർ സെക്കണ്ടറി സ്ക്കൂൾ) വച്ച് നടത്തപ്പെട്ടു. അൽഫോൻസാമ്മയെ വിശുദ്ധയാക്കിയ ദിനാചരണത്തിന്റെയും വാ. കാർലോ അകിറ്റസിന്റെയും തിരുനാളിനോ

ടനുബന്ധിച്ച് മൽസരത്തിന് തുടക്കം കുറിച്ച് ദ്വാരക അൽഫോൻസാ ദേവാലയത്തിൽ നിന്നും തിരി തെളിച്ച് ദീപശിഖ പ്രയാണത്തോടെ മൽസരങ്ങൾ ആരംഭിച്ചു. തുടർന്ന് നടന്ന ഉദ്ഘാടന ചടങ്ങിന് രൂപതാ ഡയറക്ടർ ഫാ. മനോജ് അമ്പലത്തിങ്കൽ സ്വാഗതം ആശംസിച്ചു. മാനന്തവാടി രൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ അലക്സ് താരാമംഗലം കലോത്സവം ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡണ്ട് ബിനീഷ് തുമ്പിയാംകുഴിയിൽ സമ്മേളനത്തിന് അദ്ധ്യക്ഷം വഹിക്കുകയും, ചെമ്മഞ്ഞ പതാക ഉയർത്തുകയും ചെയ്തതോടെ 13 മൽസര വേദികളിൽ മൽസര മാമാങ്കം ആരംഭിച്ചു.

13 മേഖലകൾ, 160 ശാഖകൾ, 1200 മൽസരാർത്ഥികൾ. കൂടാതെ ഫ്രണ്ട്സ് ഓഫ് ഹോളി, എവുക്കരിസ്റ്റ് ഒരുക്കിയ ദിവ്യ കാരുണ്യ എക്സിബിഷനും, വിവിധ ഫൺ ഗെയിമുകളും, (റിങ്ങ് ത്രോ ലൈവ് ക്വിസ്) മൽസര ഗ്രൗണ്ടിൽ നടത്തപ്പെട്ടു. മൽസരാർത്ഥികൾക്കും കൂടെ വന്നവർക്കുമായി രാവിലെ 8.15 മുതൽ ലൈവ് ഭക്ഷണ ശാലയും ക്രമീകരിച്ചു. ശക്തമായ മഴയെ വകവെക്കാതെ ആവേശോജ്ജ്വല മൽസരങ്ങൾക്ക് തിരശീല വീണപ്പോൾ കലാമൽസരത്തിൽ മണിമൂളി, മുള്ളൻകൊല്ലി, നടവയൽ, മേഖലകൾ 1,2,3 സ്ഥാനങ്ങൾ കരസ്ഥമാക്കിയപ്പോൾ സാഹിത്യ മൽസരത്തിൽ ചുങ്കക്കുന്ന്, നടവയൽ, മണിമൂളി മേഖലകൾ 1,2,3 സ്ഥാനങ്ങൾ കരസ്ഥമാക്കി.

**മേഖലാതല ഓവറോൾ**

ചുങ്കക്കുന്ന്, നടവയൽ, മണിമൂളി മേഖലകൾ 1,2,3 സ്ഥാനങ്ങളും ശാഖാതല ഓവറോൾ കൊട്ടിയൂർ, കല്ലോടി, ചെറുകാട്ടൂർ 1,2,3 സ്ഥാനങ്ങളും കരസ്ഥമാക്കി. ഉദ്ഘാടന സമ്മേളനത്തിന് രൂപതാ സെക്രട്ടറി തങ്കച്ചൻ മാപ്പിളക്കുന്നേൽ നന്ദി പറഞ്ഞു. സംസ്ഥാന പ്രസിഡണ്ട് രഞ്ജിത്ത് മുതുപ്ലാക്കൽ, സി.അനിലിറ്റ് എസ്.എ.ബി.എസ്, ജനറൽ കൺവീനർമാരായ സിനീഷ് ആപ്പുഴയിൽ, സിജിൻ കൂടക്കാട്ടിൽ ഓർഗനൈസർ ടോണി ചെമ്പോട്ടിക്കൽ, സി. ലിന്റ സി.എം.സി, സി. ആൻ ഫിലിപ്പ് എസ്.സി.വി, ജോൺസൺ ചിറായിൽ രൂപതാ മേഖലാ ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. മാനന്തവാടി രൂപത

സിഞ്ചെല്ലൂസ് ഫാ. ബെന്നി മുതിരക്കാലായിൽ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയും വിജയികൾക്കുള്ള ട്രോഫികളും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്യുകയും ചെയ്തു.

**മേഖലാ വാർത്തകൾ**

**ചുങ്കക്കുന്ന്**

പത്ത് ശാഖകളുടെയും പങ്കാളിത്തത്തോടെ അൾത്താര ബാല സംഗമം സംഘടിപ്പിച്ചു. ഡയറക്ടേഴ്സ് ദിനത്തിൽ മേഖലയിലെ മുഴുവൻ വൈദികർക്കും നേരിട്ട് ആശംസകൾ അർപ്പിച്ചു.

**ശാഖാവാർത്തകൾ**

**കരിമ്പിൽ**

എട്ട്നോമ്പ് ദിനങ്ങളിൽ ഓരോ ദിവസവും ഓരോ യൂണിറ്റിനെ സമർപ്പിച്ച് മൂന്ന് നൻമനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന ചൊല്ലുകയും പ്രാർത്ഥന പോസ്റ്റർ, ഗ്രൂപ്പിൽ ഇടുകയും ചെയ്തു. ചീക്കനഹള്ളി, കിക്കേരി എന്നീ മിഷൻ ഗ്രാമങ്ങൾക്ക് വസ്ത്രങ്ങൾ കളക്ട് ചെയ്ത് കൊടുക്കുകയും ചെയ്തു.

**കയ്യൂന്നി**

മാതാവിന്റെ ജനനതിരുനാൾ ദിനത്തിൽ കുഞ്ഞുമേരി എന്ന പേരിൽ ഫാൻസിഡ്രസ് മൽസരം കുഞ്ഞുങ്ങൾക്കായി സംഘടിപ്പിച്ചു. മിഷൻലീഗ് അംഗങ്ങൾക്കായി മരിയൻ ക്വിസ് നടത്തി.

**കൊട്ടിയൂർ**

മിഷൻലീഗ് അംഗങ്ങൾക്കായി ക്രിസ്റ്റീൻ ധ്യാനം നടത്തി. ഡയറക്ടേഴ്സ് ദിനം ആഘോഷിച്ചു. ദൈവവിളി സെമിനാർ നടത്തി.

**ചുങ്കക്കുന്ന്**

പരിശുദ്ധ ദൈവമാതാവിന്റെ ജനനതിരുനാളിന് ഒരുക്കമായി എട്ട് ദിവസം നീണ്ടുനിൽക്കുന്ന സ്റ്റാറ്റസ്, വചനസന്ദേശമായി നൽകി. വീടുകളിൽ മാതാവിന്റെ രൂപം അലങ്കരിച്ച് ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ഞായറാഴ്ചകളിൽ മാതാവിന്റെ ജീവിതത്തെക്കുറിച്ച് കുട്ടികൾക്ക് ക്ലാസ്സ് നൽകി.

**അരിഞ്ചേർമല**

മാലിപ്പറമ്പിൽ അച്ചൻ അനുസ്മരണ ദിനത്തോടനുബന്ധിച്ച് ഡയറക്ടേഴ്സ് ഡേ ആഘോഷിച്ചു. മേഖലാതലത്തിൽ നടന്ന നിറക്കൂട്ട് മൽസരത്തിൽ കുട്ടികൾ പങ്കെടുത്തു. അധ്യാപക ദിനത്തിൽ ഇടവകയിലെയും സ്ക്കൂളിലെയും അധ്യാപകരെ ആദരിച്ചു.

**കണിയാരം**

മിഷൻലീഗ് മേഖലാ കലാമൽസരങ്ങളിലും തിരുബാല സഖ്യ കലാമൽസരത്തിലും ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഇടവകയുടെ സപ്തതി ആഘോഷത്തിൽ കലാസന്ധ്യ നടത്തി.

**പാതിരിപ്പാടം**

എട്ട് ദിവസം നോമ്പിന്റെ ചൈതന്യത്തിൽ ജപമാല ചൊല്ലി മാദ്ധ്യസ്ഥം അപേക്ഷിച്ചു. ഭവനസന്ദർശനം, രോഗീസന്ദർശനം എന്നിവ നടത്തി. വി.കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ദിനത്തിൽ എല്ലാവരും ഒന്നിച്ച് കുരിശടയാളം വരച്ച് പ്രാർത്ഥിച്ചു.

**വഞ്ഞോട്**

പരിശുദ്ധ കന്യാകാമറിയത്തിന്റെ തിരുനാളും, ഓണാഘോഷ പരിപാടികളും സമുചിതമായി ആഘോഷിച്ചു. കുട്ടികൾക്കും മുതിർന്നവർക്കും വിവിധ മൽസരങ്ങൾ നടത്തി.

**ശിശുമല**

എട്ട് നോമ്പിനോട് അനുബന്ധിച്ച് കുട്ടികൾക്കും മുതിർന്നവർക്കുമായി വിവിധ മൽസരങ്ങൾ സംഘടിപ്പിച്ചു. മരിയൻ ക്വിസ്, മരിയൻഗാനം, ഫാൻസിഡ്രസ്, മിഷൻ മാസത്തോടനുബന്ധിച്ച് ദീപശിഖാ പ്രയാണം എന്നിവ നടത്തി. മേഖലാ കലാമൽസരങ്ങളിലും തിരുബാലസഖ്യ മൽസരത്തിലും ഒന്നാം സ്ഥാനം കരസ്ഥമാക്കി. കൂടാതെ കൂടുതൽ പോയന്റ് നേടി ഓവറോളും കരസ്ഥമാക്കി.

**സംസ്ഥാന ബൈബിൾ കലോൽസവം**

നവംബർ 9 ശനിയാഴ്ച പാലക്കാട് രൂപതയുടെ ആഭിമുഖ്യത്തിൽ യുവക്ഷേത്ര കോളേജിൽ വച്ച് സംസ്ഥാന ബൈബിൾ കലോൽസവം നടത്തപ്പെടുന്നു. രൂപതാ തലത്തിൽ ഒന്നും രണ്ടും

സ്ഥാനത്തിന് അർഹരായവർ സംസ്ഥാന മൽസരത്തിൽ പങ്കെടുക്കുന്നു.

**ക്രിസ്തുരാജന്റെ തിരുനാൾ**

നവംബർ 24 നാണ് ഈ വർഷം ക്രിസ്തുരാജന്റെ തിരുനാൾ. 2025 ജൂബിലി വർഷത്തിലേക്ക് പ്രവേശിക്കാനൊരുങ്ങുമ്പോൾ ക്രിസ്തുരാജന്റെ തിരുനാൾ ഈ വർഷം സമുചിതമായി ആഘോഷിക്കുമല്ലോ.

ഈശോയിൽ പ്രിയപ്പെട്ടവരെ, ഒക്ടോബർമാസ പ്രവർത്തനങ്ങൾ ഭംഗിയായി നടന്നതിൽ സന്തോഷം. ഏറെ സ്നേഹത്തോടെ, ത്യാഗത്തോടെ, കൂട്ടായ പ്രവർത്തനങ്ങളിലൂടെ ശാഖാ, മേഖലാ ഡയറക്ടേഴ്സിനോട് ചേർന്ന് പ്രവർത്തിച്ച നിങ്ങളെ എല്ലാവരെയും നന്ദിയോടെ ഓർക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. നവംബർ മാസം പ്രിയപ്പെട്ട മരിച്ച വിശ്വാസികളെ കൂടുതലായി ഓർക്കുവാനും പ്രാർത്ഥിക്കുവാനുമുള്ള മാസമായതിനാൽ പ്രാർത്ഥനയിലും പ്രവർത്തനങ്ങളിലും മുന്നേറാം.

**തങ്കച്ചൻ മാപ്പിളക്കുന്നേൽ**
രൂപതാ സെക്രട്ടറി

# തിരുബാലസഖ്യം

വിശുദ്ധൻ: **വി. ചാൾസ് ബൊറോമിയോ**
തിരുനാൾ: **സകല വിശുദ്ധരുടെയും തിരുനാൾ** (നവംബർ 1)
സകല മരിച്ചവരുടെയും തിരുനാൾ (നവംബർ 2)
പ്രാർത്ഥന നിയോഗം: ചെറുപ്പത്തിലെ മരണമടഞ്ഞ കുഞ്ഞുങ്ങളുടെ ആത്മാക്കളുടെ നിത്യശാന്തിക്കായി.
സുകൃതജപം: ഈശോയെ നിന്നെ ഞാൻ സ്നേഹിക്കുന്നു.
പ്രവർത്തനങ്ങൾ: വചന മണികൾ (5 മിനിറ്റിൽ ഏറ്റവും അധികം വചനഭാഗങ്ങൾ സഹിതം കാണാതെ പഠിച്ച് അവതരിപ്പിക്കൽ)

തിരുബാലസഖ്യ കുഞ്ഞുങ്ങൾക്കായി ഒക്ടോബർ 12-ാം തീയതി ശനിയാഴ്ച സേക്രഡ് ഹാർട്ട് ഹയർസെക്കന്ററിസ്ക്കൂളിൽ വച്ച് രൂപതാ കലാമൽസരം നടത്തപ്പെട്ടു. മൽസരത്തിൽ മേഖലാതല ഓവറോൾ നടവയൽ, കല്ലോടി, ബത്തേരി മേഖലകൾ യഥാക്രമം 1,2,3 സ്ഥാനങ്ങളും, ശാഖാതല ഓവറോൾ അമ്പലവയൽ, ബത്തേരി, കൊട്ടിയൂർ എന്നീ ശാഖകൾ 1,2,3 സ്ഥാനങ്ങളും കരസ്ഥമാക്കി.

സെക്രട്ടറി
**അജീറ്റ കന്നുകെട്ടിയിൽ**

**ബൈബിൾ കൺവെൻഷൻ**

പനമരം നവജ്യോതി സെന്ററിൽ വെച്ച് 2024 സെപ്റ്റംബർ 21-ാം തീയതി ശനിയാഴ്ച രാവിലെ 9 മണിമുതൽ വൈകുന്നേരം നാലുമണിവരെ നടന്ന സി. ലിസ്യൂ മരിയ സി.എം.സി. നേതൃത്വം നൽകിയ ബൈബിൾ കൺവെൻഷനിൽ 25 ലൈഫ് ട്രെയിനിങ്ങ് വിദ്യാർത്ഥികൾ പങ്കുചേർന്നു. വചനത്തോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനും പുത്തൻ ഉണർവിനും ഇത് കാരണമായി. പങ്കെടുത്ത വിദ്യാർത്ഥികൾക്ക് അഭിനന്ദനങ്ങൾ.

**DISHA EXPO INSIGHT Student's Seminar - തൃശൂർ**

സംസ്ഥാന സർക്കാർ ഒക്ടോബർ 4 മുതൽ 8 വരെ തൃശൂർ തേക്കിൻകാട് മൈതാനത്ത് വച്ച് സംഘടിപ്പിച്ച 'ദിശ' അന്താ രാഷ്ട്ര ഉന്നത വിദ്യാഭ്യാസ പ്രദർശനത്തിൽ ലൈഫ് ട്രെയിനിങ് 2020 ബാച്ചിലെ വിദ്യാർത്ഥിനി ആൻ മരിയ അജിൻ പ്രബന്ധം അവതരിപ്പിച്ചു. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള Career Guidance and Adolescent Counselling Cell ന്റെ കീഴിൽ എല്ലാവർഷവും സംഘടിപ്പിക്കപ്പെടുന്ന ഉന്നത വിദ്യാഭ്യാസ പ്രദർശനത്തിൽ ചരിത്രത്തിൽ ആദ്യമായിട്ടാണ് വിദ്യാർത്ഥികൾക്ക് പ്രബന്ധാ വതരണത്തിനുള്ള അവസരം ലഭിക്കുന്നത്. എല്ലാവർഷവും മുടങ്ങാതെ നടക്കുന്ന ഈ EXPO ൽ ഇന്ത്യയിലെ പ്രമുഖ കോളേ ജുകളുടെ പ്രതിനിധികളും ലക്ഷക്കണക്കിന് വിദ്യാർത്ഥികളും അധ്യാപകരും ഉദ്യോഗാർത്ഥികളും പുത്തൻ ജോലി സാധ്യത കളെക്കുറിച്ച് മനസ്സിലാക്കാനും അവയിലേക്ക് കാലെടുത്തു വെയ്ക്കാനുമായി കടന്നുവരുന്നു. പ്രബന്ധാവതരണത്തിനു ള്ള ആദ്യ കടമ്പയായി പേപ്പറിന്റെ abstract സമർപ്പിക്കുകയും തുടർന്നുള്ള ഇൻറർവ്യൂകളിലൂടെയും മെൻറർഷിപ്പ് പ്രോഗ്രാ മുകളിലൂടെയുമാണ് വിദ്യാർത്ഥികളെ തെരഞ്ഞെടുത്തത്. Sustainable Development and Green Technology എന്ന വിഷയത്തിലാണ് ആൻ മരിയ പ്രബന്ധം അവതരിപ്പിച്ചത്. ആൻ മരിയ അജിന് യൂത്ത് മിനിസ്ട്രിയുടെ അഭിനന്ദനങ്ങൾ.

**ലൈഫ് ട്രെയിനിങ്ങ്**

2024 ഒക്ടോബർ പത്താം തീയതി വ്യാഴാഴ്ച വൈകുന്നേരം ആറുമണി മുതൽ ഒക്ടോബർ പതിനൊന്നാം തീയതി വെള്ളിയാഴ്ച വൈകുന്നേരം നാലുമണിവരെ ലൈഫ് 2024 ബാച്ചിലെ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള പരിശീലനം ദ്വാരക പാസ്റ്റർ സെന്ററിൽ വച്ച് നടന്നു. ഒക്ടോബർ പതിനൊന്നാം തീയതി വെള്ളിയാഴ്ച 6 മണി മുതൽ പന്ത്രണ്ടാം തീയതി ശനിയാഴ്ച നാലു മണിവരെ 2019 മുതൽ 2023 വരെയുള്ള ബാച്ചുകൾക്ക് സംയുക്തമായി ട്രെയിനിങ്ങ് നൽകി. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങൾ ഇതിന് നേതൃത്വം നൽകി. പ്രശസ്ത സയൻസ് അധ്യാപകൻ സെബിൻ പോരൂർ രണ്ടു ദിവസത്തെയും ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. 52 വിദ്യാർത്ഥികൾ പരിശീലനത്തിൽ പങ്കുചേർന്നു. കൂടുതൽ സജീവമായ പഠനത്തിലേക്കും ആത്മീയ ജീവിതത്തിലേക്കും ഇത് സഹായകമായി.

**അഭിനന്ദനങ്ങൾ**

2024 ഒക്ടോബർ 12-ാം തീയതി ശനിയാഴ്ച ദ്വാരകയിൽ വച്ച് നടന്ന ചെറുപുഷ്പ മിഷൻ ലീഗിന്റെ മാനന്തവാടി രൂപതാ ബൈബിൾ കലോത്സവത്തിൽ ലൈഫ് വിദ്യാർത്ഥികൾ ഉന്നത വിജയം നേടി. പെൺകുട്ടികളുടെ സബ്ജൂനിയർ വിഭാഗത്തിൽ പ്രസംഗ മത്സരത്തിന് എ ഗ്രെയ്ഡോടെ ഒന്നാം സ്ഥാനത്തിന് ലൈഫ് 2024 ബാച്ചിലെ ഒലീവിയ അഗസ്റ്റിൻ അർഹയായി. ആൺകുട്ടികളുടെ സബ്ജൂനിയർ വിഭാഗം ലളിതഗാനത്തിന് എ ഗ്രെയ്ഡോടെ ഒന്നാം സ്ഥാനത്തിന് ലൈഫ് 2024 ബാച്ചിലെ ക്രിസ് പോൾ കണിയാരം അർഹനായി. പെൺകുട്ടികളുടെ ജൂനിയർ വിഭാഗം പ്രസംഗമത്സരത്തിന് എ ഗ്രെയ്ഡോടെ രണ്ടാം സ്ഥാനത്തിന് ലൈഫ് 2023 ബാച്ചിലെ ഇവാന മനോജ് പുതിയിടം സമ്മാനം നേടി. ചെറുപുഷ്പ മിഷൻ ലീഗിന്റെ സംസ്ഥാന ബൈബിൾ കലോത്സവത്തിൽ പങ്കെടുക്കുവാൻ യോഗ്യത നേടിയ മൂന്നു പേർക്കും യൂത്ത് മിനിസ്ട്രിയുടെ അഭിനന്ദനങ്ങൾ.

**സി. ആൻസി തോമസ് സി.എം.സി**
കോഡിനേറ്റർ, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

**ഇ എസ് എ**

ഇ എസ് എ യുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ 2024 ജൂലൈ 30ന് പുറപ്പെടുവിച്ച പുതിയവിജ്ഞാപനത്തിൽ കേരളത്തിലെ 131 വില്ലേജുകൾ പൂർണമായും ഇ എസ് എ പരിധിയിൽ ഉൾപ്പെട്ടിരിക്കുന്നു. മലയോര ജനതയെ ഏറെ ദോഷകരമായി ബാധിക്കുന്ന ഈ വിജ്ഞാപനം പിൻവലിക്കണമെന്നും, ജനവാസ മേഖല ഒഴിവാക്കിക്കൊണ്ടുള്ള ഒറ്റ മാപ്പ് പ്രസിദ്ധീകരിച്ച് ജനങ്ങളുടെ ആശങ്കകൾ ഒഴിവാക്കണമെന്നും കെ.സി.വൈ.എ.ം മാനന്തവാടി രൂപത പ്രസിഡന്റ് ശ്രീ. ജിഷിൻ മുണ്ടക്കത്തടത്തിൽ അഭിപ്രായപ്പെട്ടു. ഇ എസ് എ വനമേഖലയിൽ മാത്രമായി പരിമിതപ്പെടുത്തണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് കെ.സി.വൈ.എ.ം മാനന്തവാടി രൂപതയിലെ യുവജനങ്ങൾ പരാതികൾ അയച്ചു. ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് മേഖല യൂണിറ്റ് തലങ്ങളിൽ കേന്ദ്രമന്ത്രാലയത്തിന് പരാതികൾ അയക്കാൻ ആഹ്വാനം ചെയ്തു.

**ഇമെയിൽ ക്യാമ്പെയ്ൻ**

പരിസ്ഥിതി സംരക്ഷണ നിയമ പ്രകാരം ജൂലൈ 31 ന് പുറപ്പെടുവിച്ച ആറാമത് കരട് വിജ്ഞാപനം കേരളത്തിന് വലിയ ആശങ്കകൾ ഉയർത്തുന്നതിനാൽ (ESA) വിജ്ഞാപനത്തിനെതിരെ കെ.സി.വൈ.എം. മാനന്തവാടി രൂപത ഇമെയിൽ ക്യാമ്പെയ്ൻ സംഘടിപ്പിച്ചു.

**മണ്ണുവിളമ്പി പ്രതിഷേധം**

കർഷകർ നേരിടുന്ന പ്രതിസന്ധികളെ അധികാരികളിലേക്ക് എത്തിക്കുന്നതിനായി മണ്ണ് വിളമ്പി പ്രതിഷേധിച്ചു. കെ.സി.വൈ.എം. മാനന്തവാടി രൂപത കർഷകരോടൊപ്പം എന്ന ആഹ്വാനവുമായി മാനന്തവാടി ടൗണിൽ പ്രതിഷേധ സദസ്സും സംഘടിപ്പിച്ചു. പ്രതിഷേധ സദസ്സ് കർഷകനും ദേശീയ അവാർഡ് ജേതാവുമായ ശ്രീ. ഷാജി കേദാരം മണ്ണ് വിളമ്പി ഉദ്ഘാടനം

ചെയ്തു. കെ.സി.വൈ.എം. മാനന്തവാടി രൂപത പ്രസിഡന്റ് ജിഷിൻ മുണ്ടയ്ക്കാത്തടത്തിൽ അധ്യക്ഷത വഹിച്ചു. എ.കെ. സി.സി മാനന്തവാടി രൂപത ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പുരയ്ക്കൽ മുഖ്യപ്രഭാഷണം നടത്തി.

**ഗ്രീൻ ഫ്യൂച്ചർ**

പരിസ്ഥിതി സംരക്ഷണത്തിനായി പൊതുജനങ്ങളിൽ നിന്നുള്ള അഭിപ്രായങ്ങൾ, പരിസ്ഥിതി മലിനീകരണം മൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ, മലിനീകരണ ലഘൂകരണത്തിനായി അടിയന്തരമായി നടപ്പിലാക്കേണ്ട കാര്യങ്ങൾ എന്നിവ മനസ്സിലാക്കുന്നതിനായും പ്രസ്തുത വിഷയങ്ങൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായും കെ.സി.വൈ.എം. മാനന്തവാടി രൂപത ഗ്രീൻ ഫ്യൂച്ചർ പദ്ധതിയുടെ ഭാഗമായ സമൂഹത്തിലെ വിവിധ തലങ്ങളിലുള്ളവരുമായി സംവദിക്കുകയും റീൽസ് രൂപത്തിൽ സാമൂഹ്യ മാധ്യമങ്ങളിൽ പങ്കുവയ്ക്കുകയും ചെയ്തു.

**ഊർജ്ജ 2k24**

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ കായിക മത്സരം *ഊർജ്ജ 2k24* ഒക്ടോബർ രണ്ടാം തീയതി മേരി മാതാ ആർട്സ് ആൻഡ് സയൻസ് കോളേജ് ഗ്രൗണ്ടിൽ വെച്ച് നടന്ന ക്രിക്കറ്റ് മത്സരത്തോടെ സമാപിച്ചു. മുള്ളൻകൊല്ലി മേഖല ഓവറോൾ ചാമ്പ്യന്മാരായി. തരിയോട് മേഖല ഫസ്റ്റ് റണ്ണേഴ്സ് അപ്പും, മാനന്തവാടി മേഖല സെക്കൻഡ് റണ്ണേഴ്സ് അപ്പും കരസ്ഥമാക്കി. വിജയികൾക്കും പങ്കെടുത്തവർക്കും അഭിനന്ദനങ്ങൾ.

**ആഗസ്റ്റ് പ്രവർത്തന മാസാചരണം**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ ഓഗസ്റ്റ് പ്രവർത്തന മാസാചരണത്തിൽ മികച്ച മേഖലയായി മാനന്തവാടി മേഖല തിരഞ്ഞെടുക്കപ്പെട്ടു. കൊട്ടിയൂർ, കമ്മന, കൽപ്ര, തോമാട്ടുചാൽ, മുള്ളൻകൊല്ലി, തരിയോട്, മാനന്തവാടി ടൗൺ ചർച്ച്, പാലേമാട്, വള്ളിക്കെട്ട്, ദ്വാരക യൂണിറ്റുകൾ മികച്ച യൂണിറ്റുകളായി തിരഞ്ഞെടുക്കപ്പെട്ടു. തിരഞ്ഞെടുക്കപ്പെട്ട മേഖലക്കും, യൂണിറ്റുകൾക്കും അഭിനന്ദനങ്ങൾ.

## Faith Link

തിരുവചനത്തിന്റെ ആഴങ്ങളെ തൊട്ടറിയാനും, കൗദാശിക ജീവിതത്തെ കൂടുതൽ അടുത്തറിയാനും, ധാർമിക മൂല്യങ്ങ

ളിൽ ആഴപ്പെട്ട് വളരുവാനും കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഫെയിത് ലിങ്ക് ഓൺ ലൈൻ സ്റ്റഡി ഫോറത്തിന്റെ 4, 5, 6, സെഷനുകൾ സെപ്റ്റംബർ 13, 20, 27, തീയതികളിൽ നടത്തപ്പെട്ടു. വിവാഹം, ഗർഭച്ഛിദ്രം എന്നീ വിഷയങ്ങളിൽ ബഹു . ഫാ. ഡോ. ജോംസ് തനിക്കപ്പാറ ക്ലാസ്സുകൾ നയിച്ചു.

**YOUTH Link**

കെ.സി.വൈ.എം. യൂണിറ്റ് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മേഖല ഭാരവാഹികൾ എന്നിവരുടെ സംഗമമാണ് യൂത്ത് ലിങ്ക്. സെപ്റ്റംബർ 1 ന് ബത്തേരി, നീലഗിരി, മുള്ളൻകൊല്ലി മേഖലകളുടെ സംഗമവും, സെപ്റ്റംബർ 22 ന് ദ്വാരക, പയ്യമ്പള്ളി, കല്ലോടി മേഖലകളുടെ സംഗമവും നടന്നു. സംഗമത്തിൽ യൂണിറ്റ് മേഖലാ അടിസ്ഥാനത്തിൽ നടത്തുന്ന പ്രവർത്തനങ്ങളും പ്രതിസന്ധികളും നൂതന ആശയങ്ങളും ചർച്ച ചെയ്തു. സംഗമങ്ങളിൽ രൂപതാ പ്രസിഡന്റ് ശ്രീ. ജിഷിൻ മുണ്ടയ്ക്കാതടത്തിൽ അധ്യക്ഷത വഹിച്ചു.

**നാമഹേതുക തിരുനാൾ ആശംസകൾ**

കെ.സി. വൈ. എം. മാനന്തവാടി രൂപതയെ നയിക്കുന്ന ഡയറക്ടർ ബഹു. സാന്റോ അമ്പലത്തറ അച്ചന് നാമഹേതുക തിരുനാളിന്റെ ആശംസകൾ നേർന്നു.

**ജന്മദിനാശംസകൾ**

കെ.സി.വൈ.എ.ം മാനന്തവാടി രൂപതാ സെക്രട്ടറി അലിഷ ജേക്കബ് തെക്കിനാലിനും കെ.സി.വൈ.എം മാനന്തവാടി രൂപത സിൻഡിക്കേറ്റ് അംഗങ്ങൾ സി. സാലി ആൻസ് സി.എം.സി, മെലിൻ പുളിക്കയിൽ എന്നിവർക്ക് ജന്മദിനത്തിന്റെ ആശംസകൾ അറിയിച്ചു.

**യൂണിറ്റ് വാർത്തകൾ**

**തോമാട്ടുചാൽ**

മുണ്ടക്കൈ ദുരന്തത്തിൽ കഷ്ടത അനുഭവിക്കുന്ന ഒരു കുടുംബത്തിന് ടിവി സംഭാവന ചെയ്തു. യൂണിറ്റ് ഡയറക്ടർ ബഹു. വിൻസെന്റ് കളപ്പുരക്കൽ അച്ചന്റെ നാമഹേതുക തിരുനാളിനോടനുബന്ധിച്ച് യുവജനങ്ങൾ പള്ളിയിൽ ഒരുമിച്ചു കൂടുകയും അച്ചന് ആശംസകൾ നേരുകയും ചെയ്തു.

**കയ്യൂന്നി**

എട്ടു നോമ്പിന് ഇടവകയിലുള്ള എല്ലാ യുവജനങ്ങളും വിശുദ്ധ കുർബാനയിലും ജപമാലയിലും പങ്കെടുത്തു. നിർധന കുടുംബത്തിലെ സഹോദരിക്ക് ചികിത്സാ സഹായം നൽകി. ഓഗസ്റ്റ് പ്രവർത്തനമാസത്തിൽ സംഘടിപ്പിക്കപ്പെട്ട വിവിധ മത്സരങ്ങളിലെ സമ്മാനങ്ങൾ രൂപത മതബോധന ഡയറക്ടർ ബഹു. ഫാ. തോമസ് കച്ചിറയിൽ വിതരണം ചെയ്തു. അധ്യാപക ദിനത്തിൽ അധ്യാപകർക്ക് ആശംസകൾ അറിയിച്ചു. കെ.സി.വൈ.എം. ന്റെ പങ്കാളിത്തത്തോടെ ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു.

**പാതിരിപ്പാടം**

എട്ടു നോമ്പിനോടനുബന്ധിച്ചു നടന്ന ദിവ്യബലിയിലും ജപമാലയിലും യുവജനങ്ങൾ പങ്കെടുത്തു. യുവജനങ്ങളുടെ നേതൃത്വത്തിൽ രക്തദാന ക്യാമ്പ് നടത്തി. അൻപതോളം പേർ പങ്കെടുത്തു. യുവജനപങ്കാളിത്തത്തോടെ നേത്രപരിശോധന ക്യാമ്പ് നടത്തി. നൂറ്റിപതിനേഴുപേർ പങ്കെടുത്തു.

**കൽപ്ര**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ പ്രവർത്തന മാസമായ ആഗസ്റ്റ് മാസത്തിലെ പ്രവർത്തനങ്ങളുടെ മികവിൽ കൽപ്ര യൂണിറ്റ് കെ.സി.വൈ.എം. നീലഗിരി മേഖലയിലും, മാനന്തവാടി രൂപതയിലും മികച്ച യൂണിറ്റായി കൽപ്ര യൂണിറ്റ് തിരഞ്ഞെടുക്കപ്പെട്ടു. കെ.സി.വൈ.എ.ം മാനന്തവാടി ആഹ്വാനം ചെയ്ത റോഡോ കുഴിയോ.. എന്ന ക്യാമ്പെയ്ൻ കൽപ്ര യൂണിറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളും, യൂണിറ്റിലെ യുവജനങ്ങളും ഒന്ന് ചേർന്ന് കൽപ്ര പന്തക്കാപ്പ് റോഡിലെ കുഴികൾ അടച്ചു. യൂണിറ്റ് പ്രസിഡണ്ട് ശ്രീ. ജിബിൻ മഠത്തിപ്പറമ്പിൽ നേതൃത്വത്തിൽ, ഡയറക്ടർ ഫാ. ജോർജുകുട്ടി കണിപ്പള്ളിൽ, യൂണിറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾ, യുവജനങ്ങൾ അടക്കം 16 പേർ പങ്കെടുത്തു.

ജനറൽ സെക്രട്ടറി
**ജസ്റ്റിൻ തെക്കേമുറിയിൽ**

# കെ.സി.ബി.സി മദ്യവിരുദ്ധസമിതി



**1. ലഹരിവിരുദ്ധ ദൂത്:** കേളകം സാൻജോസ് ഇടവകയിൽ 22-09-2024 ഞായറാഴ്ച ലഹരിവിരുദ്ധ ദിനം ആചരിച്ചു. ഇടവക വികാരി ബഹു. ഫാ. കുര്യാക്കോസ് കുന്നത്ത് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ഡയറക്ടർ ഫാ. സണ്ണി മഠത്തിൽ ബോധവൽക്കരണ ക്ലാസ് നയിച്ചു. ഇടവക ട്രസ്റ്റി ശ്രീ.സണ്ണി പേഴുംകാട്ടിൽ, ബഹു. സി. സൂര്യ SKD, സൺഡേ സ്കൂൾ HM സാജു ഏണിയക്കാട്ട് എന്നിവർ പ്രസംഗിച്ചു. അഭിനവ് എടയത്ത്. എമിൽ വളവനാത്ത്. ശ്രീമതി. ജിബി കൊല്ലറാത്ത്, ആശിഷ് തുംബാനത്ത് എന്നിവർ നേതൃത്വം നൽകി. ജ്വാലാ ലഹരി വിരുദ്ധ ക്ലബ്ബ്, മദ്യവിരുദ്ധ സമിതി എന്നിവ രൂപീകരിച്ചു. പ്രോഗ്രാമിൽ ഇടവകജനം മുഴുവനും പങ്കെടുത്തു.

**2. രൂപതാ എക്സിക്യൂട്ടീവ് യോഗം:** 9-10-2024 ന് ഡയറക്ടർ അച്ചന്റെ സാന്നിധ്യത്തിൽ രൂപതാ പ്രസിഡന്റ് ശ്രീ. രാജു വലിയാറയുടെ അധ്യക്ഷതയിലും ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേർന്ന എക്സിക്യൂട്ടീവ് മീറ്റിംഗിൽ അംഗങ്ങൾ എല്ലാവരും പങ്കെടുത്തു. സെക്രട്ടറി ശ്രീ. മാത്യു ആര്യപ്പള്ളി സ്വാഗതമർപ്പിച്ച യോഗത്തിൽ സമിതിയുടെ ജൂബിലി സമാപന സമ്മേളനം 2025 മാർച്ച് 8ന് നടത്താൻ തീരുമാനിച്ചു.

നവംബർ മാസം ജ്വാല ക്ലബ്ബുകളുടെ നേതൃത്വത്തിൽ ഇടവകകളിൽ എല്ലാ സംഘടനകളുടെയും പിന്തുണയോടെ ലഹരി വിരുദ്ധ മാസാചരണം സംഘടിപ്പിക്കുവാനും തീരുമാനമായി. ഒക്ടോബർ 26ന് മദ്യവിരുദ്ധ സമിതിയുടെയും കെ.സി.വൈ. എമ്മിന്റെയും നേതൃത്വത്തിൽ ലഹരി വിരുദ്ധ ബോധവൽക്കരണ വാഹനപ്രചരണ ജാഥയുടെ ഒന്നാം ഘട്ടം നടപ്പിലാക്കാൻ തീരുമാനിച്ചു. ശ്രീമതി മരിയ ഇഞ്ചിക്കാലായിൽ യോഗത്തിന് നന്ദിയർപ്പിച്ചു.

**3. ലഹരിവിരുദ്ധ മാസാചരണം:** കെ.സി.ബി.സി. മദ്ധ്യവിരുദ്ധ സമിതിയുടെയും രൂപതാ മതബോധന കേന്ദ്രത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ഇടവകകളിലെ മുഴുവൻ അംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് 2024 നവംബർ ഒന്നു മുതൽ 30 വരെ ലഹരിവിരുദ്ധ മാസാചരണം നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. ഇടവകയിലെ ജ്വാലാ ലഹരി വിരുദ്ധ ക്ലബ്ബാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കേണ്ടത്. നവംബർ മാസം മൂന്നാം തീയതി ഞായറാഴ്ച ലഹരിവിരുദ്ധ മാസാചരണത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം നടത്താവുന്നതാണ്. ഇടവകയുടെ പ്രവർത്തന റിപ്പോർട്ട്, വ്യക്തിഗത ഇനങ്ങളിൽ തിരഞ്ഞെടുത്ത സൃഷ്ടികൾ എന്നിവ ഡിസംബർ 15ന് മുൻപായി രൂപത ഓഫീസിലോ ഫൊറോനാ കേന്ദ്രങ്ങളിലോ ഏൽപ്പിക്കേണ്ടതാണ്. വ്യക്തിഗതയിനങ്ങളിൽ മത്സരിക്കുന്നവരുടെ സൃഷ്ടികളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്നവ രൂപതാ മത്സരത്തിൽ സമർപ്പിക്കാവുന്നതാണ്. മത്സരത്തെക്കുറിച്ചും അവാർഡ് നിർണയത്തെയും കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**മികച്ച ഇടവകകൾക്കുള്ള ക്യാഷ് അവാർഡുകൾ**

First - 5000, Second - 3000, Third - 2000

**വ്യക്തിഗത മത്സരങ്ങൾ:** ജലച്ചായം, പോസ്റ്റർ, കൊളാഷ്, കവിത. First - 500, Second - 300, Third - 200

**പ്രായപരിധി:** ജൂനിയർ: 10 വയസ്സു മുതൽ 15 വയസ്സുവരെ, സീനിയർ: 16 വയസ്സു മുതൽ 21 വയസ്സ് വരെ, സൂപ്പർ സീനിയർ: 22 വയസ്സിന് മുകളിൽ.

**ശ്രദ്ധിക്കുക**

വ്യക്തിഗത ഇനങ്ങളിൽ ഇടവകയിൽ നിന്നും ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്ന വ്യക്തികളുടെ സൃഷ്ടികളാണ് സമർപ്പിക്കേണ്ടത്. സൃഷ്ടികൾ വിഷയാധിഷ്ഠിതവും വ്യക്തിപരവും ആയിരിക്കണം. പങ്കെടുക്കുന്ന വ്യക്തികളുടെ പേരും വീട്ടുപേരും ഇടവകയും വിഭാഗവും ( ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ)

കൃത്യമായി എഴുതി സൃഷ്ടിയുടെ സൃഷ്ടിയുടെ കൂടെ മറ്റൊരു പേപ്പറിൽ പിൻ ചെയ്തു വെക്കേണ്ടതാണ്. ജലച്ചായ മത്സര ത്തിൽ ജലച്ചായം മാത്രമേ ഉപയോഗിക്കാവൂ. പോസ്റ്റർ കളർ തുടങ്ങിയവ ഉപയോഗിക്കാൻ പാടില്ല. ജലച്ചായം A3 (42 cm x 29cm) - പേപ്പറിൽ കൂടുതൽ വലിപ്പം പാടില്ല. പോസ്റ്റർ, കൊളാഷ് എന്നിവ 60 cm x 45 cm കൂടുതൽ വലിപ്പം പാടില്ല. ലഹരി വിരുദ്ധമാസാചരണ പ്രവർത്തന റിപ്പോർട്ടിൽ ഫോട്ടോ കൾ, പത്രവാർത്തകൾ, വിവരണങ്ങൾ എന്നിവ ചേർക്കാൻ ശ്രദ്ധിക്കുക.

**രാജു വലിയാറയിൽ**
രൂപതാ പ്രസിഡന്റ്

**വിവാഹ ഒരുക്ക കോഴ്സ്**

ഒക്ടോബർ മാസത്തെ വിവാഹ ഒരുക്ക കോഴ്സിൽ 85 പേർ പങ്കെടുത്തു. നവംബർ മാസത്തെ വിവാഹ ഒരുക്ക കോഴ്സ് 9,10,11,12 തീയതികളിലും മണിമൂളിയിൽ വച്ച് നവംബർ മാസം 23,24,25 തീയതികളിലും, ഡിസംബർ മാസത്തെ വിവാഹ ഒരുക്ക കോഴ്സ് 15,16,17,18 എന്നീ തീയതികളിലും നടത്തപ്പെടുന്നു.

**രൂപതാ വാർത്തകൾ**

**മാതൃവേദി**

മാതാവിന്റെ ജനനതിരുനാൾ ആരംഭം കുറിച്ച് എല്ലാ അമ്മ മാരും നിയോഗങ്ങൾ സമർപ്പിച്ച് ജപമാല ചൊല്ലി പ്രാർത്ഥി ക്കുകയും വി. ബലിയിൽ പങ്കെടുക്കുകയും നോമ്പ് എടുത്ത തിന്റെ ഭാഗമായി ശേഖരിച്ച തുക അഗതിമന്ദിരങ്ങളിലും മാന സിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെ പരിചരിക്കുന്ന സ്ഥാപനങ്ങൾക്കും നൽകി. വി. മദർ തെരേസയുടെ തിരുനാൾ ദിനത്തിൽ എല്ലാ മേഖലകൾക്കും, മേഖലകൾ എല്ലാ ഇടവ കൾക്കും വാട്സ്ആപ്പ് സന്ദേശം അയച്ചു. അധ്യാപക ദിനമായ സെപ്റ്റംബർ 5 ന് രൂപതയിലെ മാതൃവേദിയുടെ ആദ്യകാല പ്രസിഡണ്ടായി സേവനം ചെയ്ത കത്രിക്കുട്ടി ടീച്ചറെ കേളക ത്തെ ഭവനത്തിൽ ചെന്ന് കണ്ട് ഷാളണിയിച്ച് ആദരിച്ചു. അന്തർ ദേശീയ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 21 ന് തൃശൂരിൽ സംഘടിപ്പിച്ച മാർഗംകളി മത്സരത്തിൽ രൂപതയിലെ അമ്മമാർ രണ്ടാം സ്ഥാനം കരസ്ഥമാക്കി. വിവാഹം നടക്കാത്ത യുവജനങ്ങൾക്ക് വേണ്ടി കല്ലോടി മേഖല സെപ്റ്റംബർ മാസം മുഴുവനും ജപമാല ചൊല്ലി കാഴ്ച വയ്ക്കുകയും തിരുസഭയ്ക്ക് വേണ്ടി എല്ലാ അമ്മമാരും ദിവ്യകാരുണ്യ ആരാധന നടത്തി പ്രാർത്ഥിക്കുകയും ചെയ്തു.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 15 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് നവംബർ 19.

**മേഖലാ വാർത്തകൾ**

**തരിയോട്**

8 നോമ്പ് ആചരിച്ചു. അമ്മമാർ പാച്ചോറ് നേർച്ച നൽകി. മേഖലാ ടീം അംഗങ്ങൾ സെമിനാരി വിദ്യാർഥികളെ സന്ദർശിച്ച് ധനസഹായവും മധുരവും നൽകി. വെണ്ണിയോട് വി. മദർ തെരേസയുടെ ദേവാലയത്തിൽ വച്ച് മേഖലാതല മാതൃദിനവും മേഖല ആനിമേറ്റേഴ്സിനെ ആദരിക്കലും സംയുക്തമായി ആചരിച്ചു. സാമ്പത്തിക തകർച്ച നേരിടുന്നവർക്ക് വേണ്ടി ചെന്നലോട് ഇടവക ചെയിൻ റോസറിയും, ജോലി ലഭിക്കാതെ വിഷമിക്കുന്നവർക്ക് വേണ്ടി മംഗളം ഇടവക കരുണകൊന്തയും, ആരോഗ്യപ്രവർത്തകർക്ക് വേണ്ടി തരിയോട് ഇടവക തിരുഹൃദയ ജപമാലയും ചൊല്ലി പ്രാർത്ഥിച്ചു. രൂപതയിൽ നിന്നും അയക്കുന്ന സാന്തമോനിക്ക പ്രാർത്ഥന എല്ലാ യൂണിറ്റുകളിലേക്കും അയച്ചു കൊടുക്കുന്നു.

**ശാഖാ വാർത്തകൾ**

**മക്കിയാട്**

8 നോമ്പിന് ഒരുക്കമായി ബലിയിലും ജപമാലയിലും പങ്കെടുത്തു. കാഴ്ച സമർപ്പണം നടത്തി. ചെയിൻ റോസറി രോഗീ സന്ദർശനം, പള്ളിയും പരിസരവും വൃത്തിയാക്കൽ, അഗതി മന്ദിര സന്ദർശനം എന്നിവ നടത്തി.

**പുതുശ്ശേരിക്കടവ്**

8 നോമ്പിന് ഒരുക്കമായി ബലിയിലും ജപമാലയിലും പങ്കെടുത്തു. കാഴ്ച സമർപ്പണം നടത്തി. തിരുനാൾ ആഘോഷത്തിന്റെ ഭാഗമായി പാച്ചോറ് നൽകി. കുഴിനിലത്തുള്ള ടെസ്സാ ഭവൻ സന്ദർശിച്ച് 12000/- രൂപ ധനസഹായം നൽകി. മാതൃദിനത്തിന്റെ ഭാഗമായി ബത്തേരി അസംപ്ഷൻ ഹോസ്പിറ്റലിലെ ഡോ.സി. ലിസ്സ് മാത്യു SH ന്റെ നേതൃത്വത്തിൽ മക്കളെ അറിയാൻ എന്ന വിഷയത്തെ അസ്പദമാക്കി ബോധവത്കരണ സെമിനാർ നടത്തി.

**റൂബിനഗർ**

മാതാവിന്റെ അമലോൽഭവത്തിരുന്നാൾ ആഘോഷിച്ചു. പായസം വിതരണം ചെയ്തു. ജപമാല റാലി നടത്തി. പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ രോഗികൾക്ക് സാന്ത്വനവും പരിചരണവും നൽകി. മക്കളില്ലാത്ത ദമ്പതികൾക്ക് വേണ്ടി ചെയിൻ റോസറി നടത്തി.

**കോട്ടത്തറ**

എക്സിക്യൂട്ടീവ് നടത്തി. കാഴ്ച സമർപ്പണം നടത്തി. പാവപ്പെട്ട ഒരു കുടുംബത്തിന് ഡ്രസ്സ് നൽകി. രോഗീ സന്ദർശനം നടത്തി. ഹോസ്പിറ്റലിൽ രോഗികളെ സന്ദർശിച്ചു. വൃദ്ധ മാതാപിതാക്കളെ സന്ദർശിച്ച് സഹായം നൽകി. വിൻസന്റ് ഡി പോൾ തിരുനാളിൽ ഭാരവാഹികളെ ആദരിച്ചു. വികാരിയച്ചന്റെ തിരുനാൾ ആഘോഷിച്ചു.

**തലഞ്ഞി**

എട്ടുനോമ്പ്, അധ്യാപകദിനം എന്നിവ ആചരിച്ചു. സെപ്റ്റംബർ 8 മാതൃദിനമായി ആചരിച്ചു. ഒരു ലക്ഷത്തിന്റെ ഭാഗ്യക്കുറി കൂപ്പൺ ചാരിറ്റിക്കു വേണ്ടി നറുക്കെടുക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. വി.വിൻസന്റ് ഡി പോൾ തിരുനാളും, വാർഷികവും നടത്തി. ഓണത്തോടനുബന്ധിച്ച് ഇടവകയിലെ 10 നിർദ്ദന കുടുംബങ്ങൾക്ക് ഓണകിറ്റ് നൽകി.

**കയ്യൂന്നി**

8 നോമ്പ് ആചരണത്തിന്റെ ഭാഗമായി ഇടവകയിലെ പിതാക്കന്മാർക്ക് ലക്കി ജോസഫ്, അമ്മമാർക്ക് ലക്കി മേരി, വിദ്യാർത്ഥിനി വിദ്യാർത്ഥികൾക്ക് മരിയൻ ക്വിസ്, കുഞ്ഞുമക്കൾക്ക് കുഞ്ഞുമേരി തുടങ്ങിയ മത്സരങ്ങൾ നടത്തി. അമലോത്ഭവ തിരുനാളിൽ എല്ലാ അമ്മമാരും കാഴ്ച സമർപ്പണം നടത്തി.

**മരകാവ്**

എക്സിക്യൂട്ടീവ് കൂടി. അധ്യാപക ദിനം, വി. മദർ തെരേസയുടെ തിരുനാൾ എന്നിവ ആചരിച്ചു. അഗതിമന്ദിരം സന്ദർശിച്ചു സഹായം നൽകി. ദേവാലയവും പരിസരവും വൃത്തിയാക്കി. ചൊവ്വാഴ്ചകളിൽ അമ്മമാർ മാനന്തവാടി ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം നൽകുന്നതിനായി സഹായിച്ച് വരുന്നു.

സെമിനാരി വിഹിതം നൽകി. മരിയൻ ക്വിസ്, എലീശ്വ സന്ദർശനം, നവോമി സന്ദർശനം, രോഗി സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി.

**തോമാട്ടുചാൽ**

മാതാവിന്റെ ജനനതിരുനാൾ ആചരിച്ചു. എക്സിക്യൂട്ടീവ് കൂടി. വി. മദർ തെരേസയുടെ തിരുനാൾ ആചരിച്ചു. ഉത്സവ് 2024 എന്ന പേരിൽ അമ്മമാർക്കായി ലോഗോസ് ക്വിസ്, ബൈബിൾ വാക്യ രചനാമത്സരം, വിവിധ കായിക മത്സരങ്ങൾ എന്നിവ നടത്തി. ദേവാലയവും പരിസരവും വൃത്തിയാക്കി.

**പ്രശാന്തഗിരി**

8 നോമ്പ് ആചരിച്ചു. ജനറൽബോഡി യോഗം കൂടി. ജോസ് മാത്യു പുഞ്ചമറ്റം സാർ ക്ലാസിനു നേതൃത്വം നൽകി. രോഗീ സന്ദർശനം നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. യുദ്ധങ്ങൾ ഒഴിവാകുന്നതിനായി 400 ജപമാല ചൊല്ലി. പള്ളിയും പരിസരവും വൃത്തിയാക്കി.

**കുറുമ്പാല**

8 നോമ്പ് ആചരിച്ചു. മാതാവിന്റെ ജനനതിരുനാൾ, വി. വിൻസെന്റ് ഡി പോൾ, അധ്യാപക ദിനം, വി. മദർ തെരേസയുടെ തിരുനാൾ എന്നിവ ആചരിച്ചു. എട്ടു നോമ്പിൽ ദിവസേനയുള്ള നേർച്ച ഭക്ഷണത്തിനു ശേഷം പാത്രം കഴുകി വൃത്തിയാക്കുകയും പരിസരം ശുചീകരിക്കുകയും ചെയ്തു.

**കുറുമണി**

8 നോമ്പ് ആചരിച്ചു. കാഴ്ച സമർപ്പണം നടത്തി നേർച്ചയായി ഉണ്ണിയപ്പം നൽകി. അധ്യാപക ദിനത്തിൽ അധ്യാപകരെ ആദരിച്ചു. ഇടവകയിലെ നിർദ്ധന കുടുംബങ്ങൾക്ക് ഓണക്കിറ്റ് നൽകി. കുറി രണ്ടെണ്ണം നടത്തി വരുന്നു.

**ശിശുമല**

ഗ്രോട്ടോ വൃത്തിയാക്കി. അധ്യാപകദിനം ആചരിച്ചു. ഒരു ക്യാൻസർ രോഗിക്ക് 5000 രൂപ ധനസഹായം നൽകി. മരിയൻ ക്വിസ്, മരിയൻഗാന മത്സരം എന്നിവ സംഘടിപ്പിച്ചു. സ്ട്രോക്ക് വന്നു ചികിത്സയിൽ കഴിയുന്ന ഒരു രോഗിയുടെ ഭവനം

സന്ദർശിച്ച് 1000 രൂപ യുടെ ഭക്ഷണസാധനങ്ങൾ നൽകി. രോഗീ സന്ദർശനം, അഗതിമന്ദിര സന്ദർശനം, ഏലീശ്വാ സന്ദർശനം എന്നിവ നടത്തി. ഭിന്നശേഷിയുള്ള ഒരാളെ സന്ദർശിച്ചു.

**താളിപ്പാടം**

എക്സിക്യൂട്ടീവ് കൂടി നോമ്പാചരിച്ചു. ഏലിശ്വാ സന്ദർ ശനം നടത്തി. ജപമാല സൈന്യം എന്ന പേരിൽ ജപമാല കൂട്ടാ യ്മനടത്തി. ചികിത്സാസഹായമായി 500 രൂപ നൽകി. ഭവന നിർമ്മാണ ബിരിയാണി ചലഞ്ചിൽ പങ്കെടുത്തു

**കേളകം**

എല്ലാമാസവും രണ്ടാമത്തെ ചൊവ്വാഴ്ച അഗതി മന്ദിര ത്തിൽ പൊതിച്ചോറുകൾ നൽകി വരുന്നു. രോഗീ സന്ദർശനം നടത്തി സാമ്പത്തിക സഹായം നൽകുന്നു. ഉപവാസത്തിലൂടെ മാറ്റിവയ്ക്കുന്ന തുക പാവപ്പെട്ട കുടുംബങ്ങൾക്ക് നൽകി.

**ചുങ്കക്കുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. കണ്ടപ്പനം പ്രോവിഡൻസ് ഹോം സന്ദർശിച്ച് 3500 രൂപയുടെ സഹായം നൽകി. അധ്യാപക ദിനം ആചരിച്ചു. മരണവീടുകൾ സന്ദർശിച്ച് അനുശോചനം രേഖപ്പെടുത്തി.

**തേൾപ്പാറ**

അധ്യാപക ദിനത്തിൽ ഇടവകയിലെ എല്ലാ അധ്യാപ കരെയും പോസ്റ്റർ ഉണ്ടാക്കി വാട്സാപ്പിലൂടെ അമ്മമാർ ആദരിച്ചു. 'അമ്മ അൻപ്' എന്ന പേരിൽ അമ്മമാർക്ക് വേണ്ടി സെമിനാർ, മരിയൻ ക്വിസ് എന്നിവ നടത്തി. ESA വിജ്ഞാപനത്തിനെതിരെ പ്രതിഷേധിച്ചു. അഗതിമന്ദിരം സന്ദർശിച്ചു.

**സീതാമൗണ്ട്**

മാതൃദിനത്തിൽ അമ്മമാർ കാഴ്ച സമർപ്പണം നടത്തി. വെള്ളിയാഴ്ചകളിൽ കരുണകൊന്ത ചൊല്ലി. മത്തായി നാമധാ രിയായ മാത്യു കറുത്തേടത്ത് അച്ചന്റെ ഫീസ്റ്റിന് സ്നേഹോപ ഹാരം നൽകി ആദരിച്ചു. ജനറൽ ബോഡി നടത്തി.

**പാടിച്ചിറ**

എട്ടു നോമ്പ് ആചരിച്ചു. വിവിധ നിയോഗങ്ങൾക്കായി

ഓരോ അമ്മയും എത്രയും ദയയുള്ള മാതാവേ എന്ന ജപം ഏഴു തവണ ചൊല്ലി പ്രാർത്ഥിച്ചു. വിവാഹ തടസ്സം നേരിടുന്ന വർക്ക് വേണ്ടി ചെയിൻ റോസറി നടത്തി. ടീച്ചേഴ്സ് ഡേയിൽ ഇടവകയിലെ ടീച്ചേഴ്സിന് ആശംസകൾ അറിയിച്ചു.

**പാലാങ്കര**

എട്ടു നോമ്പ് ആചരിച്ചു. കാഴ്ച സമർപ്പണം നടത്തി. കിടപ്പിലായ രോഗികളെ സന്ദർശിച്ചു പ്രാർത്ഥിച്ചു. മേഖലക്ക് നൽകാനുള്ള വാർഷിക റിപ്പോർട്ട് എഴുതി തയ്യാറാക്കി.

**കബനിഗിരി**

എട്ടു നോമ്പ് ആചരിച്ചു. അഖണ്ഡ ജപമാല അമ്മമാരുടെ നേതൃത്വത്തിൽ നടത്തി. ഒരു നിർധനകുടുംബത്തെ സഹായിച്ചു. വൃദ്ധമാതാവിനെ കുളിപ്പിക്കൽ, ഭക്ഷണം ഉണ്ടാക്കി കൊടുക്കൽ, ഭക്ഷണക്കിറ്റ് കൊടുക്കൽ, വീട് വൃത്തിയാക്കൽ, രോഗീ സന്ദർശനം എന്നിവ നടത്തി. രോഗീസഹായം, ഓണകിറ്റ് എന്നിവ നല്കി.

**മാർട്ടിൻ നഗർ**

വിവിധ നിയോഗങ്ങൾ വച്ച് കരുണകൊന്ത, തിരുഹൃദയ ജപമാല, ചെയിൻ റോസറി എന്നിവ നടത്തി. എട്ടു നോമ്പ് ആചരിച്ചു. ഭാഗ്യവതിയായ അമ്മയെ നറുക്കെടുപ്പിലൂടെ തെരഞ്ഞെടുത്തു. വിവിധ മത്സരങ്ങളുടെ വിജയികൾക്കും ഭാഗ്യവതിയായ അമ്മയ്ക്കും സമ്മാനങ്ങൾ നൽകി. 30 വർഷം മതാധ്യാപനത്തിലൂടെ സേവനം ചെയ്ത ഫിലോ ചേലക്കലിന് മെമെന്റോ നൽകി ആദരിച്ചു. അധ്യാപക ദിനത്തിൽ അധ്യാപകരെ ആദരിച്ചു. മുൻപ്രവർത്തകരായ പ്രായമായ അംഗങ്ങളെ സന്ദർശിച്ചു. ഗവൺമെൻറ് ഹോസ്പിറ്റലിൽ ഭക്ഷണം പാകം ചെയ്ത് സഹായിച്ചു. ഹോസ്പിറ്റലിലും വീടുകളിലും രോഗീ സന്ദർശനം നടത്തി സാമ്പത്തിക സഹായം നൽകി. രണ്ടു കുടുംബങ്ങൾക്ക് ഭക്ഷണ കിറ്റ് നൽകി.

**അസംപ്ഷൻ**

എട്ടു നോമ്പ് ആചരിച്ചു, കാഴ്ച സമർപ്പണം നടത്തിയ സോപ്പ്, സോപ്പ് പൊടി, ഡിഷ് വാഷ് ഇവ ചോക്കാടുള്ള ശാന്തി

സദനിലെ അന്തേവാസികൾക്ക് നൽകി. അധ്യാപക ദിനം ആചരിച്ചു. 'ലഹരിവിമുക്ത കുടുംബം അനുഗ്രഹീത സമൂഹത്തിന്' എന്ന വിഷയത്തെകുറിച്ച് നടത്തിയ ഉപന്യാസ മത്സരത്തിൽ സമ്മാനാർഹരായിട്ടുള്ളവർക്ക് സമ്മാനം നൽകി.

**മഞ്ഞൂറ**

8 നോമ്പിന് ഒരുക്കമായി വാർഡ് അടിസ്ഥാനത്തിൽ മൽസരം നടത്തി വിജയികൾക്ക് സമ്മാനം നൽകി. രോഗീ സഹായമായി 5000 രൂപ നൽകി. പള്ളിയും പരിസരവും വൃത്തിയാക്കി.

**ടൗൺ ചർച്ച് മാനന്തവാടി**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. 8 നോമ്പ് ആചരിച്ചു. കാഴ്ച വയ്പ് നടത്തി. രോഗികളായ ഒരു ഹൈന്ദവ കുടുംബത്തെ സന്ദർശിച്ചു. പോരൂർ സ്നേഹാലയം സന്ദർശിച്ച് 10000 രൂപ സംഭാവന നൽകി. കൂൺ കൃഷി വിളവെടുപ്പ് നടത്തി. പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. രോഗീസഹായമായി 1000 രൂപ നൽകി.

**വടപുറം**

അധ്യാപക ദിനത്തിൽ ഒരു റിട്ടയേർഡ് അധ്യപക ദമ്പതികളെയും ജോലി ചെയ്തു കൊണ്ടിരിക്കുന്ന ഒരു അധ്യാപക ദമ്പതികളെയും ആദരിച്ചു. പ്രസവ ശുശ്രൂഷക്കായി ഒരു അമ്മയ്ക്ക് 2500 രൂപ കൊടുത്തു. ഒരു രോഗിയെ സന്ദർശിച്ച് 2000 രൂപ നൽകി.

**തവിഞ്ഞാൽ**

എട്ടു നോമ്പ് ആചരിച്ചു. എക്സിക്യൂട്ടീവ് കൂടി. മരണാസന്നരുടെ ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥിച്ചു. എക്സിക്യൂട്ടീവ് അംഗത്തിന്റെ അമ്മയുടെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്ത് റീത്ത് വച്ചു. പള്ളിയും പരിസരവും പൂച്ചട്ടി എന്നിവയും വൃത്തിയാക്കി.

**വഞ്ഞോട്**

മേഖലാതല മരിയൻ തീർത്ഥാടനത്തിൽ 14 അമ്മമാർ പങ്കെടുത്തു. നോമ്പിന് ഒരുക്കമായി പള്ളിയും പരിസരവും വൃത്തിയാക്കി. വാർഷിക റിപ്പോർട്ട് മേഖലയ്ക്ക് നൽകി. രോഗീ സന്ദർശനം നടത്തി.

**കരിമ്പിൽ**

പരി. മാതാവിന്റെ ജനന തിരുനാളിന് ഒരുക്കമായുള്ള നൊവേനയുടെ വീഡിയോ ഗ്രൂപ്പിൽ നൽകി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. അദ്ധ്യാപക ദിനത്തിൽ ഇടവകയിലെ അദ്ധ്യാപകരെ ആദരിച്ചു. ഗവ. ആശുപത്രിയിൽ പൊതിച്ചോറ് നൽകി. ഇടവകയിലെ പാവപ്പെട്ട 2 കുട്ടികൾക്ക് വസ്ത്രം വാങ്ങി കൊടുത്ത് സഹായിച്ചു. നവോമി സന്ദർശനം നടത്തി. ഇടവകയിലും ചുറ്റുപാടുമുള്ള ഒറ്റപ്പെട്ടു കഴിയുന്നവരെ സന്ദർശിച്ചു.

**വാളേരി**

എട്ടു നോമ്പ് ആചരിച്ചു. എട്ടു ദിവസം വി. ബലിയിൽ പങ്കെടുത്ത അമ്മമാരിൽ നിന്നും ലക്കി മേരിയെ തെരെഞ്ഞെടുത്തു. സമ്മാനം നൽകി. അധ്യാപക ദിനത്തിൽ എല്ലാ അധ്യാപകരെയും പൂക്കൾ കൊടുത്ത് ആദരിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. എക്സിക്യൂട്ടീവ് കൂടി. സാന്താ മോനിക്ക, വചന കവചം, ചെയിൻ റോസറി എന്നിവ നടത്തി.

**ചോക്കാട്**

എട്ടു നോമ്പ് ആചരിച്ചു. കാഴ്ച സമർപ്പണം നടത്തി. മദർ തെരേസയുടെ ദിനത്തിൽ ശാന്തി സദനിലെ സഹോദരിമാർക്ക് കിടക്കകളും വിരികളും വിതരണം ചെയ്തു. അധ്യാപക ദിനത്തിൽ അധ്യാപകരെ ആദരിച്ചു.

**വാളവയൽ**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. എട്ടു നോമ്പ് ആചരിച്ചു. കാഴ്ചവെയ്പ്പ് നടത്തി. സ്നേഹവിരുന്ന് ഒരുക്കി.

**യവനാർകുളം**

എട്ടു നോമ്പ് ആചരിച്ചു. കാഴ്ച സമർപ്പണം നടത്തി. കാഴ്ച സമർപ്പണത്തിന് ലഭിച്ച തുക ഫണ്ടിലേക്ക് എടുത്തു. രോഗീ സന്ദർശനം നടത്തി. ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണമുണ്ടാക്കുവാൻ സഹായിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി.

**കുഞ്ഞോം**

എട്ടു നോമ്പ് ആചരിച്ചു. വി. മദർ തെരേസ അനുസ്മരണം

നടത്തി. ക്യാൻസർ രോഗികൾ, യുവജനങ്ങൾ എന്നിവർക്ക് വേണ്ടി പ്രത്യേക പ്രാർത്ഥന നടത്തി. അടുക്കളത്തോട്ടം നിർമ്മാണത്തിന് ഒരുക്കങ്ങൾ നടത്തി.

**തരിയോട്**

എട്ടു നോമ്പ് ആചരിച്ചു. കാഴ്ച സമർപ്പണം നടത്തി. വെങ്ങപ്പള്ളിയിലുള്ള റിഹാബിലിറ്റേഷൻ സെന്റർ സന്ദർശിച്ച് അവർക്ക് സഹായം നൽകി. രോഗീദിനം ആചരിച്ചു.

**കരിമാനി**

എട്ടു നോമ്പ് ആചരിച്ചു. മാതാവിന്റെ രൂപം അലങ്കരിച്ചു. രോഗീ സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. സെമിനാരി പഠനസഹായം നൽകി. ക്രൈസ്തവ മാസികകൾ വിതരണം ചെയ്തു.

**നടവയൽ**

എട്ടു നോമ്പ് ആചരിച്ചു. ദശാംശമായി ലഭിച്ച 10500 രൂപ ഭക്ഷണ കിറ്റായി 11 കുടുംബങ്ങൾക്ക് നൽകി. അധ്യാപക ദിനം ആചരിച്ചു. ഒരു നിർധനകുടുംബം സന്ദർശിച്ച് 1000 രൂപയുടെ ഭക്ഷണ കിറ്റ് നൽകി, ആ കുടുംബത്തിലെ മകളുടെ പ്രസവ ശുശ്രൂഷയ്ക്കായി മരുന്നുകൾ വാങ്ങി നൽകി. മരിയൻ ക്വിസ് മത്സരം നടത്തി വിജയികൾക്ക് സമ്മാനം നൽകി. ഭവന സന്ദർശനം, വിധവാ സന്ദർശനം എന്നിവ നടത്തി. കിഡ്നി രോഗിയെ സന്ദർശിച്ച് 2000 രൂപ സഹായം നൽകി. വൃദ്ധമന്ദിരം സന്ദർശിച്ച് വാട്ടർബെഡ് വാങ്ങാൻ 4000 രൂപ സാമ്പത്തിക സഹായം നൽകി. ഡിസംബർ മാസത്തിൽ തിരുപ്പട്ടം സ്വീകരിക്കുന്ന ഡീക്കന് തിരുവസ്ത്രവും, കാസയും പീലാസയും വാങ്ങുവാൻ 15000 രൂപ നൽകി സഹായിച്ചു. എക്സിക്യൂട്ടീവ്, ജനറൽ ബോഡി എന്നിവ നടത്തി.

**ഫാ. ജോസഫ് പരുവുമ്മേൽ**
**ഫാ. ബിനു വടക്കേൽ**

**BIBLE APOSTOLATE**
**DIOCESE OF MANANTHAVADY**
**Logos Quiz 2024 – Results**




ലോഗോസ് ക്വിസ് 2024 ന്റെ റിസൾട്ട് Website ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്തപ്പോൾ ഉപയോഗിച്ച User Id യും Password ഉം ഉപയോഗിച്ച് Login ചെയ്തു റിസൾട്ട് ഡൗൺലോഡ് ചെയ്യാവുന്നതാണ്. രൂപതാ തലത്തിൽ വിവിധ ഗ്രൂപ്പുകളിൽ 1,2,3 സ്ഥാനങ്ങൾ ലഭിച്ചവരുടെ പേര് വിവരം ചുവടെ കൊടുക്കുന്നു. ലോഗോസ് ക്വിസ് വിജയപ്രദമായി നടത്താൻ ആവശ്യകമായ സഹായ സഹകരണങ്ങൾ ചെയ്ത എല്ലാവർക്കും ഒത്തിരി നന്ദി. രൂപതയിൽ 1,2,3 സ്ഥാനങ്ങൾ ലഭിച്ചവർക്കുള്ള സെമി ഫൈനൽ പരീക്ഷ നവംബർ 10 – ന് കോഴിക്കോടു വച്ച് നടത്തപ്പെടുന്നു.

**A Group**

| | | | |
|---|---|---|---|
| I. | Ann Mariya Lejeesh Changhalikavil | - Deepthigiri | - 67 |
| II. | Savio Panikulam | - Palemad | - 63 |
| III. | Aron Maliekkal | - Palemad | - 62 |

**B Group**

| | | | |
|---|---|---|---|
| I | San Mariya Thazhathukarimpanakkal | - Payyampally | - 100 |
| II. | Alanta Binu Ozhukayil | - Thenery | - 86 |
| III. | Aksa Binu Ozhukayil | - Thenery | - 81 |

**C Group**

| | | | |
|---|---|---|---|
| I. | Daniya Saji Vettiyattu | - Kottiyoor | - 96 |
| II. | Sandra Kotteparambil | - Thalanji | - 86 |
| III. | Chingsima R Sangma | - Martin Nagar | - 85 |

**D Group**

| | | | |
|---|---|---|---|
| I. | Sr.Liz Mathew SH | - Bathery | - 99 |
| II. | Bindhu Thomas Malayil Puthenpurayil | - Payyampally | - 97 |
| III. | Deepa Vadakethottam | - Kayyunny | - 96 |

**E Group**

| | | | |
|---|---|---|---|
| I. | Shyla Moonjanattu | - Pazhoor | - 100 |
| II. | Mary Pulikkathadathil | - Vazhavatta | - 95 |
| III. | George NC Nediyaparambil | - Mullenkolly | - 94 |

**F Group**

| | | | |
|---|---|---|---|
| I. | Annamma Puthiyakunnel | - Vythiri | - 92 |
| II. | Thomas Mangalath | - Chungakunnu | - 91 |
| III. | Philomina Thazhathedath | - Manimooly | - 89 |

**Fr. Binu Vadakkel**
Director, Bible Apostolate

# സീയോൻ വാർത്തകൾ

**ഒക്ടോബർ 2024**

ആദ്യശനി കൺവെൻഷനുവേണ്ടി ശുശ്രൂഷകർ ഒക്ടോബർ 04 വെള്ളിയാഴ്ച്ച, രാവിലെ 10 മുതൽ രാത്രി 9.30 വരെ പ്രാർത്ഥിച്ചൊരുങ്ങി, സീയോൻ ഹാളിൽ ആവശ്യമായ ഒരുക്കങ്ങൾ ചെയ്തു. 55 ശുശ്രൂഷകർ പങ്കെടുത്തു.

ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.00 വരെ സീയോനിൽ പൊതുസമ്മേളനം നടന്നു.

**കൺവെൻഷൻ**

ഒക്ടോബർ 05ന് ശനിയാഴ്ച രാവിലെ 8.30 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ കൺവെൻഷൻ ശുശ്രൂഷകൾ സാഘോഷം നടന്നു. ഡയറക്ടർ ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ കൺവെൻഷന് നേതൃത്വം നൽകി. ബഹു. ബ്രദർ ജോസഫ് സ്തുതി ആരാധന നയിച്ചു. ബ്രദർ ബിജു പുളിക്കൽ, സി. അനറ്റ് SKD, സി. റിറ്റി FCC എന്നിവർ ഗാനശുശ്രൂഷക്കും, ബഹു. സിസ്റ്റർ ആൻസി SCV, സിസ്റ്റർ സ്മിത CMC, സിസ്റ്റർ നവ്യ SH, എന്നിവർ മറ്റു ശുശ്രൂഷകൾക്കും നേതൃത്വം നൽകി.

**കൗൺസിലിങ്**

ഒക്ടോബർ 12 ശനി രാവിലെ 09.30 മുതൽ 01 മണിവരെ പൊതു കൗൺസിലിങ് ശുശ്രൂഷ നടന്നു.

**ആന്തരീക സൗഖ്യ ധ്യാനം**

ഒക്ടോബർ 17 വ്യാഴം മുതൽ 20 ഞായർ വരെ താമസിച്ചുള്ള ആന്തരീക സൗഖ്യ ധ്യാനം നടത്തപ്പെട്ടു.

**അഖണ്ഡ ജപമാലയും ജാഗരണ പ്രാർത്ഥനയും**

ഒക്ടോബർ 25 വെള്ളി രാവിലെ 08.30 മുതൽ രാത്രി 10.30 വരെ അഖണ്ഡ ജപമാലയും, ജപമാല റാലിയും, ജാഗരണ പ്രാർത്ഥനയും നടത്തി.

സീയോൻ ചാപ്പലിൽ ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 10.15 ന് കുരിശിന്റെ വഴിയും 11 ന് ആരാധനയും കുമ്പസാരവും, 12 മണിക്ക് വി. കുർബാനയും നടന്നുവരുന്നു.

**നവംബർ മാസത്തിലെ താമസിച്ചുള്ള ധ്യാനം**

14 വ്യാഴം 04 മണി മുതൽ 17 ഞായർ 01 മണിവരെ
For Booking: 8281132195

**ഫാ. ജിന്റോ തട്ടുപറമ്പിൽ**
ഡയറക്ടർ, 9544606936

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,

എല്ലാവർക്കും സുഖമെന്ന് കരുതുന്നു. നവംബർ മാസം നാം സകല വിശുദ്ധരെയും സകല മരിച്ചവരെയും പ്രത്യേകം അനുസ്മരിക്കുന്ന മാസമാണല്ലോ. വിശുദ്ധർ ലോകത്തിൽ ദൈവത്തിന് സാക്ഷികളായി സ്വർഗ്ഗോന്മുഖരായി ജീവിച്ച്, സ്വർഗ്ഗത്തിൽ ദൈവത്തോടൊപ്പം വസിക്കുന്നവരാണ് അവർ നമുക്ക് ജീവിതത്തിൽ മാതൃകകളാണ്. നമ്മൾ വിൻസെൻഷ്യൻ സഹോദരരുടെ സ്വർഗ്ഗീയ മധ്യസ്ഥരാണ് ദൈവമാതാവായ പരിശുദ്ധ കന്യകാ മറിയവും വിശുദ്ധ വിൻസെന്റ് ഡിപോളും. സംഘടനാ പ്രവർത്തനങ്ങളിൽ നമുക്ക് മാർഗ്ഗദീപങ്ങൾ ആവാൻ ഈ സ്വർഗ്ഗീയ മധ്യസ്ഥരോട് നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. ഇതോടൊപ്പം നമുക്ക് മുമ്പേ മരണപ്പെട്ട് ദൈവസന്നിധിയിലേക്ക് യാത്രയായ നമ്മുടെ പൂർവ്വികരെയും അനുസ്മരിക്കാം. ഇന്ന് നാം അനുഭവിക്കുന്ന എല്ലാ സുഖസൗകര്യങ്ങളുടെയും അടിസ്ഥാനം നമ്മളുടെ പൂർവ്വികരാണ്. അവരുടെ ജീവിതം നമുക്കുവേണ്ടി ബലി അർപ്പിക്കപ്പെട്ടവയാണ്. നമ്മുടെ പൂർവ്വികരുടെ സ്വർഗ്ഗീയ പ്രവേശനത്തിന് ദൈവത്തോട് പ്രാർത്ഥിക്കുവാൻ നമുക്ക് കടമയുണ്ട്. എല്ലാവർക്കും നന്മ ആശംസിച്ചു കൊള്ളുന്നു.

**എ.സി. സംഗമങ്ങൾ**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിലിന് കീഴിലുള്ള ഏരിയ കൗൺസിലുകളിൽ നേതൃസംഗമങ്ങൾ നടന്നുവരുന്നു. എല്ലായിടങ്ങളിലും എ.സി ഭാരവാഹികൾ സംഗമങ്ങൾ വിജയിപ്പിക്കുവാൻ അക്ഷീണം പരിശ്രമിക്കുന്നുണ്ട്. നിലമ്പൂർ, മണിമൂളി, ഗൂഡല്ലൂർ, പാടിച്ചിറ, പുൽപ്പള്ളി, ബത്തേരി, വാഴവറ്റ, കൽപ്പറ്റ, തരിയോട്, ചുണ്ടക്കര, നടവയൽ, കല്ലോടി, കൊട്ടിയൂർ തോണിച്ചാൽ എന്നീ എ.സി.

കളിൽ നേതൃത്വ സംഗമങ്ങൾ നടന്നു കഴിഞ്ഞു. സി.സി ഭാര വാഹികൾ എ.സി സംഗമങ്ങളിൽ സജീവ സാന്നിധ്യമാണ്. സംഘടനയുടെ പ്രവർത്തനങ്ങൾ താഴെ തട്ടുമുതൽ സജീവ മാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ നേതൃസംഗമങ്ങൾ നടത്തിവരുന്നത്. ആത്മീയ ഉപദേഷ്ടാക്കൾ, കോൺഫറൻസ്, എ.സി ഭാരവാഹികൾ എന്നിവരാണ് സംഗമത്തിൽ പങ്കെടു ക്കുന്നത്. ഈ നേതൃസംഗമങ്ങളിൽ ചില കാര്യങ്ങൾ നമുക്ക് വ്യക്തമാകുന്നു. പ്രതിവാര യോഗങ്ങൾ, ഭവന സന്ദർശനങ്ങൾ, രോഗീ സന്ദർശനങ്ങൾ എന്നിവയിൽ നിന്ന് നമ്മൾ അല്പം പിന്നോക്കം പോയിട്ടില്ലെയെന്ന് ആത്മശോധന നടത്തേണ്ടി യിരിക്കുന്നു. സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റിയുടെ അടിസ്ഥാനം എന്നു പറയുന്നത് തന്നെ പ്രതിവാരയോഗങ്ങളും ഭവന സന്ദർശനങ്ങളും രോഗീ സന്ദർശനങ്ങളും ആണ്. ഇവ യില്ലാതെ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിക്ക് നില നിൽപ്പില്ല. വിൻസെന്റ്ഡി പോൾ സൊസൈറ്റി സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫെഡറിക് ഓസാനം നമുക്ക് കാണിച്ചു തന്ന മാർഗ്ഗവും ഇവയാണ്. സഹായം ആവശ്യമുള്ളവർ നമ്മെ തേടി വരിക എന്നതിലല്ല നമ്മൾ അവരെ തേടി കണ്ടെത്തുക എന്നു ള്ളതാണ് വിൻസെൻഷ്യൻ ആശയം. പ്രതിവാര യോഗവും ഭവന സന്ദർശനവും നടത്തുന്നതിനോടൊപ്പം തന്നെ മാസത്തിൽ ഒരു ദിവസമെങ്കിലും വിൻസെൻഷ്യൻ അംഗങ്ങൾ ഒരുമിച്ച് ചേർന്ന് പ്രാർത്ഥനയ്ക്കായി അൽപസമയം നീക്കി വയ്ക്കണം. ഇക്കാര്യങ്ങളിൽ എല്ലാ വിൻസൻഷ്യൻ സഹോദരരുടെയും ശ്രദ്ധ പ്രത്യേകം പതിയുമെന്ന് കരുതുന്നു.

**ഓസാനംഭവൻ**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ മുഖമുദ്രയായ ഓസാനം ഭവന്റെ പ്രവർത്തനങ്ങൾ ദൈവകൃ പയാൽ ഭംഗിയായി മുന്നേറുന്നു. 73 അന്തേവാസികളാണ് ഇപ്പോൾ ഓസാനം ഭവനിൽ ഉള്ളത്. ഇവരിൽ 20 പേരോളം

കിടപ്പ് രോഗികളാണ്. ഇവർക്ക് വേണ്ടതായ മരുന്ന്, വസ്ത്രം, ഭക്ഷണം എന്നിവയോടൊപ്പം രോഗീ പരിപാലത്തിനുള്ള ശുശ്രൂഷകരുടെ പ്രതിഫലം എന്നിവ കണ്ടെത്തുക ഭാരിച്ച ഉത്തരവാദിത്വമാണ്. നമ്മൾ സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റി പ്രവർത്തകർ ഇക്കാര്യത്തിൽ കൂടുതൽ ശുഷ്കാന്തിയോടെ പ്രവർത്തിക്കണമെന്ന് ഇത്തരുണത്തിൽ സ്നേഹപൂർവ്വം ഓർമിപ്പിക്കുകയാണ്. ഓസാനം ഭവനിലെ അന്തേവാസികളെ സഹായിക്കുന്നതിനായി സുമനസുകളായ വ്യക്തികളെ കണ്ടെത്തുന്നതിന് ഓരോ വിൻസെൻഷ്യനും ആത്മാർത്ഥമായി പ്രവർത്തിക്കണം.

**റവ.ഫാ. ജോജോ കുടക്കച്ചിറ**
സി.സി ആത്മീയ ഉപദേഷ്ടാവ്
**ബ്രദർ ബാബു നമ്പുടാകം**
സി.സി പ്രസിഡന്റ്

**കത്തോലിക്ക സഭയുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾ മഹനീയം: ബ്രിട്ടീഷ് ഡെപ്യൂട്ടി ഹൈകമ്മീഷണർ**

ചൂരൽമല മുണ്ടക്കൈ ദുരിത ബാധിതർക്ക് കത്തോലിക്ക സഭയുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾ മഹനീയമെന്ന് ബ്രിട്ടീഷ് ഡെപ്യൂട്ടി ഹൈകമ്മീഷണർ ജെയിംസ് ഗോഡ്ബെർ അഭിപ്രായ പെട്ടു. ദുരിത ബാധിതർക്ക് മാനന്തവാടി രൂപതയുടെ സാമൂഹ്യ വികസന പ്രസ്ഥാനമായ വയനാട് സോഷ്യൽ സർവീസ് സൊ സൈറ്റി വഴി നൽകി വരുന്ന ബാക്ക് റ്റു ഹോം കിറ്റുകളുടെ വിത രണ ഉദ്ഘാടനം നടത്തി സംസാരിക്കുകയായിരുന്നു അദ്ദേഹം. മഹാദുരന്തത്തിൽ സർവ്വതും നഷ്ടപ്പെട്ടവർക്ക് ആശ്വാസമാ കുവാൻ സർവ്വരും ഒന്നായി നിൽക്കണമെന്നും, കൂട്ടായ പ്രവർ ത്തനങ്ങളിലൂടെ അതിജീവനം സാധിതമാക്കണമെന്നും ഡെപ്യൂട്ടി ഹൈകമ്മീഷണർ ഓർമ്മിപ്പിച്ചു. ദുരന്തം നടന്ന ദിനം മുതൽ ഇന്നുവരെ മാനന്തവാടി, സുൽത്താൻ ബത്തേരി, കോഴിക്കോട് രൂപതകൾ അവരുടെ സാമൂഹ്യ സേവന വിഭാഗങ്ങൾ വഴി മാതൃ കാപരമായ ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾ ആണ് നടപ്പിലാക്കിവരുന്നതെന്നും, കത്തോലിക്ക സഭയ്ക്കു വേണ്ടി കേരള സോഷ്യൽ സർവീസ് ഫോറം, കാരിത്താസ് ഇന്ത്യ, കാത്തലിക് റിലീഫ് സർവീസസ് തുടങ്ങിയവ കാര്യക്ഷമമായ നേതൃത്വവും പിന്തുണയുമാണ് നൽകി വരുന്നത് എന്നും ഡെപ്യൂട്ടി ഹൈകമ്മീഷണർ അഭിപ്രായപ്പെട്ടു. ചൂരൽമല സെന്റ് സെബാ സ്റ്റ്യൻസ് ചർച്ച് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ കേരള സോഷ്യൽ സർവീസ് ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ റെവ.ഫാ. ജേക്കബ് മാവുങ്കൽ അദ്ധ്യക്ഷത വഹിച്ചു. കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ നേതൃത്വത്തിൽ കാരി ത്താസ് ഇന്ത്യ, കാത്തലിക് റിലീഫ് സർവീസസ്, വയനാട്

സോഷ്യൽ സർവീസ് സൊസൈറ്റി, ശ്രേയസ് സുൽത്താൻ ബത്തേരി, ജീവന കോഴിക്കോട് എന്നിവയുടെ നേതൃത്വത്തിൽ ആണ് ജില്ലയിൽ കത്തോലിക്ക സഭ ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത്. കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ 175 കുടുബങ്ങൾക്കാണ് കിറ്റുകൾ വിതരണം ചെയ്തത്.

10000 രൂപയോളം വിലവരുന്ന കിറ്റിൽ കിടക്ക, ബെഡ് ഷീറ്റ്, തലയിണ, പാത്രങ്ങൾ, ബക്കറ്റുകൾ, കുക്കർ, ഗ്ലാസ്, പ്ലേറ്റ്, കൊതുക് വല, സോളാർ ടോർച്ച്, ടൂത്ത് ബ്രഷ്, ബാത്ത് സോപ്പ്, വാഷിംഗ് പൗഡർ എന്നിവ അടങ്ങിയിട്ടുണ്ട്. കിറ്റ് വിതരണത്തിന് തെരഞ്ഞെടുക്കപ്പെട്ട കുടുബങ്ങൾക്ക് അവരുടെ അക്കൗണ്ടിലേക്ക് 9500 രൂപ വീതം നൽകി വരുന്നു. കാരിത്താസ് ഇന്ത്യ ടീം ലീഡർ ഡോക്ടർ വി.ആർ.ഹരിദാസ് മുഖ്യ പ്രഭാക്ഷണം നടത്തി. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ.ജിനോജ് പാലത്തടത്തിൽ, ശ്രേയസ് ബത്തേരി എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ. ഡേവിഡ് ആലുങ്കൽ, ജീവന എക്സിക്യൂട്ടിവ് ഡയറക്ർ റവ. ഫാ. ആൽബർട്ട് വി.സി., ചൂരൽമല പള്ളി വികാരി റവ.ഫാ. ജിബിൻ വട്ടുകുളത്തിൽ, കാരിത്താസ് സ്റ്റേറ്റ് ഓഫീസർ അഭീഷ് ആന്റണി, ഫിനാൻസ് ഓഫീസർ നിക്സൺ മാത്യു, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ്.പി.എ എന്നിവർ സംസാരിച്ചു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ടീം അംഗങ്ങളായ റോബിൻ ജോസഫ്, ദീപു ജോസഫ്, ചിഞ്ചു മരിയ, ആലിസ് സിസിൽ, ഷീന ആന്റണി, ബിൻസി വർഗീസ്, ജിനി ഷിനു എന്നിവർ നേതൃത്വം നൽകി.

**ശുചിത്വ ബോധവൽക്കരണ സെമിനാർ നടത്തി**

മാനന്തവാടി രൂപതയുടെ സാമൂഹ്യ വികസന പ്രസ്ഥാനമായ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പുഞ്ചിരിമട്ടം ദുരിത ബാധിതർക്കുവേണ്ടി വിപുലമായ രീതിയിൽ ശുചിത്വ ബോധവൽക്കരണ പരിപാടി നടത്തി. മഹാ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സാംക്രമിക രോഗങ്ങളുടെ നിയന്ത്രണം

ഉറപ്പുവരുത്തുന്നതിനും ആരോഗ്യം ഉറപ്പുവരുത്തുന്നതിനുമായിട്ടാണ് ശുചിത്വ ബോധവൽക്കരണ സെമിനാർ നടത്തിയത്. സീഡ്സ് എന്ന ഏജൻസിയുമായി സഹകരിച്ചു നടത്തിയ ശുചിത്വ ബോധവൽക്കരണ സെമിനാർ ചൂരൽമല സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് ഓഡിറ്റോറിയത്തിൽ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിൽ ഉത്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ്.പി.എ അദ്ധ്യക്ഷത വഹിച്ചു. ചൂരൽമല, നീലിക്കാപ്പ്, അംബേദ്ക്കർ കോളനി, അരമ്പറ്റ, പുത്തുമല, സെന്റിനൽ റോക്ക് എസ്റ്റേറ്റ്, മേപ്പാടി എന്നിവിടങ്ങളിലായി നടന്ന ശുചിത്വ ബോധവൽക്കരണ പരിപാടികളിൽ 1280 പേർ പങ്കെടുത്തു. പരിശീലന പരിപാടിക്ക് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ടീം അംഗങ്ങളായ റോബിൻ ജോസഫ്, ദീപു ജോസഫ് ചിഞ്ചു മരിയ, ബിൻസി വർഗീസ്, ഷീന ആന്റണി, ജിനു ഷിനു, ആലിസ് സിസിൽ എന്നിവരും സീഡ്സ് ഏജൻസിയിലെ റ്റാനിയ എന്നിവർ നേതൃത്വം നൽകി.

**നബാർഡ് ജില്ലാ മാനേജർ സന്ദർശനം നടത്തി**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ മുള്ളൻകൊല്ലി നീർത്തട പ്രദേശത്ത് നടപ്പിലാക്കി വരുന്ന നബാർഡ് നീരുറവ സംരക്ഷണ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും നബാർഡിന്റെ ജില്ലാ മാനേജർ ആനന്ദ് ആർ നീർത്തട പ്രദേശത്ത് സന്ദർശനം നടത്തി. തിരുവനന്തപുരം നബാർഡ് റീജിയണൽ ഓഫീസിലെ അസിസ്റ്റന്റ് മാനേജർ മെഹബൂബ് ഷെയ്ക്കും അദ്ദേഹത്തോടൊപ്പം പങ്കെടുത്തു. സന്ദർശനത്തിന്റെ ഭാഗമായി നീർത്തട കമ്മിറ്റി അംഗങ്ങളുമായി ചർച്ച, രേഖകളുടെ പരിശോധന എന്നിവ നടത്തി. കൂടാതെ നീർത്തട പ്രദേശത്ത് നടപ്പിലാക്കിയ കിണർ റീചാർജിങ്, പച്ചക്കറി നേഴ്സറി, ജൈവവള നിർമ്മാണ യൂണിറ്റ്, നീരുറവ സംരക്ഷണം, കുളം പുനരുദ്ധരിക്കൽ, ചെറുകിട ജലസേചനം, മൺകയ്യാലകൾ, കല്ല് കയ്യാലകൾ തുടങ്ങിയ പദ്ധതി

പ്രവർത്തങ്ങൾ നേരിട്ട് കണ്ടു മനസ്സിലാക്കി. സന്ദർശനത്തിന് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ്.പി.എ., പ്രൊജക്റ്റ് കോ ഓർഡിനേറ്റർ ദീപു ജോസഫ് നീർത്തട കമ്മിറ്റി അംഗങ്ങളായ പി സുനിൽകുമാർ, സതീഷ് ബാബു, ചന്ദ്രിക സതീഷ് ബാബു എന്നിവർ നേതൃത്വം നൽകി.

**പുഞ്ചിരിമട്ടം ദുരന്ത ബാധിതരുടെ ദീർഘകാല പുനരധിവാസത്തിന് കത്തോലിക്കാസഭ നേതൃത്വം നല്കണം-ഡോ. വി. ആർ ഹരിദാസ്**

ഇനിയുള്ള നാളുകളിൽ പുഞ്ചിരിമട്ടം ദുരന്തബാധിതരുടെ ദീർഘകാല പുനരധിവാസത്തിന് കത്തോലിക്കാസഭ നേതൃത്വം നൽകണമെന്ന് കാരിത്താസ് ഇന്ത്യ ടീം ലീഡറും പ്രമുഖ പരിസ്ഥിതി പ്രവർത്തകനുമായ ഡോ. വി. ആർ ഹരിദാസ് അഭിപ്രായപ്പെട്ടു. ദുരന്ത ബാധിതർക്ക് ഭവനങ്ങൾ ഒരുക്കൽ, ഉപജീവന മാർഗ്ഗങ്ങൾ കണ്ടെത്തൽ, കുട്ടികളുടെ വിദ്യാഭ്യാസം, കുടിവെള്ളം -ശുചിത്വപദ്ധതികൾ, പൊതു ആസ്തികൾ സൃഷ്ടിക്കൽ എന്നിവയ്ക്ക് പ്രാധാന്യം നൽകണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കാരിത്താസ് ഇന്ത്യയുടെ നേതൃത്വത്തിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി, ശ്രേയസ് ബത്തേരി, ജീവന കോഴിക്കോട് എന്നിവയുടെ നേതൃത്വത്തിൽ പുഞ്ചിരിമട്ടം ദുരന്തബാധിതർക്ക് നൽകിയ ദുരിതാശ്വാസ-പുനരധിവാസ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തി സംസാരിക്കുകയായിരുന്നു അദ്ദേഹം. കാരിത്താസ് ഇന്ത്യ, സീഡ്സ്, എന്നീ ഏജൻസികളുടെ സഹകരണത്തോടെ പുഞ്ചിരിമട്ടം ദുരന്തത്തിൽ ഉൾപ്പെട്ട 950 കുടുംബങ്ങൾക്ക് 9500 രൂപ വീതം അവരുടെ അക്കൗണ്ടിലേക്ക് നൽകുവാനും അതേ കുടുംബങ്ങൾക്ക് തന്നെ 10000 രൂപയോളം വരുന്ന ബാക്ക് ടു ഹോം കിറ്റുകൾ വിതരണം ചെയ്യുവാനും സാധിച്ചു. ബ്രിട്ടീഷ് സർക്കാരിന്റെ സ്റ്റാർട്ട് ഫിൽ ഉൾപ്പെടുത്തിയാണ് മാതൃകാപരമായ ഈ പ്രവർത്തനം നടത്തിയത്. കൂടാതെ സീമൻസിന്റെ സാമ്പത്തിക

സഹായത്തോടെ ജില്ലയിലെ 900 പ്രളയ ബാധിത കുടും ബങ്ങൾക്ക് ബക്കറ്റ്, സോപ്പ്, സോപ്പുൽപ്പന്നങ്ങൾ, ബ്രഷ്, പേസ്റ്റ്, മഗ് തുടങ്ങിയവ അടങ്ങിയ ശുചിത്വ കിറ്റുകളും വിത രണം ചെയ്തു. ഇതിലേക്കാവശ്യമായ ഗുണഭോക്താക്കളെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി, ശ്രേയസ് ബത്തേരി, ജീവന കോഴിക്കോട് എന്നിവയിൽ നിന്നും ഉള്ള മുപ്പതോളം ടീം അംഗങ്ങൾ ക്യാമ്പുകളിലും ഭവനങ്ങളിലും നേരിട്ട് സന്ദർശനം നടത്തി കണ്ടെത്തുകയും അവരുടെ വിവ രങ്ങൾ KOBO സാങ്കേതിക വിദ്യ ഉപയോഗിച്ച് ശേഖരിക്കുകയും ചെയ്തു. പ്രാദേശിക തലത്തിൽ വാർഡ് മെമ്പർമാർ, ദുരന്ത ബാധിതർ, പ്രദേശത്തെ സന്നദ്ധ പ്രവർത്തകർ എന്നിവർ അടങ്ങിയ കമ്മറ്റിയാണ് ഗുണഭോക്താക്കളെ കണ്ടെത്തിയത്. ഇതി ലൂടെ അർഹരായ വ്യക്തികളെ മാത്രം കണ്ടെത്തുവാൻ സാധിച്ചു. കാരിത്താസ് ഇന്ത്യയുടെ കൃത്യമായ ഏകോപനത്തിലൂടെയും മൂന്ന് ഏജൻസികളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങളി ലൂടെയും ഒരു മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കു വാൻ സാധിച്ചു എന്ന് വിലയിരുത്തൽ യോഗത്തിൽ അഭിപ്രായ പ്പെട്ടു. യോഗത്തിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. കാരിത്താസ് ഇന്ത്യ ടീം ലീഡർ അഭീഷ് ആന്റണി, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫിസർ ജോസ് പി എ, ജീവന എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ആൽബർട്ട് വി സി, ശ്രേയസ് പ്രോഗ്രാം ഓഫിസർ ജിലി ജോർജ്ജ് എന്നിവർ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. കാരിത്താസ് ടീം അംഗങ്ങളായ ഡോ. ദിലീഷ് വർഗീസ്, നിക്സൺ മാത്യു, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രൊജക്റ്റ് കോ-ഓഡിനേറ്റർ ചിഞ്ചു മരിയ, ടീം അംഗങ്ങളായ ഷീന ആന്റണി, ബിൻസി വർഗീസ്, ജിനി ഷിനു എന്നിവർ സംസാ രിച്ചു.

**കത്തോലിക്കാ സഭയുടെ നേതൃത്വത്തിൽ ദുരിത ബാധിതർ ക്കുള്ള ഉപജീവന പദ്ധതിക്ക് തുടക്കമായി**

വയനാട് ജില്ലയിൽ ഉരുൾപൊട്ടൽ, വെള്ളപ്പൊക്ക ദുരിത

ത്തിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങളെ ഉപജീവന പദ്ധതികളിലൂടെ സഹായിക്കുന്നതിനുള്ള കത്തോലിക്കാ സഭയുടെ പ്രവർത്തനങ്ങൾക്ക് തുടക്കമായി. ആദ്യഘട്ടത്തിൽ 950 കുടുംബങ്ങൾക്ക് ബാക്ക് ടു ഹോം കിറ്റുകളും അതേ കുടുംബങ്ങൾക്ക് 9500 രൂപ വീതം അവരുടെ അക്കൗുകളിലേക്ക് ക്യാഷ് ട്രാൻസ്ഫറും നടത്തിയിരുന്നു. അതിന്റെ തുടർച്ചയായിട്ട് രണ്ടാം ഘട്ടത്തിൽ 900 കുടുംബങ്ങൾക്ക് വരുമാന വർദ്ധക പരിപാടികൾക്കായി ഒന്നരകോടി രൂപയാണ് കത്തോലിക്കാ സഭ ചെലവഴിക്കുന്നത്. കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെയും കാരിത്താസ് ഇന്ത്യയുടെയും മേൽനോട്ടത്തിൽ കാത്തലിക് റിലീഫ് സർവ്വീസിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി, ശ്രേയസ് ബത്തേരി, ജീവന കോഴിക്കോട് എന്നീ രൂപത സോഷ്യൽ സർവ്വീസ് സൊസൈറ്റികളാണ് ജില്ലയിൽ പദ്ധതി നിർവ്വഹണം നടത്തുന്നത്. അടുത്ത 05 മാസം കൊണ്ട് 900 കുടുംബങ്ങളെ സഹായിക്കുവാനാണ് ലക്ഷ്യം വയ്ക്കുന്നത്.

പദ്ധതിയിൽ പങ്കാളികളായ വ്യക്തികൾക്ക് അവരുടെ അഭിരുചിക്ക് അനുസരിച്ചു വരുമാന വർദ്ധക പരിപാടികൾ തെരഞ്ഞെടുക്കുവാൻ സാധിക്കും. പശു വളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ, കൂൺകൃഷി, തേനീച്ച വളർത്തൽ, ടൈലറിംഗ്, കച്ചവടം, പൂകൃഷി, കറി പൗഡർ യൂണിറ്റ്, മത്സ്യകൃഷി, ഗ്രൂപ്പ് സംരംഭങ്ങൾ തുടങ്ങി വിവിധ പദ്ധതികൾ ഉൾപ്പെടുത്തുന്നതാണ്.

ഈ പ്രൊജക്ടുമായി ബന്ധപ്പെട്ട് പദ്ധതി നിർവ്വഹണം സംബന്ധിച്ച് ആസൂത്രണം നടത്തുന്നതിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ 02 ദിവസത്തെ പരിശീലനം നടന്നു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിലിന്റെ അദ്ധ്യക്ഷതയിൽ കാരിത്താസ് ഇന്ത്യ ടീം ലീഡർ ഡോ. വി. ആർ ഹരിദാസ് ഉദ്ഘാടനം ചെയ്തു.

പദ്ധതി നിർവ്വഹണത്തിലേക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിൽ പാലിക്കേണ്ട മാനദണ്ഡങ്ങളെ കുറിച്ച് വേൾഡ്

ബാങ്ക് കൺസൾട്ടന്റായ പി കെ കുര്യൻ വിശദമാക്കി. പദ്ധതി ഘടകങ്ങൾ തെരഞ്ഞെടുക്കുന്നതിനെക്കുറിച്ചും സുസ്ഥിരത ഉറപ്പു വരുത്തുന്നതിനെ കുറിച്ചും കാത്തലിക് റിലീഫ് സർവ്വീസ് കൺസൾട്ടന്റ് എം അരുളപ്പ വിശദമാക്കി. ജീവന എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ആൽബർട്ട് വി സി, ശ്രേയസ് എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ഡേവിഡ് ആലുങ്കൽ, കേരള സോഷ്യൽ സർവ്വീസ് ഫോറം പ്രൊജക്റ്റ് മാനേജർ ജോസഫ് കെ ഡി, കാത്തലിക് റിലീഫ് ഫോറം ഫിനാൻസ് ഓഫീസർ വർഗ്ഗീസ് സി.ജെ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി എ, ശ്രേയസ് പ്രോഗ്രാം മാനേജർ ഷാജി കെ പി, ജീവന പ്രോഗ്രാം മാനേജർ വിനീത എന്നിവർ സംസാരിച്ചു.

**ആസൂത്രണ വിലയിരുത്തൽ യോഗം നടത്തി**

വയനാട്ടിലെ ഉരുൾപൊട്ടൽ വെള്ളപ്പൊക്ക ദുരിത ബാധിതർക്കായി നടപ്പിലാക്കിവരുന്ന വിവിധ ദുരിതാശ്വാസ പുനരധിവാസ പദ്ധതികളെ കുറിച്ച് വിലയിരുത്തുവാനും തുടർ പ്രവർത്തങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി പദ്ധതിക്ക് നേതൃത്വം നൽകുന്ന വിവിധ ഏജൻസികളുടെ യോഗം വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയിൽ വെച്ച് ചേർന്നു. യോഗത്തിൽ കേരള സോഷ്യൽ സർവീസ് ഫോറം, കാരിത്താസ് ഇന്ത്യ, കാത്തലിക് റിലീഫ് സർവീസ്, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി, ശ്രേയസ് സുൽത്താൻ ബത്തേരി, ജീവന കോഴിക്കോട് എന്നിവയിലെ പ്രതിനിധികൾ പങ്കെടുത്തു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിലിന്റെ അദ്ധ്യക്ഷതയിൽ കേരള സോഷ്യൽ സർവീസ് ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ജേക്കബ് മാവുങ്കൽ ഉദ്ഘാടനം ചെയ്തു. കത്തോലിക്കാ സഭ കഴിഞ്ഞ 02 മാസങ്ങളിൽ നടപ്പിലാക്കിയ ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങളിലൂടെ 2600 ൽ അധികം കുടുബങ്ങൾക്ക് മൂന്ന് കോടിയിൽ അധികം രൂപയുടെ സഹായം ചെയ്യുവാൻ സാധിച്ചു എന്നും, ഒരു രൂപ പോലും കയ്യിൽ ഇല്ലാതിരുന്ന സമയത്ത് അവരുടെ അക്കൗണ്ടുകളിലേക്ക് 9500 രൂപ

വീതം നൽകുവാൻ സാധിച്ചത് വലിയ അനുഗ്രഹമായെന്നും, നൂറു ശതമാനവും അർഹരായ വ്യക്തികളെ കണ്ടെത്തി അവർക്ക് സഹായം നൽകുവാൻ സാധിച്ചു എന്നും യോഗം വിലയിരുത്തി. തുടർന്നുള്ള ആറ് മാസം കത്തോലിക്കാ സഭയുടെ നേതൃത്വത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഭവന നിർമ്മാണം, ഉപജീവന പദ്ധതികൾ, കൗൺസിലിംഗ് സഹായം, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയ പദ്ധതികൾ തുടങ്ങിയവയെ കുറിച്ച് യോഗം ചർച്ച ചെയ്തു. ശ്രേയസ് ബത്തേരി എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ. ഡേവിഡ് ആലുങ്കൽ, ജീവന എക്സിക്യൂട്ടിവ് ഡയറക്ടർ റവ. ഫാ. ആൽബർട്ട് വി സി, കാരിത്താസ് ഇന്ത്യ ടീം ലീഡർ ഡോക്ടർ വി. ആർ.ഹരിദാസ്, കാത്തലിക് റിലീഫ് സർവ്വീസ് ടെക്നിക്കൽ കൺസൾട്ടന്റ് എം.അരുളപ്പ, ഫിനാൻസ് ഓഫീസർ വർഗ്ഗീസ് സി.ജെ, മലബാർ സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം മാനേജർ എബ്രഹാം എന്നിവർ വിലയിരുത്തൽ നടത്തി സംസാരിച്ചു. കേരള സോഷ്യൽ സർവീസ് ഫോറം പ്രോഗ്രാം മാനേജർ കെ .ഡി ജോസഫ്, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ്.പി. എ, ശ്രേയസ് പ്രോഗ്രാം മാനേജർ ഷാജി കെ പി, ജീവന പ്രോഗ്രാം മാനേജർ വിനീത, ഡി ഒ ഡി താമരശ്ശേരി പ്രോഗ്രാം ഓഫീസർ സിദ്ധാർഥ് എസ്. നാഥ് എന്നിവർ റിപ്പോർട്ട് അവതരിപ്പിച്ചു.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

**SWS മീറ്റിംഗ്**

ചുങ്കക്കുന്ന് കൊട്ടിയൂർ, പാറത്തോട്ടം വെള്ളൂന്നി, പാൽചുരം, എലപ്പീടിക, ആലാറ്റിൽ, കല്ലോടി, മുതിരേരി, പോരൂർ, തവിഞ്ഞാൽ, കുറുമണി, ഒഴുക്കന്മൂല, തലപ്പുഴ, മംഗലശേരി, കോട്ടത്തറ, കാരക്കാമല, പടമല, പയ്യമ്പള്ളി, കമ്മന, ചെറുകാട്ടൂർ എന്നീ യൂണിറ്റുകളിൽ മീറ്റിംഗ് നടത്തി. വിവിധ വിഷയങ്ങളിൽ ക്ലാസ്സ് നൽകി.

**സ്വാശ്രയസംഘ രൂപീകരണം**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തലപ്പുഴ, പുതിയിടം, കൊമ്മയാട് എടയൂർ

ക്കുന്ന്, കല്ലിയോട്ട് എന്നീ സ്ഥലങ്ങളിൽ സംഘങ്ങൾ രൂപീകരിച്ചു. നിക്ഷേപം വർദ്ധിപ്പിക്കുവാനും, വരുമാന വർദ്ധക പ്രവർത്തനങ്ങൾ കണ്ടെത്തുവാനും ഇതിലൂടെ സംഘാംഗങ്ങൾക്ക് സാധിക്കുന്നു. പ്രവർത്തനങ്ങൾക്ക് റീജണൽ കോഡിനേറ്റർ മാരായ ആലീസ് സിസിൽ, ഷീന ആന്റണി, ബിൻസി വർഗ്ഗീസ്, ജിനീ ഷിനു എന്നിവർ നേതൃത്വം നൽകി.

**സോപ്പുത്പന്ന നിർമ്മാണ പരിശീലനം**

പയ്യമ്പള്ളി, വിൻസെന്റ്ഗിരി എന്നിവിടങ്ങളിൽ നടത്തിയ സോപ്പുത്പന്ന നിർമ്മാണപരിശീലനത്തിന് റീജിയണൽ കോഡിനേറ്റർ ആലീസ് സിസിൽ നേതൃത്വം നൽകി.

**ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT)**

ഏറെ തൊഴിൽ സാധ്യതകളുള്ള FDGT (2 years) കോഴ്സിലേക്ക് 2024-2026 വർഷത്തേക്കുള്ള അഡ്മിഷൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ തുടർന്നുകൊണ്ടിരിക്കുന്നു. കേരള ടെക്നിക്കൽ എഡ്യുക്കേഷന്റെ പി.എസ്.സി അംഗീകാരത്തോട് കൂടിയ കോഴ്സാണിത്. SSLC യോഗ്യത ഉള്ള ദ്വിവർഷ കോഴ്സിലേക്ക് അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ 9645430856, 9048229197 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**ഫാ. ജിനോജ് പാലത്തടത്തിൽ**
ഡയറക്ടർ, WSSS

# ജീവസ് & കെ. എൽ. എം

(Department for Labour and Welfare - Diocese of Mananthavady)

**ഇടവകാതല സെമിനാറുകൾ**

22-09-2024 ന് തെനേരി ഫാത്തിമാ മാതാ ഇടവകയിൽ നടന്ന സെമിനാർ ഇടവക വികാരി ഫാ. ജോർജ്ജ് ആലുക്ക ഉദ്ഘാടനം ചെയ്തു. കോഡിനേറ്റർ വർഗ്ഗീസ് പാലാട്ടി പ്രോഗ്രാമിന് നേതൃത്വം നൽകി.

29-09-2024 ന് പുതിയിടം ലിറ്റിൽ ഫ്ളവർ ദേവാലയത്തിൽ നടന്ന സെമിനാർ വികാരി ഫാ. ഫ്രാൻസീസ് അള്ളും പുറത്ത് ഉദ്ഘാടനം ചെയ്തു. കോഡിനേറ്റർ മനോജ് വെളിയത്ത് നേതൃത്വം നൽകി. തെനേരി, പുതിയിടം ഇടവകകളിൽ രൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ വിഷയാവതരണം നടത്തി.

06-10-2024 ന് പയ്യമ്പള്ളി സെന്റ് കാതറൈൻസ് ഇടവകയിൽ സംഘടിപ്പിച്ച സെമിനാർ വികാരി. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ ഉദ്ഘാടനം ചെയ്തു. കോഡിനേറ്റർ സജി ജോൺ നേതൃത്വം നൽകി. രൂപതാ ടീം അംഗം ജോൺസൺ ചിറായിൽ ക്ലാസ്സ് നയിച്ചു. ഇതേ ദിവസം നിലമ്പൂർ ഫൊറോനയിൽ ചോക്കാട് ഇടവകയിൽ നടന്ന സെമിനാർ വികാരി ഫാ. സജി പുതുക്കുളങ്ങര ഉദ്ഘാടനം ചെയ്തു. രൂപതാ ടീം അംഗം ബിജു കോട്ടേപറമ്പിൽ ക്ലാസ്സെടുത്തു. കോഡിനേറ്റർ ജോഷി കെ വർഗീസ് നേതൃത്വം നൽകി. ആറാട്ടുത്തറ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിലെ സെമിനാർ വികാരി ഫാ. സെബാസ്റ്റ്യൻ ഉണ്ണിയപ്പള്ളിൽ ഉദ്ഘാടനം ചെയ്തു. കോഡിനേറ്റർ തോമസ് കറുത്തേടം, ഇടവക കൈക്കാരന്മാർ എന്നിവർ നേതൃത്വം നൽകി. രൂപതാ ഡയറക്ടർ ക്ലാസ്സ് നയിച്ചു.

**ചെറുകിട തോട്ടംതൊഴിലാളി ക്ഷേമനിധി ബോർഡ് മീറ്റിംഗ്**

ജില്ലാ പ്ലാന്റേഷൻ ഓഫീസർ വിളിച്ച് ചേർത്ത ചെറുകിട തോട്ടം തൊഴിലാളി ജില്ലാതല ബോർഡ് മീറ്റിംഗിൽ സെബാസ്റ്റ്യൻ പാലംപറമ്പിൽ പങ്കെടുത്ത് നിർദ്ദേശങ്ങൾ സമർപ്പിച്ചു.

**തൊഴിൽ മേള**

കേരള സർക്കാർ നോളഡ്ജ് മിഷൻ, DWMS, ന്യൂനപക്ഷ കമ്മീഷൻ എന്നീ ഡിപ്പാർട്ട്മെന്റുകൾ സംയുക്തമായി കൽപ്പറ്റയിൽ സംഘടിപ്പിച്ച തൊഴിൽ മേളയിൽ രൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി 163 തൊഴിൽ അന്വേഷകരെ പങ്കെടുപ്പിക്കാനും DWMS ൽ രജിസ്റ്റർ ചെയ്യുന്നതോടൊപ്പം വിവിധ സ്ഥാപനങ്ങളിൽ ജോലിക്കായുള്ള അപേക്ഷകൾ സമർപ്പിക്കാനും സാധിച്ചു. സമ്മേളനത്തിൽ രൂപതയെ പ്രതിനിധീകരിച്ച് ഫാ. ബിജോ കറുകപ്പള്ളി, ഫാ. മനോജ് കവളക്കാട്ട് എന്നീ വൈദീകരും ജീവസ് & കെ.എൽ.എം ഡയറക്ടറും പങ്കെടുത്തു.

**ക്ഷേമനിധി രജിസ്ട്രേഷൻ**

സെപ്റ്റംബർ 30 ന് 20 തയ്യൽതൊഴിലാളി അംഗങ്ങൾക്ക് ക്ഷേമനിധി രജിസ്ട്രേഷൻ കൽപ്പറ്റ ക്ഷേമനിധി ഓഫീസിൽ നടന്നു. 20 അംഗങ്ങൾക്കും അംഗത്വനമ്പർ ലഭിച്ചു. ഒക്ടോബർ 30ന് വീണ്ടും രജിസ്ട്രേഷൻ തീയതി ലഭിച്ചതനുസരിച്ച് പുതിയ അപേക്ഷകൾ ക്ഷേമനിധി ഓഫീസിൽ സമർപ്പിച്ചു ചെറുകിട തോട്ടം തൊഴിലാളി, നിർമ്മാണ തൊഴിലാളി എന്നീ ക്ഷേമനിധികളുടെ അപേക്ഷകളും അതാത് ക്ഷേമനിധി ഓഫീസിൽ സമർപ്പിച്ചു.

**സ്വാവലംബൻ**

കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയായ സ്വാവലംബനിൽ ചേർന്ന് 60 വയസ്സ് പൂർത്തിയായവരുടെ അപേക്ഷകൾ സ്വീകരിച്ചുവരുന്നു. ഇതിനോടകം 181 അംഗങ്ങൾക്ക് ആനുകൂല്യം ലഭിച്ചു.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
രൂപതാ ഡയറക്ടർ, KLM

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

**1. NABARD Programmes**

• **NABARD SDH on HHA Programme:** നബാഡിന്റെ സഹായത്തോടെ ട്രയിനിംഗ് പൂർത്തിയാക്കിയവരുടെ ഒരു റിവ്യൂ മീറ്റിംഗ് 28.09.2024 ന് NDS ന്റെ ഓഫീസിൽ വെച്ച് നടത്തപ്പെട്ടു. NDS അസി. ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ മീറ്റിംഗിന് നേതൃത്വം നല്കി. ട്രയിനിംഗ് പൂർത്തിയാക്കിയവരിൽ 15 പേർ മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്തു. ട്രയിനിംഗ് പൂർത്തിയാക്കി ജോലിയിൽ പ്രവേശിച്ചവർ തങ്ങളുടെ അനുഭവം പങ്കുവയ്ക്കുകയും ചെയ്തു.

• **NABARD LEDP Programme Completion Report:** നബാഡിന്റെ സഹായത്തോടെ NDS പൂർത്തിയാക്കിയ LEDP പ്രോജക്ടിന്റെ ഫൈനൽ റിപ്പോർട്ട് തയ്യാറാക്കുകയും NABARD DDM ന് സമർപ്പിക്കുകയും ചെയ്തു.

• **PMIC Meeting : NABARD LEDP** പ്രോജക്ടിന്റെയും, Skill Development Programme on HHA ട്രയിനിംഗിന്റെയും PMIC മീറ്റിംഗ് 23.09.2024 ന് NDS ഓഫീസിൽവെച്ച് നടത്തപ്പെട്ടു. NABARD DDM ശ്രീ. തിരുമലൈ റാവുവിന്റെ നേതൃത്വത്തിലാണ് മീറ്റിംഗ് നടത്തിയത്. NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, ഫാ. അനൂപ് കൊല്ലംകുന്നേൽ, ശ്രീ. ജൂഡ് മാർട്ടിൻ, ശ്രീ. ജോഷി എന്നിവർ മീറ്റിംഗിൽ സംബന്ധിച്ചു. കഴിഞ്ഞ 2 വർഷമായി NDS നടപ്പിലാക്കികൊണ്ടിരുന്ന LEDP പ്രോജക്ടിന്റെ വിജയത്തെക്കുറിച്ചും, അതിലൂടെ വരുമാന വർദ്ധകമായ രീതിയിൽ ആടുവളർത്തൽ കൃഷി നടപ്പിലാക്കുന്നവരുടെ പ്രവർത്തനങ്ങളെകുറിച്ചും, പ്രോജക്ടിന്റെ പൂർത്തീകരണത്തെക്കുറിച്ചും ആ പ്രോജക്ടിന്റെ ഭാഗമായി ലഭിക്കുവാനുള്ള തുകയെക്കുറിച്ചുമെല്ലാം DDM ചോദിച്ചറിയുകയും PMIC കമ്മറ്റി അത് പാസാക്കുകയും ചെയ്തു. കൂടാതെ NABARD SDP on HHA എന്ന ട്രെയിനിംഗ്

പൂർത്തിയാക്കിയവരെക്കുറിച്ചും, ജോലിയിൽ പ്രവേശിച്ച 13 ആളുകളെകുറിച്ചും അദ്ദേഹം ചോദിച്ചറിയുകയും അവരുടെ നിലവിലെ ജോലി, ശമ്പളം മുതലായ കാര്യങ്ങളും ചോദിച്ചറി യുകയും ചെയ്തു.

• **NABARD DDM** ഓഫീസ് സന്ദർശനം: 16.10.2024 ന് NDS അസി. ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, പ്രോജക്ട് കോഡിനേറ്റർ ശ്രീ. ജോഷി എന്നിവർ കോയമ്പത്തൂർ NABARD DDM ഓഫീസിൽ സന്ദർശനം നടത്തുകയും തേനീച്ച വളർത്തൽ, ടൈലറിംഗ് & എബ്രോയിഡറിംഗ് പരിശീലനം എന്നിവയുമായി ബന്ധപ്പെട്ട Skill Development Project കളും, കാപ്പി കർഷകർക്കുവേണ്ടിയുള്ള പരിശീലന പരിപാടിയുമായി ബന്ധപ്പെട്ട CAT പ്രോജക്ടും സമർപ്പിക്കുകയും ചെയ്തു. കൂടാതെ LEDP പ്രോജക്ടിന്റെ പൂർത്തീകരണ റിപ്പോർട്ടും, HHA ട്രെയിംനിംഗിന്റെ റിപ്പോർട്ടും, PMIC മീറ്റിംഗിന്റെ റിപ്പോർട്ടുകളും സമർപ്പിക്കുകയും ചെയ്തു.

**2. MSW Field Placement Programme**

എരുമേലി MES കോളേജിൽ MSW കോഴ്സിന് പഠി ക്കുന്ന 2 വിദ്യാർത്ഥിനികൾ 02-09-2024 മുതൽ NDS ൽ ട്രെയി നിംഗ് ആരംഭിച്ചു. ട്രെയിനിംഗിന്റെ ഭാഗമായി 02-09-2024 ന് ശ്രീലങ്കൻ കമ്മ്യൂണിറ്റിയെ സന്ദർശിച്ച് അവരുടെ കാര്യങ്ങൾ ചോദിച്ചറിഞ്ഞു. 04-09-2024 ന് മാവനള്ളയിലെ ട്രൈബൽ കമ്മ്യൂണിറ്റിയിൽ സന്ദർശനം നടത്തി അവരുടെ പ്രശ്നങ്ങളെ കുറിച്ച് പഠിച്ചു. 05.09.2024 ന് കൽപ്ര യൂണിറ്റ് സന്ദർശനം നടത്തി ബയോവിൻ ഓർഗാനിക് കൃഷിയെക്കുറിച്ച് AEO ജിൻസി ജോയി വിശദീകരിച്ചു. 06.09.2024 ന് എരുമാട് വെട്ടു വാടിയിലെ LEDP യൂണിറ്റുകൾ സന്ദർശിച്ചു. 09.09.2024 ന് വ്യത്യസ്തങ്ങളായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനെക്കുറിച്ച് NDS പ്രോജക്ട് കോഡിനേറ്റർ ജോഷി ക്ലാസ് നയിച്ചു. 11.09.2024 ന് അള്ളൂര് വില്ലേജിൽ സന്ദർശനം നടത്തി. 12.09.2024 ന് MSW കുട്ടികൾക്ക് പോളീസി നിർമ്മാണവുമായി ബന്ധപ്പെട്ട് ജൂഡ് മാർട്ടിൻ ക്ലാസ് നയിച്ചു. 13.09.2024 ന് MSW കുട്ടികൾ തൊറപ്പള്ളി

അള്ളൂർ ഗ്രാമത്തിലെ ബാലവാടിയിൽവച്ച് കമ്മ്യൂണിറ്റി ആക്റ്റിവിറ്റി നടത്തി. 14.09.2024 ശനിയാഴ്ച്ച MSW കുട്ടികൾ ക്കുവേണ്ടി സൈക്കോളജിസ്റ്റ് ശ്രുതി കെ മാർട്ടിൻ Transactional Analysis ക്ലാസ് എടുത്തു. 16.09.2024 ന് കൂടമൂല പ്രദേശത്ത് കമ്മ്യൂ ണിറ്റി ഈവന്റ് സംഘടിപ്പിച്ചു. ആരോഗ്യ പരിപാലനത്തെക്കു റിച്ചും, വ്യക്തി ശുചിത്വത്തെക്കുറിച്ചും ക്ലാസ് നയിച്ചു. അവർക്ക് വസ്ത്രവും, ഭക്ഷണസാധനങ്ങളും, സാനിറ്ററി പാഡുകളും വിത രണം ചെയ്യുകയും ചെയ്തു. 40 ഓളം ട്രൈബൽ അംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തു. 17.09.2024 ന് ജീവൻ രക്ഷാഭവ നിൽ സന്ദർശനം നടത്തി. 20 ഓളം അനാഥ പെൺകുട്ടികളെ കാണുകയും അവരുമായി സംസാരിക്കുകയും ചെയ്തു. 20.09.2024 ന് വിമലഗിരിയിൽ പ്രവർത്തിക്കുന്ന ഗ്രിട്ടൻ ഓർഗാ നിക് എന്ന സ്ഥാപനം സന്ദർശിച്ച് ഗ്രീൻ ടീയുടെ ഉത്പാദന വിപണനങ്ങളെകുറിച്ച് പഠിച്ചു. 21.09.2024 ന് മാവനളളയി ലനം 24.09.2024 കോത്തർവയൽ ട്രൈബൽ കോളനികളിലും സന്ദർശനം നടത്തി. 27.09.2024 ന് അവർ തങ്ങളുടെ പരിശീലന പരിപാടിയുടെ അവതരണം നടത്തി. NDS അസി. ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ അവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. NDS ഡയറക്ടർ ഫാ. ബിനോയി കാശാം കുറ്റിയിൽ, അസി. ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, മുഖ്യ പരിശീലകൻ ജൂഡ് മാർട്ടിൻ, പ്രോജക്ട് കോഡിനേറ്റർ ജോഷി എന്നിവർ ഈ പരിശീലന പരിപാടികൾക്ക് നേതൃത്വം നല്കി.

**3. കാരുണ്യസ്പർശം**

NDS ന്റെ നേതൃത്വത്തിൽ BSW & MSW ട്രെയിനിംഗിന് വന്നിരിക്കുന്ന കുട്ടികൾ NDS സ്റ്റാഫ് ജൂഡ് മാർട്ടിന്റെ നേതൃത്വ ത്തിൽ തൊറപ്പള്ളി അള്ളൂർ, മേൽഗൂഡല്ലൂർ ജീവൻ രക്ഷാഭവൻ, ആശാഭവൻ എന്നിവിടങ്ങളിൽ സന്ദർശനം നടത്തുകയും, അവിടങ്ങളിൽ താമസിക്കുന്ന ആദിവാസികൾ, അനാഥ കുട്ടികൾ, വൃദ്ധമാതാപിതാക്കൾ എന്നിവരെ കാണുകയും അവരുമായി സംസാരിക്കുകയും, ആരോഗ്യ പരിപാലനത്തെക്കുറിച്ചും, വ്യക്തി ശുചിത്വത്തെക്കുറിച്ചും ബോധവത്ക്കരണ ക്ലാസുകൾ നടത്തു

കയും ചെയ്തു. അവർക്ക് ആവശ്യമായ ബെഡ്ഷീറ്റുകൾ, കമ്പിളി പുതപ്പുകൾ, സാനിറ്ററി പാഡുകൾ, ഭക്ഷണ സാധനങ്ങൾ എന്നിവ നല്കുകയും ചെയ്തു.

**4. യൂണിറ്റ് തല പ്രവർത്തനങ്ങൾ**

**വിമലഗിരി യൂണിറ്റ്:** JLG ഗ്രൂപ്പ് രൂപീകരിക്കുകയും ലോൺ എടുക്കുകയും ചെയ്തു. ഇവാലുവേഷൻ മീറ്റിംഗ്, കർമ്മ സമിതി മീറ്റിംഗും നടത്തി. ഓണാഘോഷ ഭാഗമായി പൂക്കള മൊരുക്കി. റോഡിന്റെ ഇരുവശങ്ങളും വൃത്തിയാക്കി. രോഗീ സന്ദർശനം നടത്തി. ഗ്രൂപ്പുകളിൽ സ്വാതന്ത്ര്യദിനാഘോഷം നടത്തി. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും, പുതിയ ലോണുകൾ നൽകുകയും ചെയ്തു. 2 ഗ്രൂപ്പുകൾക്ക് കാനറാ ബാങ്കിൽനിന്നുള്ള JLG ലോണുകൾ ലഭിച്ചു.

**ധർമ്മഗിരി യൂണിറ്റ്:** കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗു കൾ നടത്തി. സ്വാതന്ത്ര്യദിനാഘോഷം നടത്തി. പച്ചമരുന്നിന്റെ നിർമ്മാണം നടത്തി. റോഡിന്റെ ഇരുവശങ്ങളിലെയും കാട് വെട്ടി വൃത്തിയാക്കി. ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്തു. 4 യൂണിറ്റ് ലോണുകൾ നൽകി. വിപുലമായ രീതി യിൽ ഓണാഘോഷം നടത്തി. 6 കുട്ടികൾക്ക് പഠന സഹായം നൽകി. 2 നിർദ്ധന കുടുംബങ്ങളുടെ ഭവനനിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകി. രോഗീ സഹായം നൽകി.

**കൽപ്ര യൂണിറ്റ്:** കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗുകൾ നടത്തി. സ്വാതന്ത്ര്യദിനാഘോഷം നടത്തി. ഗ്രാമസഭയിൽ പങ്കെടുത്തു. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കു കയും ലോണുകൾ നൽകുകയും ചെയ്തു. അടുക്കള പച്ചക്ക റിത്തോട്ട നിർമ്മാണം നടത്തി. രോഗീ സന്ദർശനം നടത്തി സാമ്പത്തിക സഹായം നൽകി. പഠന സഹായം നൽകി. പൊതു ഇടങ്ങൾ വൃത്തിയാക്കി. ഓൺലൈനായി പൂക്കളമത്സരം നടത്തി.

**കയ്യൂന്നി യൂണിറ്റ്:** കർമ്മസമിതി, ഇവാലുവേഷൻ മീറ്റിം ഗുകൾ നടത്തി. സ്വാതന്ത്ര്യദിനാഘോഷം നടത്തി. ഗ്രാമസഭയിൽ പങ്കെടുത്തു. രോഗീ സഹായം നൽകി. പൊതു ഇടങ്ങൾ വൃത്തിയാക്കി. ഓൺലൈനായി പൂക്കളമത്സരം നടത്തി.

**ബോസ്പാറ യൂണിറ്റ്:** കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗുകൾ നടത്തി. സ്വാതന്ത്ര്യദിനാഘോഷം നടത്തി. യൂണിറ്റ് ലോണുകൾ വിതരണം ചെയ്തു. ക്രഡിറ്റ് യൂണിയനിൽ പണം സ്വീകരിക്കുകയും തിരിച്ച് നൽകുകയും ചെയ്തു.

**5. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ & കരുണൈ ആംബുലൻസ് സർവ്വീസ്**

കരുണൈ പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ ഭാഗമായി നീലഗിരി റീജിയണിലെ പന്തല്ലൂർ താലൂക്കിലെ പാട്ടവയൽ, ബെക്കി, കുന്നലാടി, പന്തല്ലൂർ, ദേവാല, കയ്യൂന്നി പ്രദേശങ്ങളിൽ രോഗീസന്ദർശനം, പാലിയേറ്റീവ് കെയർ, കിടപ്പ് രോഗികൾക്കുള്ള സഹായങ്ങൾ എന്നിവ ചെയ്തുവരുന്നു. നിർദ്ദനരായ രോഗികൾക്ക് സൗജന്യ അംബുലൻസ് സഹായം നൽകി. ബത്തേരി, കൽപ്പറ്റ, കോഴിക്കോട്, ഊട്ടി എന്നീ സ്ഥലങ്ങളിലെ ആശുപത്രികളിലെ വിദഗ്ധ ചികിത്സക്കായി പോയ രോഗികൾക്ക് മിതമായ നിരക്കിൽ ആംബുലൻസ് സഹായം നൽകി വരുന്നു.

**6. TAS - Psychological Wellness and Training Centre**

വ്യക്തിപരമായ കൗൺസിലിങ്ങും ഫോളോ അപ്പ് സെഷനുകളും ഓൺലൈനായും, ഓഫ്ലൈനായും നടത്തി.

## • CYM Camp

11-09-2024 ന് നീലഗിരി റീജിയണിലെ യുവജനങ്ങൾക്കു വേണ്ടി TAS അംഗങ്ങളായി ശ്രീ. ജിതിൻ, ജോഷി എന്നിവരുടെ നേതൃത്വത്തിൽ ഗൂഡല്ലൂർ മോണിംഗ് സ്റ്റാർ സ്കൂളിൽ വെച്ച് ക്യാമ്പ് നടത്തി. 74 യുവതീയുവാക്കൾ ക്യാമ്പിൽ പങ്കെടുത്തു. സംഘടനാ പ്രവർത്തനവും, നേതൃത്വ പരിശീലനവുമായി ബന്ധപ്പട്ട വ്യത്യസ്തങ്ങളായ ഗെയിമുകളിലൂടെയും, പ്രവർത്തനങ്ങളിലൂടെയും ക്യാമ്പ് സജീവമായി നടത്തപ്പെട്ടു. ശ്രീ. ജിതിൻ അഡിക്ഷൻ എന്ന വിഷയത്തിൽ കുട്ടികൾക്ക് അരമണിക്കൂർ ക്ലാസ് നയിച്ചു. രാവിലെ 10.30 ആരംഭിച്ച ക്യാമ്പ് വൈകിട്ട് 9.30 ആണ് അവസാനിപ്പിച്ചത്.

**ഫാ. ബിനോയി കെ സെബാസ്റ്റ്യൻ**
ഡയറക്ടർ നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി (NDS)

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവ കൃഷി വ്യാപനം, പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുക എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 19099 കർഷകരാണ് 1115 ഗ്രൂപ്പുകളിലായി (48 ICS- Internal control system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICS ൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**പദ്ധതിയിൽ അംഗത്വം**

ബയോവിൻ നടപ്പിലാക്കുന്ന ജൈവസുസ്ഥിര മാനദണ്ഡ പ്രകാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃഷിയിടമുള്ള ആർക്കും സാധ്യമാണ്. പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോവിന്നിൽ ചേർന്ന് പ്രവർത്തിക്കുവാൻ താൽപര്യപ്പെടുന്ന കർഷകർക്ക് നിങ്ങളുടെ പഞ്ചായത്തിലെ ഫീൽഡ് കോർഡിനേറ്ററുമായി (F-C-H-) ബന്ധപ്പെടാവുന്നതാണ്.

**കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർ ട്രേഡ് സംവിധാനം, റയിൻഫോറെസ്റ്റ് അലയൻസ് സർട്ടിഫിക്കേഷൻ എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ വിവിധ കർഷക ഗ്രൂപ്പുകളിലായി നടക്കുകയും അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ പങ്കെടുക്കുകയും കർഷരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, കർഷകരിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

**ഇന്റെർണൽ ഇൻസ്പെക്ഷൻ നടന്നു വരുന്നു**

കൃഷിയിടങ്ങൾ സന്ദർശിക്കുകയും ബയോവിൻ നടപ്പിലാ

ക്കുന്ന സുസ്ഥിര ജൈവ മാനദണ്ഡ പ്രകാരമാണോ കൃഷിയിടങ്ങളിൽ കർഷകർ കൃഷിരീതി അനുവർത്തിക്കുന്നത് എന്നറിയുന്നതിനുമായി നടത്തുന്ന ഇന്റെർണൽ ഇൻസ്പെക്ഷൻ മുഴുവൻ പഞ്ചായത്തുകളിലും നടന്നുവരുന്നു. ഫീൽഡ് കോർഡിനേറ്റർമാരുടെ നിയന്ത്രണത്തിൽ, തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഇന്റെർണൽ ഇൻസ്പെക്ടർമാരാണ് പരിശോധന നടത്തി വരുന്നത്.

**NPOP ഓഡിറ്റ് പൂർത്തീകരിച്ചു.**

വിവിധ പഞ്ചായത്തുകളിലായി 05 ICS കളുടെ NPOP സർട്ടിഫിക്കേഷൻ പുതുക്കൽ ഓഡിറ്റ് പൂർത്തീകരിച്ചു. ICS കോർഡിനേറ്റർ ജോബി വർഗീസ് കൃഷിയിട പരിശോധനയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുവാൻ നേതൃത്വം നൽകുകയും ചെയ്തു. പനമരം, പുൽപ്പള്ളി, തവിഞ്ഞാൽ, തിരുനെല്ലി, മീനങ്ങാടി എന്നിവിടങ്ങളിലായി 140 ഓളം കൃഷിയിടങ്ങൾ ഓഡിറ്റിന്റെ ഭാഗമായി പരിശോധന നടത്തി. സർട്ടിഫിക്കേഷൻ ഏജൻസിയായ ഇസ്കോപ്പിൽ നിന്നും ശ്രീ. കൽക്കി രാജ്, ശ്രീ. കിഷോർ എന്നിവർ ഓഡിറ്റിന് നേതൃത്വം നൽകി.

**സംഭരണം**

ജൂലൈ മാസം കർഷകരിൽ നിന്നും 127106.9 കിലോ ഉണക്ക കാപ്പി കിലോയ്ക്ക് 226 രൂപ നിരക്കിലും ഉണക്ക കുരുമുളക് 8641 കിലോ 700 രൂപാ നിരക്കിലും സംഭരിച്ചു.

**ബയോലാൻറ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്ക്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വിലലഭ്യമാക്കുന്നതിനായിപ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ കാപ്പി, മഞ്ഞൾ, കുരുമുളക്, മാങ്ങ തുടങ്ങിയവ സംസ്ക്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**അറിവിന്റെ പടവുകൾ**

അറിവിന്റെ പടവുകൾ എന്ന പേരിൽ പുതിയ പ്രോഗ്രാം ആരംഭിച്ചു. തനതായ ഗവേഷണത്തിലൂടെ വൈജ്ഞാനിക ലോകത്തിന് പുതിയ പടവുകൾ തീർത്ത് ഡോക്ടറേറ്റ് കരസ്ഥമാക്കുന്നവരെ പരിചയപ്പെടുത്തുന്ന പരിപാടിയാണ് ഇത്.

**കരുതൽ**

കരുതൽ എന്ന പേരിൽ പുതിയ പ്രോഗ്രാം പ്രക്ഷേപണം ആരംഭിച്ചു. അമേരിക്കയിലെ മസാച്യുസെറ്റ്സ് ആസ്ഥാനമായ കൾച്ചറൽ സർവവൈൽ എന്ന സംഘടനയുമായി സഹകരിച്ച് റേഡിയോ മാറ്റൊലി തയ്യാറാക്കി അവതരിപ്പിക്കുന്ന സാംസ്കാരിക, ആരോഗ്യ - പുനരുദ്ധാരണ, ബോധവത്കരണ പരിപാടിയാണ് കരുതൽ.

**തൽസമയ ഫോൺ ഇൻ പരിപാടി**

പ്രകൃതി ദുരന്തം അറിയേണ്ടതെല്ലാം എന്ന വിഷയത്തിൽ ഒക്ടോബർ 05 ന് തൽസമയഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. വയനാട് ജില്ലയിലെ മുൻ മണ്ണ് സംരക്ഷണ വകുപ്പ് മേധാവി പി. യു ദാസ് ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നല്കി.

**ഗ്രാമ മാറ്റൊലി**

ഒഴുക്കൻമൂല ഗ്രന്ഥാലയത്തിന്റെ ആഭിമുഖ്യത്തിൽ സെപ്തംബർ 21 ന് ഗ്രാമമാറ്റൊലി സംഘടിപ്പിച്ചു. സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി, അസ്സിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. ബിവാൾഡിൻ, ഫാ. ടോണി ആന്റണി, കെ.കെ ചന്ദ്രശേഖരൻ, റെനീഷ് ആര്യപ്പിള്ളി എന്നിവർ നേതൃത്വം നൽകി. പ്രോഗ്രാം പ്രൊഡ്യൂസേഴ്സും, വൊളിണ്ടിയേഴ്സും വിവിധ പരിപാടികൾ റെക്കോർഡ് ചെയ്തു.

**വയനാട് ലിറ്ററേച്ചർ ഫെസ്റ്റ്**

ഡിസംബർ 28, 29 തീയതികളിൽ ദ്വാരകയിൽ നടക്കുന്ന വയനാട് ലിറ്ററേച്ചർ ഫെസ്റ്റിന്റെ മീഡിയ കമ്മിറ്റിയുടെ ചെയർമാനായി ജുനൈദ് കൈപ്പാണിയേയും രക്ഷാധികാരിയായി

റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളിയേയും തിരഞ്ഞെടുത്തു.

**ഉപജില്ലാ ശാസ്ത്രോത്സവം**

ഒക്ടോബർ 08,09 തിയ്യതികളിൽ ദ്വാരക സേക്രട്ട് ഹാർട്ട് ഹയർസെക്കണ്ടറി സ്കൂൾ, എ.യു.പി.എസ് ദ്വാരക എന്നിവിടങ്ങളിലായി നടന്ന മാനന്തവാടി ഉപജില്ലാ ശാസ്ത്രോത്സവത്തിന്റെ സ്വാഗതസംഘം രൂപീകരണയോഗത്തിൽ സെപ്റ്റംബർ 30 ന് ദ്വാരക സേക്രട്ട് ഹാർട്ട് ഹയർസെക്കറി സ്കൂളിൽ റെനീഷ് ജോർജ് പങ്കെടുത്തു.

**പഠന സന്ദർശനം**

ഒക്ടോബർ ഒന്നിന് IJMHSS Kottiyoor ഹയർസെക്കണ്ടറി ഹ്യൂമാനിറ്റീസ് വിഭാഗത്തിലെ വിദ്യാർത്ഥികളും ഒക്ടോബർ 09 ന് RACHSS Katameri സ്കൂളിലെ പ്ലസ്ടൂ ജേർണലിസം വിദ്യാർത്ഥികളും പഠനത്തിന്റെ ഭാഗമായി റേഡിയോമാറ്റൊലി സന്ദർശിച്ചു. വടകര കോ ഓപ്പർറ്റീവ് ആർട്ട്സ് & സയൻസ് കോളേജിലെ ജേർണലിസം ഡിപ്പാർട്ട്മെന്റിലെ വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി ഒക്ടോബർ 17 ന് റേഡിയോമാറ്റൊലി സന്ദർശിച്ചു. പുൽപ്പള്ളി പഴശ്ശിരാജാ കോളേജ് മാസ്സ് കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി ഒക്ടോബർ 19 ന് മാറ്റൊലി സന്ദർശിച്ചു.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ, റേഡിയോ മാറ്റൊലി

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിക്ക് കീഴിലുള്ള നടവയൽ സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂളിനായി നിർമിച്ച ഓഡിറ്റോറിയത്തിന്റെ ഉദ്ഘാടന കർമ്മവും വിദ്യാർത്ഥികളുടെ അടിസ്ഥാനശേഷി വികാസത്തിനായി തയ്യാറാക്കിയ C-SMILES അക്ഷരസഹായിയുടെ പ്രകാശനകർമവും അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് നിർവഹിച്ചു. മുണ്ടക്കൈ ചൂരൽമല ദുരന്തബാധിതർക്ക് നൽകാനായി കേരള കാത്തലിക് ടീച്ചേർസ് ഗിൽഡിന്റെ നേതൃത്വത്തിൽ വിവിധ വിദ്യാലയങ്ങളിലെ അധ്യാപകരിൽനിന്നായി സമാഹരിച്ച തുക പ്രധാനാധ്യാപകരുടെ യോഗത്തിൽവെച്ച് രൂപതയുടെ സോഷ്യൽ സർവീസ് വിഭാഗം ഡയറക്ടർ ഫാ.ജിനോജ് പാലത്തടത്തിന് കൈമാറി.

**വിദ്യാലയ വാർത്തകൾ**

**എൽ. പി. വിഭാഗം**

**I ദേവമാതാ എ.എൽ.പി. സ്കൂൾ ആടിക്കൊല്ലി**

പാദവാർഷിക പരീക്ഷ വിലയിരുത്തലിനായി ക്ലാസ് പി. ടി. എ യോഗം ചേർന്നു. ബത്തേരി ഉപജില്ലാതല പ്രവൃത്തി പരിചയമേളയിൽ ഓവറോൾ കരസ്ഥമാക്കി.

**II സെന്റ് തോമസ് എൽ.പി. സ്കൂൾ അരിഞ്ചേർമല**

വിദ്യാലയതല കലാകായികമേളകൾ സംഘടിപ്പിച്ചു. വിദ്യാരംഗം വാങ്മയം ഭാഷാപ്രതിഭ മത്സരവിജയികളെ കണ്ടെത്തി. മാനന്തവാടി ഉപജില്ലാതല ശാസ്ത്രോത്സവത്തിൽ ആദ്യ രണ്ട് സ്ഥാനങ്ങളടക്കം നേടി മത്സരങ്ങളിൽ പങ്കെടുത്ത വിദ്യാർത്ഥികൾ മികവാർന്ന നേട്ടങ്ങൾ കൈവരിച്ചു.

**III എ. എൽ. പി. സ്കൂൾ കണിയാരം**

ഉപജില്ലാ ശാസ്ത്രമേളയിൽ വിവിധയിനങ്ങളിൽ മികച്ച വിജയം കൈവരിച്ചു. ഓണാഘോഷ പരിപാടികൾ നടത്തപ്പെട്ടു. വയോജനദിനം സമുചിതമായി ആചരിച്ചു.

**IV സെന്റ് ജോർജ് എൽ. പി. സ്കൂൾ കൊളവയൽ**

സംസ്ഥാനതല അധ്യാപകക്കൂട്ടം നടത്തിയ വീട്ടിൽ ഒരു ലൈബ്രറി പദ്ധതിയ്ക്ക് വിദ്യാർത്ഥി തിരഞ്ഞെടുക്കപ്പെട്ടു. ഉപ ജില്ലാതല പ്രവൃത്തിപരിചയമേളയിൽ മികച്ച ഗ്രേഡുകൾ കര സ്ഥമാക്കി വിദ്യാലയം അഞ്ചാം സ്ഥാനത്തെത്തി.

**V സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ വാഴവറ്റ**

പി. ടി. എ ജനറൽബോഡി യോഗം ചേർന്നു. ശുചിത്വ ബോധവത്കരണ ക്ലാസ് കൊടുത്തു.

**VI സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ ഏലപ്പീടിക**

ഒന്നാം പാദവാർഷിക മൂല്യനിർണയം വിലയിരുത്തലി നായി ക്ലാസ് പി. ടി. എ യോഗം ചേർന്നു. C- SMILES പഠന ക്ലാസ് ആരംഭിച്ചു.

**VII സെന്റ് പോൾസ് എൽ. പി. സ്കൂൾ പുതിയിടംകുന്ന്**

സ്കൂൾതല കായികമേളയും കലാമേളയും നടത്തപ്പെട്ടു. ഉപജില്ലാതല ശാസ്ത്രമേളയിൽ വിവിധയിനങ്ങളിൽ വിദ്യാർ ത്ഥികൾ മികച്ച ഗ്രേഡുകൾ കരസ്ഥമാക്കി.

**VIII സെന്റ് മാർട്ടിൻസ് എൽ. പി. സ്കൂൾ ഒണ്ടയങ്ങാടി**

ഗാന്ധിജയന്തിദിനം സമുചിതമായി ആചരിച്ചു. സ്കൂൾതല കായികമേള നടത്തി. ഉപജില്ലാതല ശാസ്ത്രമേളയിൽ പങ്കെ ടുത്ത വിദ്യാർത്ഥികൾ മികവാർന്ന നേട്ടങ്ങൾ കൈവരിച്ചു.

**IX സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ പോരൂർ**

ഗാന്ധിജയന്തി ദിനം വിപുലമായി ആചരിച്ചു. കോളനികൾ സന്ദർശിച്ചു. കുട്ടികളുടെ പഠനനിലവാരം വിലയിരുത്തി. വിദ്യാ ലയതലത്തിൽ വിവിധ മേളകൾ സംഘടിപ്പിച്ചു.

**X നിർമല എൽ. പി. എസ്. ആലാറ്റിൽ**

വിദ്യാർത്ഥികളുടെ പഠനനിലവാരം ചർച്ച ചെയ്യുന്നതി നായി രക്ഷാകർത്യയോഗം ചേർന്നു. പോഷൺ മാ ബോധവത് കരണക്ലാസ്സ് നടത്തി.സ്കൂൾതല കലാമേള, ശാസ്ത്രമേള, കായികമേള എന്നിവ സംഘടിപ്പിച്ചു. പച്ചക്കറിത്തോട്ടം നിർമിച്ചു. ഉപജില്ലാ ശാസ്ത്രോത്സവത്തിൽ മത്സരിച്ച വിവിധയിനങ്ങളിൽ നേട്ടങ്ങൾ കൈവരിച്ചു.

**XI സി. കെ. എൽ. പി. എസ്. മണിമൂളി**

മൊബൈൽ ഫോണിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾക്കായി ബോധവത്കരണ ക്ലാസ് നടത്തി.

**XII പ്രൊവിഡൻസ് എൽ. പി. സ്കൂൾ വെള്ളൂന്നി**

ഗാന്ധിജയന്തിദിനം സമുചിതമായി ആചരിച്ചു. ദേശീയ തപാൽ ദിനത്തിൽ തപാൽ ഓഫീസ് സന്ദർശിക്കുകയും ജീവനക്കാരുമായി അഭിമുഖം നടത്തുകയും ചെയ്തു.

**XIII സെന്റ് ജോർജ് എൽ. പി. സ്കൂൾ അമ്പായത്തോട്**

വാങ്മയം ഭാഷാപ്രതിഭ പരീക്ഷ നടത്തി വിജയിയെ കണ്ടെത്തി. ദേശീയ വയോജനദിനം, സേവനദിനം എന്നിവ വിപുലമായി ആചരിച്ചു. ദേശീയ സമ്പാദ്യ പദ്ധതിക്ക് വിദ്യാലയത്തിൽ തുടക്കമായി.

**XIV സെന്റ് തോമസ് എൽ. പി. സ്കൂൾ നടവയൽ**

വാങ്മയം ഭാഷ പ്രതിഭ പരീക്ഷ നടത്തി. കായികമേള നടത്തി. ഗണിതശാസ്ത്ര ക്വിസ്, ദശജ്യോതി ക്വിസ് എന്നിവയിൽ വിജയങ്ങൾ കരസ്ഥമാക്കി. ഗാന്ധിജയന്തിദിനം സമുചിതമായി ആചരിച്ചു.

**യു. പി. വിഭാഗം**

**I സെന്റ് തോമസ് എ. യു. പി. സ്കൂൾ ഇടിവണ്ണ**

സ്കൂൾ കലോത്സവം സമുചിതമായി ആഘോഷിച്ചു. ഗാന്ധി ജയന്തിദിനത്തിന്റെ ഭാഗമായി വിദ്യാലയവും പരിസരവും വൃത്തിയാക്കി. നാടിനെ അറിയാൻ മുതിർന്ന പൗരന്മാരുമായി സംവാദം നടത്തി. ക്ലാസ്സ്തല പി. ടി. എ മീറ്റിങ്ങുകൾ ചേർന്നു. ഉപജില്ലാതല ശാസ്ത്രമേളയ്ക്ക് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു.

**II അസംപ്ഷൻ എ. യു. പി. സ്കൂൾ ബത്തേരി**

ബത്തേരി ഉപജില്ലാതല ഗണിതശാസ്ത്ര ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടി. വയോജനദിനം, ഗാന്ധിജയന്തി എന്നിവ വിവിധ പരിപാടികളോടെ നടത്തപ്പെട്ടു.

**III സെന്റ് തോമസ് എ. യു. പി. സ്കൂൾ മുള്ളൻകൊല്ലി**

സ്കൂൾതല കലോത്സവം നടത്തി. ഉപജില്ലാതല ശാസ്ത്ര പ്രവൃത്തിപരിചയമേളയിൽ പങ്കെടുത്ത വിദ്യാർത്ഥികൾ വിവിധയിനങ്ങളിൽ നേട്ടങ്ങൾ കൈവരിച്ചു. ഒളിമ്പിക്സ് ആൽബ നിർമാണ മത്സരത്തിൽ ഒന്നാം സ്ഥാനം നേടി. തപാൽദിനം വിപുലമായി ആചരിച്ചു.

**IV അമ്പായത്തോട് യു. പി. സ്കൂൾ**

ഗാന്ധിജയന്തിദിനം സമുചിതമായി ആചരിച്ചു. USS പരി

ശീലനം ആരംഭിച്ചു. ഹിന്ദി ഭാഷാ ദിനാചരണം നടത്തി. വിദ്യാർത്ഥികളുടെ ഭവനങ്ങളിൽ സന്ദർശനം നടത്തി.

**V സെന്റ് ആന്റണീസ് യു. പി. സ്കൂൾ പഴൂർ**

സ്കൂൾതലത്തിൽ വിവിധ കിസ് മത്സരങ്ങൾ സംഘടിപ്പിച്ചു. ഇക്കോ ക്ലബ്ബിന്റെ നേതൃത്വത്തിൽ പൂന്തോട്ടം നിർമിച്ചു. സ്കൂൾതല കലാമേളയും ശാസ്ത്രമേളയും നടത്തപ്പെട്ടു. ലോക വയോജനദിനം, ഗാന്ധിജയന്തി എന്നിവ വിവിധ പരിപാടികളോടെ ആചരിച്ചു. ലോക മാനസിക ആരോഗ്യദിനത്തിൽ ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ചിത്രരചനാ മത്സരം നടത്തി.

**VI സെന്റ് ജോസഫ്സ് യു. പി. സ്കൂൾ കല്ലോടി**

അധ്യാപകദിനം ആചരിച്ചു. മാലിന്യമുക്ത കേരളം ക്യാമ്പയിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ നടത്തി. പി. ടി. എ ജനറൽബോഡി യോഗവും ക്ലാസ് പി. ടി. എ യോഗങ്ങളും ചേർന്നു .

**VII സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ പാടിച്ചിറ**

രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ പച്ചക്കറി കൃഷി ആരംഭിച്ചു.

**VIII എ. യു. പി. സ്കൂൾ ദ്വാരക**

രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കുമായി സൗജന്യ നേത്രപരിശോധനയും ബോധവത്ക്കരണക്ലാസ്സും നടന്നു. ക്ലീൻ എടവക ഗ്രീൻ എടവക എന്ന മുദ്രാവാക്യവുമായി സ്വച്ഛതാ റാലി സംഘടിപ്പിച്ചു. ഉപജില്ലാതല ശാസ്ത്രോത്സവത്തിന് വിദ്യാലയം ആതിഥേയരായി.

**IX സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ കൊമ്മയാട്**

അധ്യാപകദിനം ആചരിച്ചു. പ്ലാറ്റിനം ജൂബിലി വിളംബര ജാഥ നടത്തി. സ്കൂൾതല കായികമേള, ഗാന്ധിജയന്തിദിനം എന്നിവ വിപുലമായി നടത്തപ്പെട്ടു. ഉപജില്ലാതല ശാസ്ത്രോത്സവത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾ ആദ്യ മൂന്ന് സ്ഥാനങ്ങളടക്കം മികച്ച നേട്ടങ്ങൾ കൈവരിച്ചു.

**X സെന്റ് മേരീസ് യു. പി. സ്കൂൾ കബനിഗിരി**

വിദ്യാർത്ഥികളുടെ പഠനനിലവാരം വിലയിരുത്താൻ ക്ലാസ് പി. ടി. എ യോഗം ചേർന്നു. വിദ്യാലയത്തിലെ 6 കുട്ടികൾക്ക്

സംസ്ഥാന ബാസ്ക്കറ്റ് ബോൾ ടൂർണമെന്റിലേക്ക് സെലക്ഷൻ ലഭിച്ചു. സ്കൂൾ ഹരിത ക്യാമ്പസ് ആയി പ്രഖ്യാപിച്ചു. ഉപജില്ലാ പ്രവൃത്തിപരിചയ മേളയിൽ രണ്ടാം സ്ഥാനവും ഗണിതശാസ്ത്രമേളയിൽ അഞ്ചാം സ്ഥാനവും കരസ്ഥമാക്കി.

**XI സെന്റ് തോമസ് യു. പി. സ്കൂൾ തവിഞ്ഞാൽ**

പി. ടി. എ യുടെ നേതൃത്വത്തിൽ അധ്യാപകദിനം ആഘോഷിച്ചു. 'അറിവിൽ ഉയരാം' ദിനപത്ര കിസ് സംഘടിപ്പിച്ചു. ഓണാഘോഷപരിപാടികൾ സംഘടിപ്പിച്ചു. പബ്ലിക് ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ വായനോത്സവം സംഘടിപ്പിച്ചു.

**XII സെന്റ് ജോസഫ്സ് ടി. ടി. ഐ മാനന്തവാടി**

റെസ്ലിങ് ചാമ്പ്യൻഷിപ്പിൽ ജില്ലാ സംസ്ഥാനതലങ്ങളിൽ വിജയം നേടി. ഗാന്ധിജയന്തി ദിനത്തിന്റെ ഭാഗമായി വിദ്യാലയവും പരിസരവും വൃത്തിയാക്കി. സ്കൂൾതല കലാമേള, നഴ്സറി കലോത്സവം എന്നിവ നടത്തി. ഉപജില്ലാ ശാസ്ത്രമേളയിൽ മൂന്നാം സ്ഥാനം നേടി.

**XIII സെന്റ് മേരീസ് യു. പി. സ്കൂൾ തരിയോട്**

രക്ഷിതാക്കൾക്കായി മോട്ടിവേഷൻ ക്ലാസ് നടത്തി. സ്കൂൾതല കായികമേള നടത്തി. ഉറുദുദിനം സംഘടിപ്പിച്ചു.

**ഹൈസ്കൂൾ വിഭാഗം**

**I സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

വിദ്യാലയത്തിനായി നിർമിച്ച ഇൻഡോർ സ്റ്റേഡിയത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. ഉപജില്ലാ ജില്ലാതലങ്ങളിൽ നടത്തിയ വിവിധ കിസ് മത്സരങ്ങളിൽ വിദ്യാർത്ഥികൾ വിജയം കൈവരിച്ചു. വൈത്തിരി ഉപജില്ലാ ഫുട്ബോൾ ടീമിലേക്ക് വിദ്യാർത്ഥികൾ യോഗ്യത നേടി. വിവിധ കായികമത്സരങ്ങളിൽ വിദ്യാർത്ഥികൾ നേട്ടങ്ങൾ കൈവരിച്ചു. വിദ്യാലയത്തിൽവെച്ചു നടത്തപ്പെടുന്ന ജില്ലാതല കലാമേളയുടെ സ്വാഗതസംഘം രൂപീകരിച്ചു.

**II സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്കായി അവധിക്കാല ക്യാമ്പ് നടത്തി. ഒന്നാം പാദവാർഷിക മൂല്യനിർണയ വിലയിരുത്തലിനായി രക്ഷാകർതൃയോഗം ചേർന്നു. ഉപജില്ലാതല ശാസ്ത്രമേളയിൽ യു.പി ഗണിതവിഭാഗത്തിൽ സെക്കൻഡ്

റണ്ണേഴ്സ് അപ്പ് ജേതാക്കളായി. വിദ്യാലയത്തിൽവെച്ചു നടത്തപ്പെടുന്ന ഉപജില്ലാതല കലാമേളയുടെ സ്വാഗതസംഘം രൂപീകരണയോഗം ചേർന്നു .

**III ഐ. ജെ. എം. ഹൈസ്കൂൾ കൊട്ടിയൂർ**

സ്കൗട്ട്, ഗൈഡ് ദ്വിദിന ക്യാമ്പ് നടത്തി. ഉപജില്ലാതലത്തിൽ നടന്ന വിവിധ മത്സരങ്ങളിൽ വിദ്യാർത്ഥികൾ വിജയികളായി. ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്കായി ഏകദിന ക്യാമ്പ് നടത്തി. ക്ലാസ് പി. ടി. എ ചേർന്ന് വിദ്യാർത്ഥികളുടെ പഠനനിലവാരം വിലയിരുത്തി.

**IV സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്**

സ്കൂൾതല കലാ കായിക മേളകൾ നടത്തി. വിവിധ മത്സരങ്ങളിൽ വിദ്യാർത്ഥികൾ വിജയം നേടി.

**V ഫാ. ജി. കെ. എം. ഹൈസ്കൂൾ കണിയാരം**

പി. ടി. എ യുടെ നേതൃത്വത്തിൽ അധ്യാപകദിനം ആചരിച്ചു. സ്കൂൾതല കായികമേള നടത്തി. ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിയ മത്സരങ്ങളിൽ നേട്ടങ്ങൾ കൈവരിച്ചു. SPC വിദ്യാർത്ഥികൾക്കായി ക്യാമ്പ് നടത്തി. മാനന്തവാടി നഗരസഭ നിർമിച്ചുനൽകിയ വാട്ടർ കിയോസ്കിന്റെയും വാഷ്ബേയുടെയും ഉദ്ഘാടനം നിർവഹിച്ചു.

**VI അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

ഉപജില്ലാതല ശാസ്ത്രോത്സവത്തിന് വിദ്യാലയം വേദിയായി. പഠനനിലവാര അവലോകനത്തിനായി ക്ലാസ് പി. ടി. എ ചേർന്നു. പച്ചക്കറികൾ നട്ടുപിടിപ്പിക്കാനായി സ്കൗട്ട് ഗൈഡ് വിദ്യാർത്ഥികൾ ഗ്രോ ബാഗ് നിർമിച്ചു. സംസ്ഥാനതല സയൻസ് സെമിനാറിൽ പങ്കെടുക്കാൻ വിദ്യാർത്ഥി അർഹത നേടി. സീഡ് പ്രവർത്തനങ്ങളുടെ ഭാഗമായി സീറോ വേസ്റ്റ് ആശയം അവതരിപ്പിച്ചു.

**VII സി. കെ. എച്ച്. എസ്. മണിമൂളി**

സംസ്ഥാന ബാസ്ക്കറ്റ് ബോൾ മത്സരത്തിലേക്കും ജില്ലാതല കരാട്ടെ ചാമ്പ്യൻഷിപ്പിലേക്കും വിദ്യാർത്ഥികൾ തിരഞ്ഞെടുക്കപ്പെട്ടു. ഉപജില്ലാതല ശാസ്ത്രമേളക്ക് വിദ്യാലയം വേദിയായി. SEED പുരസ്കാരം ഏറ്റുവാങ്ങി. വഴിക്കടവ് പഞ്ചായത്തിലെ ഹരിതവിദ്യാലയമായി തിരഞ്ഞെടുക്കപ്പെട്ടു.

**VIII സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി**

മാലിന്യമുക്ത നവകേരളം പ്രവർത്തനങ്ങളുടെ ഭാഗമായി കിസ് മത്സരം, പോഷൺ മാ പ്രവർത്തനങ്ങളുടെ ഭാഗമായി ഉപന്യാസ മത്സരം, വാങ്മയം സർഗപ്രതിഭ പരീക്ഷ എന്നിവ നടത്തപ്പെട്ടു. സേവനദിനം ആചരിച്ചു. സ്കൂൾ കായികമേള നടത്തി.

**IX നിർമല ഹൈസ്കൂൾ കബനിഗിരി**

വിദ്യാലയത്തിലെ 15 വിദ്യാർത്ഥികളും 2 അധ്യാപകരും കലക്ടറുമായി അഭിമുഖം നടത്തി. ഉപജില്ലാതല ഗണിതശാസ്ത്രമേളയിൽ വിദ്യാലയം മൂന്നാം സ്ഥാനം കരസ്ഥമാക്കി.

**ഹയർസെക്കണ്ടറി വിഭാഗം**

**I സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ കല്ലോടി**

വിദ്യാലയത്തിന്റെ സുവർണ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി. കായികമേള നടത്തി. ഉപജില്ലാതല ശാസ്ത്ര മേളയിൽ മികച്ച വിജയം കരസ്ഥമാക്കി. പച്ചക്കറിത്തോട്ടം, വാഴത്തോട്ടം എന്നിവ നിർമിച്ചു. നേതൃത്വ പരിശീലന ക്യാമ്പ് നടത്തി. NSS ന്റെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കി.

**II സെന്റ് കാതറൈൻസ് ഹയർസെക്കണ്ടറി സ്കൂൾ പയ്യമ്പള്ളി**

ഒന്നാം പാദവാർഷിക മൂല്യനിർണയം നടത്തി. ഓണാഘോഷത്തിന്റെ ഭാഗമായി വിവിധ മത്സരങ്ങൾ നടത്തി.

**III ഐ. ജെ. എം. ഹയർസെക്കണ്ടറി സ്കൂൾ കൊട്ടിയൂർ**

NSS ദിനാചരണം സംഘടിപ്പിച്ചു. NSS വളണ്ടിയേഴ്സിനായി ഏകദിന ക്യാമ്പ് നടത്തി. ഉപജില്ലാ വോളിബോൾ ടീമിലേക്ക് വിദ്യാർത്ഥികൾ തിരഞ്ഞെടുക്കപ്പെട്ടു. ലോക വയോജനദിനം ആചരിച്ചു. സ്കൂൾ കായികമേള നടത്തി. രക്ഷിതാക്കൾക്ക് മോട്ടിവേഷൻ ക്ലാസ് നൽകി. ഉപജില്ലാതല നീന്തൽ മത്സരത്തിൽ വിവിധയിനങ്ങളിൽ വിജയം കൈവരിച്ചു.

**IV ഫാ. ജി. കെ. എം. ഹയർസെക്കണ്ടറി സ്കൂൾ കണിയാരം**

ഹരിതകർമ സേനയോടൊപ്പം ചേർന്ന് വിദ്യാർത്ഥികൾ വീടുകൾ സന്ദർശിച്ചു സേവനം ചെയ്തു. വിദ്യാർത്ഥികൾക്കായി

ബോധവത്കരണ ക്ലാസ് നടത്തി. NSS വിദ്യാർത്ഥികൾ വയനാട് മെഡിക്കൽ കോളേജിലെ കാത്ത് ലാബ് ശുചീകരണം നടത്തി. മാലിന്യമുക്ത നവകേരള ക്യാമ്പയിന്റെ ഭാഗമായി വിളംബര ജാഥ നടത്തി. ഗാന്ധിജയന്തിദിനത്തിൽ മാനന്തവാടി ടൗൺ വൃത്തിയാക്കി. ലഹരിവസ്തുക്കൾക്കെതിരെ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി. വയനാട് ജില്ലാ പവർ ലിഫ്റ്റിങ് ചാമ്പ്യൻഷിപ്പ്, അമച്വർ ബോക്സിങ് എന്നിവയിൽ വിദ്യാർത്ഥികൾ സ്വർണമെഡൽ നേടി. ഉപജില്ലാതല ശാസ്ത്രോത്സവത്തിൽ വിജയം കൈവരിച്ചു.

ഉപജില്ലാതല ശാസ്ത്രോത്സവങ്ങളിലും കായികമേളകളിലും പങ്കെടുത്ത് വിജയങ്ങൾ കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കും അവരെ അതിനായി പ്രാപ്തരാക്കിയ അധ്യാപകർക്കും രക്ഷിതാക്കൾക്കും അഭിനന്ദനങ്ങൾ.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

**ജർമ്മൻ പ്രോഗ്രാം**

ഇക്കഴിഞ്ഞ മാസത്തിൽ വന്ന റിസൾട്ടുകളിൽ ഫെഡാർ ലാംഗ്വേജ് സ്കൂളുകളിൽ പഠിച്ച കുട്ടികളിൽ 5 B1 GOETHE ഫുൾ മോഡ്യൂളുകളും 5 B2 ഫുൾമോഡ്യൂളുകളും ലഭിച്ചു. വിജയിച്ച B1 കുട്ടികൾ നിലവിൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിച്ചുകൊണ്ടിരിക്കുന്ന നഴ്സുമാരാണ്. ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ പരീക്ഷ എഴുതി ഫുൾ മൊഡ്യൂൾ പാസ്സ് ആയി എന്നത് അഭിമാനകരമാണ്. പുതിയ A1 ബാച്ച് നവംബർ മാസത്തിൽ ആരംഭിക്കുന്നതാണ്.

**മൈഗ്രേഷൻ പ്രോഗ്രാം**

ഫെഡാർ മൈഗ്രേഷൻ പ്രോഗ്രാം വഴി ഈ വർഷം 44 കുട്ടികൾ വിവിധ വിസകളിലായി ജർമ്മനിയിൽ എത്തിച്ചേർന്നു. മൈഗ്രേഷൻ പ്രോഗ്രാമിന്റെ ഭാഗമായി ഫെഡാർ ഫൗണ്ടേഷൻ CEO ഫാ. നോബിൾ, ഫെഡാർ ജർമ്മൻപ്രോഗ്രാം ജനറൽ മാനേജർ ഫാ. ജിഫിൻ എന്നിവർ ജർമ്മൻ വിസിറ്റ് നടത്തി. ഫെഡാർ സംവിധാനവുമായി ചേർന്ന് പ്രവർത്തിക്കുന്ന പതിനൊന്നോളം പാർട്ണേർസുമായി ബഹുമാനപ്പെട്ട അച്ചന്മാർ കൂടിക്കാഴ്ച നടത്തി. വിവിധ വിസകളിൽ അവിടെ എത്തിച്ചേർന്ന കുട്ടികളെ കാണുകയും സുഖവിവരങ്ങൾ അന്വേഷിച്ചറിയുകയും ചെയ്തു.

**ഫെഡാർ കണക്ട്**

ബാംഗ്ലൂരിൽ നേഴ്സിങ് പഠനത്തിന് പോകുന്ന GNM കുട്ടികളുടെ ക്ലാസുകൾക്ക് മുമ്പുള്ള ഓറിയന്റേഷൻ പ്രോഗ്രാം Med Pro GNM സെപ്റ്റംബർ 25 ന് നടത്തപ്പെട്ടു. ഫെഡാറിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായ കാര്യങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് എല്ലാ പള്ളികളിലേക്കും കത്തുകൾ അയച്ചു.

ഫെഡാർ കണക്ടിന്റെ "Be with the Children" പദ്ധതിയുടെ ഭാഗമായി രൂപതയിലെ പ്ലസ് വൺ പഠനം നടത്തുന്ന 1376 കുട്ടികളെയും പ്ലസ് ടു പഠനം നടത്തുന്ന 1470 കുട്ടികളെയും ബഹുമാനപ്പെട്ട SKD സിസ്റ്റേഴ്സിന്റെ നേതൃത്വത്തിലുള്ള ടീം ഫോണിലൂടെ ബന്ധപ്പെട്ടു.

**ഫാ. അരുൺ മഠത്തിപറമ്പിൽ**
ജി.എം. ഫെഡാർ ഫൗണ്ടേഷൻ

## അറിയിപ്പ്

**സുൽത്താൻ ബത്തേരി: അസംപ്ഷൻ ഹോസ്പിറ്റൽ**

# മാനസികാരോഗ്യ വിഭാഗം
# Child Psychiatric Clinic ആരംഭിച്ചിരിക്കുന്നു

18 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്കും കൗമാര പ്രായക്കാർക്കുമായി **Child Psychiatric Clinic** ആരംഭിച്ചിരിക്കുന്നു.

കുട്ടികളിൽ കണ്ടുവരുന്ന ഓട്ടിസം, ശ്രദ്ധക്കുറവ്, പഠന വൈകല്യം. സ്വഭാവ വൈകല്യം, ബുദ്ധിവൈകല്യം, ഇന്റർനെറ്റ് അഡിക്ഷൻ, ലഹരിയുടെ ഉപയോഗം, അനിയന്ത്രിതമായ കോപം, ഉത്കണ്ഠ, ഡിപ്രഷൻ തുടങ്ങിയ മാനസിക പ്രശ്നങ്ങൾക്ക് സമഗ്രമായ മാനസികാരോഗ്യ വിദഗ്ദ്ധ ചികിത്സ ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോട് കൂടിയാണ് ഈ ക്ലിനിക്ക് പ്രവർത്തിക്കുക. കൗൺസിലിംഗ്, **IQ, Psychological Tests & Behavioral Assessments** തുടങ്ങിയവ ഇവിടെ ലഭ്യമാകുന്നതാണ്.

അസംപ്ഷൻ ചൈൽഡ് സൈക്യാട്രി ക്ലിനിക്കിന്റെ പ്രവർത്തനം എല്ലാ മാസവും രണ്ടാം ശനിയാഴ്ച രാവിലെ പത്തു മണി മുതൽ രണ്ട് മണിവരെ ആയിരിക്കും.

അസംപ്ഷൻ ചൈൽഡ് സൈക്യാട്രി ക്ലിനിക്കുമായി ബന്ധപ്പെടുവാൻ വിളിക്കേണ്ട നമ്പർ.

1) Sr. Dr. Liz Mathew Kollarthottam SH, Psychiatrist
   Mob: 7829568519
2) Sr. Aleena Kuzhikandathil SH, Clinical Psychologist
   Mob: 9947940911

**Office:** 04936222283, 9562902283.

# Bishop's Programme



***November 2024***

| | |
|---|---|
| *3 Sunday: .....* | *Mount Mary College: Benefactors' Day* |
| *5 Tuesday: .....* | *Kottayam* |
| *6 Thursday: .....* | *Pala* |
| *8 Friday: .....* | *Engaged* |
| *9 Saturday: .....* | *Dwaraka: Meeting with Mathruvedi Executive* |
| *10 Sunday: .....* | *Kannur: Episcopal Ordination of Bishop-elect Rev Msgr Dennis Kuruppasserry* |
| *11 Monday: .....* | *Dwaraka: Priests' Conference* |
| *13 Wednesday: .....* | *Bishops House: Deacons' Parents Meet* |
| *14 Thursday .....* | *FEDAR Governing Body* |
| *15 Friday: .....* | *Morning: FEDAR- Catechism Meeting* |
| *Afternoon:.....* | *Blessing of St Joseph's Hospital Annexe* |
| *16 Saturday: .....* | *Inauguration of St Joseph's Hospital Annexe* |
| *17 Sun- 30 Sat: .....* | *Abroad* |

***December 2024***

| | |
|---|---|
| *1 Sun - 02 Mon: .....* | *Abroad* |
| *3 Tue - 6 Fri: .....* | *Palarivattom: KCBC* |
| *11 Wednesday: .....* | *Dwaraka: Meeting with Marian Singles Community* |
| *17 Tue: .....* | *Dwaraka: SH Synaxis* |
| *25 Saturday .....* | *Cathedral: Christmas* |
| *28 Sat: .....* | *Dharmagiri: Ordination of Deacon Bobby Palakkuzha* |
| *29 Sunday: .....* | *Cathedral: Opening of Jubilee Door* |
| *30 Monday: .....* | *Irulam: Ordination of Deacon Joseph Poochalikalathil O. P raem* |

# Auxiliary Bishop's Programme

***November 2024***

| | |
|---|---|
| *01 Friday: .....* | *Engaged* |
| *02 Saturday: .....* | *Pathenpara* |
| *03 Sunday: .....* | *Kothamangalam: Holy Mass* |
| *06 Wed- 07 Thur: .....* | *Kakkanad: KST* |
| *10 Sunday: .....* | *Kannur: Episcopal Ordination* |
| *11 Monday: .....* | *Priests' Conference* |
| *14 Thursday: .....* | *Kayyunni: School Anniversary* |
| *14 Thur-20 Wed: .....* | *FCC: Retreat* |
| *15 Friday: .....* | *Blessing of St. Joseph's Hospital Annexe* |
| *16 Saturday: .....* | *Inauguration of St. Joseph's Hospital Annexe* |
| *21 Thursday: .....* | *Kalpetta: Pio Bhavan* |
| *24 Sunday: .....* | *Chettiamparambu: Holy Mass* |
| *27 Wednesday: .....* | *MMC: Home Day* |
| *28 Thursday: .....* | *Thalassery: Provincial Curia Meeting* |
| *30 Saturday: .....* | *Seethamount: House warming* |

***December***

| | |
|---|---|
| *01 Sunday: .....* | *Dharmagiri: Pastoral Visit* |
| *03 Tue-5 Thur: .....* | *POC: KCBC Meeting* |
| *08 Sunday: .....* | *Thalipadam: Pastoral Visit* |
| *15 Sunday: .....* | *Palankara: Pastoral Visit* |

| | |
|---|---|
| *20 Friday: .....* | *Peruvannamuzhy: Shalom* |
| *22 Sunday: .....* | *Puthiyidom: Pastoral Visit* |
| *26 Thursday: .....* | *Kallumukku: Ordination:* |
| | *Dn. Christy Poothakuzhy* |
| *28 Saturday: .....* | *Kalluvayal: Ordination:* |
| | *Dn Albin Parekkattil OSB* |
| *29 Sunday: .....* | *Santhigiri: Pastoral Visit* |
| *30 Monday: .....* | *Pathenpara: Ordination: Dn Augustine* |
| | *Karakkattu MCBS* |